
# കുടുംബജ്യോതി 2025

SINCE 1982
ജൂൺ • പുസ്തകം 43 • ലക്കം 06




## എല്ലാവരുടെയും പാപ്പാ

# ഉള്ളടക്കം

# contents




06 എല്ലാവരുടെയും പാപ്പാ
*പ്രിൻസ് തെക്കേപ്പുറം CSsR*

15 ഐക്യത്തിന്റെ പുളിമാവാകാം, പരസ്പരം സ്നേഹിക്കാം
*ലെയോ പതിനാലാമൻ പാപ്പാ*

18 മാറാത്ത കോളജുകൾക്ക് ഇനി നിലനില്പില്ല
*ഡോ. ജാൻസൻ ജോസഫ്*

24 മഴയാണേ, സൂക്ഷിക്കണേ...
*അഖിൽ അശ്വിൻ*

30 കരുത്തു തെളിയിച്ച് ഓപ്പറേഷൻ സിന്ദൂർ
*റ്റി.സി മാത്യു*

34 ക്ഷയരോഗം ഇപ്പോഴുമുണ്ടോ?
*ഡോ. സോണിയ സ്കറിയ*

38 ഹൃദയത്തിലേക്ക് മടങ്ങാം
*സി. ജോയ്സ് മരിയ എസ്.എച്ച്*

49 പരിശുദ്ധ അമ്മ നമ്മോടു പറയുന്നത്
*ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ*


**സ്ഥിരംപംക്തികൾ**


04 *മുഖപ്രസാദം*
ഐക്യത്തിന്റെ സന്ദേശവുമായി ലെയോ പതിനാലാമൻ

36 *ഗുരുമൊഴി*
അനുഭവങ്ങൾ പാഠങ്ങൾ
ടി.എസ് ബിജു

40 *മരിയൻ ദർശനം*
ഗാരബന്താളിലെ മാതാവ്
ബിജു സെബാസ്റ്റ്യൻ

42 *പേരന്റിംഗ്*
മക്കൾ വാശിപിടിക്കുമ്പോൾ
അലൻ തോമസ്

44 *പുതിയനിയമത്തിലെ കുടുംബദർശനം*
കുടുംബം കൂട്ടായ്മയുടെ പരിശീലനക്കളരി
*ഡോ. തോമസ് വള്ളിയാനിപ്പുറം*

50 *പുറംവാതിൽ*
ഒരു നാടൻ വേടൻ
*ജെ. മണക്കുന്നേൽ*


*കഴിഞ്ഞ ലക്കത്തിൽ റവ. ഡോ. ജോർജ് ഓലിയപ്പുറവുമായുള്ള അഭിമുഖം തയാറാക്കിയത് ജോൺസൺ വേങ്ങത്തടമാണ്. പേര് തെറ്റായി ചേർത്തതിൽ ഖേദിക്കുന്നു.*




To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.



ചീഫ് എഡിറ്റർ
**ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്**

മാനേജിംഗ് എഡിറ്റർ
**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**

സർക്കുലേഷൻ മാനേജർ
**ജോസി ജോസഫ് ആലഞ്ചേരി**
**ഫോൺ: 8921677078**

പത്രാധിപസമിതി
**മാർ തോമസ് തറയിൽ**
**ഡോ. ജോസഫ് പാറയ്ക്കൽ**

മുഖചിത്രം. ലെയോ മാർപാപ്പാ

ആശയം, രൂപകല്പന. സലിമോൻ, കോട്ടയം
അക്ഷരവിന്യാസം. മനോജ് വർഗീസ്

മുദ്രണം. സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101


ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

www.kudumbajyothis.com

# ഐക്യത്തിന്റെ സന്ദേശവുമായി ലെയോ പതിനാലാമൻ

'എല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.' മേയ് എട്ട് വ്യാഴാഴ്ച സായാഹ്നത്തിൽ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തന്റെ ആദ്യത്തെ ഉർബി എത് ഓർബി (നഗരത്തിനും ലോകത്തിനും) ആശീർവാദത്തിനായി കാത്തുനിന്നവരോടു പുതിയ മാർപാപ്പാ പറഞ്ഞ ആദ്യവാക്കുകൾ സമാധാന ആശംസയായിരുന്നു. ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം. അദേഹം അവസാനിപ്പിച്ചത് ഇങ്ങനെ: 'ദൈവം നമ്മെ പരിപാലിക്കുന്നു; നമ്മൾ എല്ലാവരെയും സ്നേഹിക്കുന്നു. തിന്മ വിജയിക്കുകയില്ല. നമ്മൾ എല്ലാവരും ദൈവത്തിന്റെ കരങ്ങളിലാണ്. അതിനാൽ ദൈവത്തോടും നമ്മൾ തമ്മിലും കരങ്ങൾ കോർത്ത്, ഭയമില്ലാതെ നമുക്കു മുന്നേറാം.'

തനിക്കുവേണ്ടി ഒന്നും ചോദിക്കാത്ത മാർപാപ്പാ യുടെ വ്യത്യസ്തമായ ആദ്യപ്രസംഗമായിരുന്നു അത്. ഒപ്പം, എല്ലാം ദൈവത്തിൽ അർപ്പിച്ചു ധീരമായി മുന്നോട്ടു പോകുന്ന വിശ്വാസിയുടെ യാത്രയുടെ തുടക്കവും. കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത്, ലെയോ പതിനാലാമൻ എന്ന പേരു സ്വീകരിച്ച് സാർവത്രികസഭയുടെ തലവനായി.

പുതിയ പാപ്പാ ലെയോ എന്ന പേര് സ്വീകരിച്ചത് ധാരാളം വിശകലനങ്ങൾക്കു വഴിതെളിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിലെ രണ്ടാം വ്യവസായ വിപ്ലവകാലത്തു ക്രൂരമായി ചൂഷണം ചെയ്യപ്പെട്ട തൊഴിലാളികളുടെ  അവകാശങ്ങൾ എടുത്തുപറഞ്ഞ് അവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച മാർപാപ്പായാണ് ലെയോ പതിമൂന്നാമൻ (1810-1903, പൊന്തിഫിക്കേറ്റ്: 1878-1903). ഇരുപതാം നൂറ്റാണ്ടിലേക്കു സഭയെ നയിച്ച അദേഹം 1891ൽ എഴുതിയ റേരും നൊവാരും (പുതിയ കാര്യങ്ങളെപ്പറ്റി) എന്ന ചാക്രികലേഖനം സഭയ്ക്കു വ്യക്തമായ സാമൂഹികദർശനം നല്കുന്ന ആദ്യ പ്രമാണരേഖയായി. തന്റെ വാഴ്ചക്കാലത്ത്, സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം സംബന്ധിച്ച പല തർക്കവിഷയങ്ങളിലും ലെയോ പതിമൂന്നാമൻ വ്യക്തത വരുത്തിയിട്ടുണ്ട്. പിന്നീടു പല പിതാക്കന്മാരും റേരും നൊവാരുമിന്റെ വാർഷികാവസരങ്ങളിൽ ആനുകാലികമായി പരിഷ്കരിച്ച സാമൂഹികപഠനങ്ങൾ അവതരിപ്പിച്ചു. ആ മാർപാപ്പായെ പിഞ്ചെന്നു സാമൂഹികനീതിയുടെ പാതയിലൂടെ നടക്കാനാണ് ഫ്രാൻസിസ് മാർപാപ്പായുടെ പിൻഗാമി ആഗ്രഹിക്കുന്നത് എന്നു പലരും വ്യാഖ്യാനിച്ചു. അതു ശരിയാണെന്ന് പിന്നീടു പിതാവ് നടത്തിയ പ്രസംഗങ്ങൾ  വ്യക്തമാക്കി. നിർമിതബുദ്ധിയുടെ കാലത്ത് (നാലാമത്തെ വ്യവസായ വിപ്ലവം എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്) മനുഷ്യമഹത്വത്തെ ഉയർത്തിപ്പിടിക്കാനും മാനവികതയുടെ കീർത്തനം ആലപിക്കാനുമുള്ള ദൗത്യമാണ് തന്നിൽ ഏല്പിക്കപ്പെട്ടിരിക്കുന്നത് എന്നു മനസിലാക്കിയാണ് പതിനാലാം ലെയോ പാപ്പാ സഭാസാരഥ്യം ഏറ്റെടുത്തിരിക്കുന്നത്.

സെന്റ് അഗസ്റ്റിന്റെയും സെന്റ് തോമസ് അക്വിനാസിന്റെയും രചനകളിലാണ് സഭയുടെ പഠനങ്ങൾക്കുള്ള ദാർശനിക അടിത്തറ എന്നു മനസിലാക്കി, ആ പഠനങ്ങളുടെ സംശോധനം ഉറപ്പാക്കിയ മാർപാപ്പായാണ് ലെയോ പതിമൂന്നാമൻ. വിശ്വാസത്തിലും സഭാപഠനങ്ങളിലും കർശനനിലപാടാണ് അദേഹം പുലർത്തിയിരുന്നത്. ലെയോ പതിനാലാമനും, പഠനങ്ങളിൽ ദാർഢ്യം നിലനിർത്തണം എന്ന നിലപാടുകാരനാണ്. സഭാപഠനങ്ങളിലെയും സമീപനങ്ങളിലെയും ദാർഢ്യത്തെ പലപ്പോഴും വിമർശിച്ച ഫ്രാൻസിസ് പാപ്പായിൽനിന്ന് അദേഹത്തെ വ്യത്യസ്തനാക്കുന്ന ഒരു കാര്യം അതാണ്.

ഈ പേര് ആദ്യം സ്വീകരിച്ച മഹാനായ ലെയോ മാർപാപ്പാ (391-460, പൊന്തിഫിക്കേറ്റ്: 440-460) സഭാചരിത്രത്തിൽ പ്രത്യേകം സ്മരണീയനാണ്. സഭയുടെ മൽപാന്മാരിൽ ഉൾപ്പെടുത്തി ആദരിക്കുന്ന ലെയോ ഒന്നാമൻ കാൽസിദോനിയ സൂനഹദോസിന്റെ ക്രിസ്തുശാസ്ത്രപഠനങ്ങൾ ക്രോഡീകരിച്ചു. ഹൂണ നേതാവായിരുന്ന ആറ്റിലയുടെ ആക്രമണത്തിൽനിന്നു റോമിനെ രക്ഷിച്ചതിൽ മഹാനായ ലെയോയുടെ പങ്കു വലുതാണ്.

ഇങ്ങനെ മഹത്തായ പൈതൃകം പേറുന്ന പേര് സ്വീകരിച്ച പുതിയ മാർപാപ്പായെ, പതിവുപോലെ ഏതെങ്കിലും കള്ളിയിൽ അകപ്പെടുത്തി മുദ്രകുത്താൻ മാധ്യമങ്ങൾ ശ്രമിക്കുന്നുണ്ട്. പുരോഗമനവാദിയോ യാഥാസ്ഥിതികനോ എന്നതാണ് എല്ലാവരുടെയും ആദ്യപരിശോധന. സഭയുടെ മുന്നിലെ നീറുന്ന പ്രശ്നങ്ങൾ എന്ന് അമേരിക്കൻ മാധ്യമങ്ങളും കുറേ സമൂഹമാധ്യമങ്ങളും കരുതുന്ന കാര്യങ്ങളിൽ അവർ ആഗ്രഹിക്കുന്ന നിലപാട് മാർപാപ്പാ എടുക്കണം എന്നതാണ് അവരുടെ ആവശ്യം. വനിതാപൗരോഹിത്യം, പുരോഹിത ബ്രഹ്മചര്യം, ലൈംഗികന്യൂനപക്ഷങ്ങളുടെ സഭാജീവിതം തുടങ്ങിയ വിഷയങ്ങളാണ് അവർ മുന്നോട്ടു വെക്കുന്നത്. പലതിന്റെയും ഗൗരവവും ആവശ്യവും പ്രസക്തിയും ലോകത്ത് എല്ലായിടത്തും ഒരുപോലെയല്ല. 140 കോടി സഭാംഗങ്ങളുടെയും അത്രതന്നെ വരുന്ന മറ്റു ക്രൈസ്തവരുടെയും

വിശ്വാസത്തെയും ധാർമികതയെയുംകൂടി പരിഗണിച്ചു മാത്രമേ കത്തോലിക്കാസഭയുടെ ഭൗതിക തലവന് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ. മാധ്യമസമ്മർദത്തിൽ തീരുമാനങ്ങൾ എടുത്ത ചില ക്രൈസ്തവവിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളും ലെയോ പതിനാലാമൻ കാണുന്നുണ്ട്.

സ്ഥാനാരോഹണ കുർബാനയ്ക്കിടെ സുവിശേഷപ്രസംഗത്തിൽ ലെയോ പതിനാലാമൻ ഇങ്ങനെ പറഞ്ഞു: 'പാപ്പാപദവിയുടെ രണ്ടു മാനങ്ങളിലും-സ്നേഹവും ഐക്യവും-വിശ്വാസികളുടെ ദാസനായിരിക്കാനും, അതുവഴി സഭ ലോകത്തിൽ സമാധാനത്തിന്റെ ശക്തിയായിരിക്കാനും ഞാൻ ആഗ്രഹിക്കുന്നു.'

അദേഹം തുടർന്നു വിശദീകരിച്ചു: 'നമ്മുടെ ഒന്നാമത്തെ വലിയ ആഗ്രഹം ഏകീകൃതസഭയാണ്; ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായ, അനുരഞ്ജനത്തിലാകുന്ന ലോകത്തിന്റെ പുളിമാവായ സഭ. ഇപ്പോഴും ലോകമെങ്ങും ഭിന്നതകളാലും അക്രമങ്ങളാലും വിദ്വേഷത്താലും മുൻവിധികളാലും ഉണ്ടാകുന്ന മുറിവുകളും, ഭൂമിയിലെ വിഭവങ്ങൾ ചൂഷണം ചെയ്യുകയും ദരിദ്രരെ പാർശ്വവത്കരിക്കുകയും ചെയ്യുന്ന സാമ്പത്തികക്രമവും നിലനില്ക്കുകയാണ്.'

സമൂഹത്തിലെ തിന്മകളുടെ ദുരിതം പേറുന്ന പെറുവിലെ ദരിദ്രർക്കിടയിൽ കാൽനൂറ്റാണ്ടോളം ജീവിച്ച ലെയോ പതിനാലാമൻ, ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മിഷനറി മാർപാപ്പായായാണ് തന്നെത്തന്നെ കാണുന്നത്. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ വിശ്വാസിസഞ്ചയത്തോടുള്ള ആദ്യപ്രസംഗത്തിൽ അദേഹം പറഞ്ഞു: 'പാലങ്ങൾ പണിയുകയും സംഭാഷണം നടത്തുകയും ചെയ്യുന്ന, നമ്മുടെ കാരുണ്യവും സാമീപ്യവും തേടി വരുന്ന എല്ലാവരെയും തുറന്ന കരങ്ങളോടെ സ്വീകരിക്കുന്ന ഈ ചത്വരം പോലെ, ഒരു മിഷനറിസഭയായിരിക്കാൻ നമ്മൾ പരിശ്രമിക്കണം.' അദേഹം തുടർന്നു: 'എല്ലായ്പോഴും സമാധാനം തേടുന്ന, എല്ലായ്പോഴും കാരുണ്യം തേടുന്ന, എല്ലായ്പോഴും പീഡിതരോടു സമീപസ്ഥമായ ഒരു സഭയാണ് ഞാൻ ആഗ്രഹിക്കുന്നത്.'

ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനിഷ് കുടുംബവേരുകളുമായി അമേരിക്കയിലെ ഷിക്കാഗോയിൽ ജനിച്ച റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത് വ്യത്യസ്തമായ വഴികളിലൂടെയാണു വത്തിക്കാനിൽ എത്തിയത്. വില്ലനോവ യൂണിവേഴ്സിറ്റിയിൽനിന്നു ഗണിതശാസ്ത്ര ബിരുദവും, കാത്തലിക് തിയോളജിക്കൽ യൂണിയനിൽനിന്നു ദൈവശാസ്ത്രത്തിൽ മാസ്റ്റേഴ്സും, റോമിലെ സെന്റ് തോമസ് അക്വിനാസ് യൂണിവേഴ്സിറ്റിയിൽനിന്നു കാനൻ നിയമത്തിൽ ഡോക്ടറേറ്റും നേടി. പെറുവിലെ സേവനത്തിനിടെ അഗസ്റ്റീനിയൻ സഭയുടെ സുപ്പീരിയർ ജനറൽ സ്ഥാനത്ത് രണ്ടുതവണ പ്രവർത്തിച്ചു. പിന്നീട് പെറുവിലെ ചിക്ലായോ രൂപതയുടെ ബിഷപ്പ് ആയി. 2023ൽ മെത്രാന്മാർക്കായുള്ള തിരുസംഘത്തിന്റെ പ്രീഫെക്ടും ലാറ്റിൻ അമേരിക്കയ്ക്കായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റുമായി ഫ്രാൻസിസ് മാർപാപ്പാ അദേഹത്തെ നിയമിച്ചു. അക്കൊല്ലംതന്നെ കർദിനാൾസംഘത്തിലേക്ക് ഉയർത്തപ്പെട്ടു.

ഫ്രാൻസിസ് മാർപാപ്പായുടെ പിൻഗാമി അദേഹത്തെ അന്ധമായി അനുകരിക്കുന്നില്ല. ആദ്യത്തെ പൊതുദർശനത്തിൽ സുവർണാലങ്കാരങ്ങളുള്ള ചുവന്ന വസ്ത്രം ധരിച്ചാണ് ലെയോ പാപ്പാ വന്നത്. അദേഹം അതിഥിമന്ദിരത്തിലല്ല, ഔദ്യോഗിക വസതിയിലായിരിക്കും താമസിക്കുക. തന്നെ പുരോഗമനവാദിയായി കാണുന്നവർക്കും അല്ലാത്തവർക്കും പിടികൊടുക്കാതെ, അവരുടെ കള്ളികളിൽ പെടാതെ സഭയുടെ പഠനങ്ങളിൽ നിലയുറപ്പിച്ചു മുന്നോട്ടു പോകാനാണ് ലെയോ പതിനാലാമൻ ഉദ്ദേശിക്കുന്നത്. വിവാദങ്ങളല്ല സംവാദങ്ങളാണു വേണ്ടതെന്ന് അദേഹം വിശ്വസിക്കുന്നു. അനുരഞ്ജനത്തെയും മുറിവുകൾ ഉണക്കുന്നതിനെയും പാലങ്ങൾ പണിയുന്നതിനെയുംപറ്റി അദേഹം ആവർത്തിച്ചു പറയുന്നത് അതുകൊണ്ടാണ്.



അഗസ്റ്റീനിയൻ സഭയിൽ നിന്നുള്ള ആദ്യ മാർപാപ്പായാണ് ലെയോ പതിനാലാമൻ. അഗസ്റ്റീനിയൻ സഭയുടെ സുപ്പീരിയർ ജനറൽ ആയിരിക്കെ ഇന്ത്യയിലും കേരളത്തിലും അദേഹം വന്നിട്ടുണ്ട്. സാർവത്രിക സഭയുടെ തലവൻ എന്ന നിലയിൽ ഇവിടെ അദേഹം വീണ്ടും വരുന്ന നാളുകൾക്കായി പ്രാർഥനയോടെ കാത്തിരിക്കാം. അതിനകം പാലങ്ങൾ പണിതും സംഭാഷണങ്ങൾ നടത്തിയും നമ്മുടെ സഭയും സഭാംഗങ്ങളും വലിയ മുക്കുവന്റെ പിൻഗാമിയുടെ അനുഗ്രഹദായകമായ സന്ദർശനത്തിന് ഒരുങ്ങട്ടെ. ○



പ്രിൻസ് തെക്കേപ്പുറം CSsR





# എല്ലാവരുടെയും പാപ്പാ



**നമുക്ക് ആദ്യം വാക്കുകളെ നിരായുധീകരിക്കാം. അപ്പോൾ ലോകംതന്നെ നിരായുധമാകും: ലെയോ പാപ്പാ**

'സമാധാനം നിങ്ങളോടുകൂടെ... പ്രിയപ്പെട്ടവരേ, നിങ്ങളോടൊപ്പം ഞാനൊരു ക്രിസ്ത്യാനിയാണ്; എന്നാൽ നിങ്ങൾക്കുവേണ്ടി ഞാനൊരു മെത്രാനുമാണ്.' പത്രോസിന്റെ 266-ാമത് പിൻഗാമി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ട സായാഹ്നത്തിൽ അദ്ദേഹത്തിന് ലോകത്തിനു നല്കാൻ ഉണ്ടായിരുന്നത് ഈ ആശംസയായിരുന്നു. പരമ്പരാഗതമായ പേപ്പൽ വസ്ത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട് ആശീർവാദം നല്കിയ ലെയോ പതിനാലാമൻ മാർപാപ്പാ എല്ലാവർക്കും എല്ലാമായിത്തീരുകയാണ്. കത്തോലിക്കാസഭയുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും നെഞ്ചിലേറ്റുന്നവർക്ക്, സ്വർലോക രാജ്ഞി ആനന്ദിച്ചാലും എന്ന ത്രികാല പ്രാർഥനാഗീതം മനോഹരമായ ശബ്ദത്തിൽ ലത്തീൻഭാഷയിൽ തന്നെ ആലപിക്കുന്ന ഒരു പാപ്പായെ ലഭിച്ചതിന്റെ




ചരിത്രത്തിലാ ദ്യമായി ഒരു അമേരിക്കൻ, അഗസ്തീനിയൻ സന്യാസി, വടക്കേ അമേരിക്കയിൽ ജനിച്ച് തെക്കേ അമേരിക്കയിൽ സേവനനിര തനായ മിഷനറി ആഗോള കത്തോലിക്കാ സഭയുടെ അമരത്തെ ത്തിയിരിക്കുന്നു!

ആനന്ദം; ആഗോള രാഷ്ട്രീയഭൂമികയിൽ മാർപാപ്പായുടെ സ്ഥാനം തെരയുന്നവർക്ക്, യുക്രേനിയൻ പ്രസിഡന്റ് സെലൻസ്കിയെ നേരിട്ടു വിളിച്ചു പിന്തുണ അറിയിക്കുന്ന ലോകനേതാവിനെ ലഭിച്ചതിന്റെ സന്തോഷം; ലോകമെങ്ങുമുള്ള മാധ്യമപ്രവർത്തകർക്ക് മടുപ്പുകൂടാതെ കേൾക്കാനും പ്രതികരിക്കാനും തയാറാകുന്ന ഒരു പാപ്പായെ അടുത്തുകാണാൻ സാധിച്ചതിന്റെ സംതൃപ്തി. അങ്ങനെ എല്ലാവർക്കും എല്ലാമായി തീരുകയാണ് ലെയോ പതിനാലാമൻ മാർപാപ്പാ.

**അപ്രസക്തമാകുന്ന പ്രവചനങ്ങൾ**

12 വർഷക്കാലം കത്തോലിക്കാസഭയെ നയിച്ച ഫ്രാൻസിസ് പാപ്പാ, ഏപ്രിൽ 21 തിങ്കളാഴ്ച രണ്ടുമാസത്തിലധികം നീണ്ട ശ്വാസകോശസംബന്ധിയായ രോഗങ്ങളെത്തുടർന്ന് നിര്യാതനായതുമുതൽ ശൂന്യമായ പത്രോസിന്റെ സിംഹാസനത്തിൽ, ക്രിസ്തുവിന്റെ വികാരിയായി സഭയെ നയിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഇടയന്റെ വിശേഷങ്ങൾ തപ്പിയെടുക്കാൻ മാധ്യമങ്ങൾ പണിപ്പെട്ടു. കാരണം ദിവസങ്ങൾ നീണ്ട മാധ്യമവിശകലനങ്ങളിലൊന്നും ഉയർന്നുവരാത്ത പേരായിരുന്നു കർദിനാൾ പ്രെവോസ്തിന്റേത്. പാപ്പായെ തെരഞ്ഞെടുക്കാനുള്ള ഇത്തവണത്തെ കോൺക്ലേവിൽ 80 വയസിൽ താഴെ പ്രായമുള്ള 135 പേർക്കായിരുന്നു വോട്ടവകാശം. എന്നാൽ ഇലക്റ്റേഴ്സ് ആയി 133 കർദിനാൾമാരാണ് കോൺക്ലേവിൽ പ്രവേശിച്ചത്. കെനിയയിൽനിന്നുള്ള കർദിനാൾ ജോൺ ഞ്ഞൂവേ, സ്പെയിനിൽനിന്നുള്ള കർദിനാൾ അന്തോണിയോ കഞ്ഞിസാരെസ് യോവേര എന്നിവർ ശാരീരികബുദ്ധിമുട്ടുകൾ മൂലം റോമിലെത്തിയില്ല.

സമീപകാലത്തെ ഏറ്റവും അംഗസംഖ്യ കൂടിയ കോൺക്ലേവ് ആണ് വത്തിക്കാനിൽ നടന്നത്. 71 രാജ്യങ്ങളിൽ നിന്നുള്ള

133 കർദിനാൾമാർ അതിൽ പങ്കെടുത്തു. അതിൽതന്നെ മംഗോളിയ, സെർബിയ, പരാഗ്വേ, സൗത്ത് സുഡാൻ, മ്യാൻമർ, ഹെയ്തി, ഈസ്റ്റ് ടിമോർ, സിംഗപ്പൂർ, കേപ്പ് വെർദെ, സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്ക്, പാപുവ ന്യു ഗിനിയ, മലേഷ്യ, സ്വീഡൻ, ലക്സംബർഗ് എന്നീ 14 രാജ്യങ്ങളിൽ നിന്നുള്ള കർദിനാൾമാർക്ക് ആദ്യമായാണ് കോൺക്ലേവിൽ പ്രാതിനിധ്യം കിട്ടുന്നത്.

വോട്ടവകാശം ഉള്ള 133 കർദിനാൾമാരിൽ 108 പേരെയും ഫ്രാൻസിസ് പാപ്പായാണ് തെരഞ്ഞെടുത്തത്. അതുകൊണ്ടുതന്നെ ഇവർക്കിത് ആദ്യത്തെ കോൺക്ലേവ് അനുഭവം ആയിരുന്നു. ഇക്കാര്യങ്ങളൊക്കെ വിശദമായ മാധ്യമശ്രദ്ധ പിടിച്ചുപറ്റിയപ്പോൾ, ഉയർന്നു വന്ന പേരുകളിൽ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി പിയത്രോ പരോളിനും ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസ് പ്രസിഡണ്ട് മത്തേയോ സൂപ്പിയുമൊക്കെ അതിലുണ്ടായിരുന്നു. പല പേരുകളും ഉയർത്തിയെങ്കിലും മാധ്യമങ്ങൾ ഒരു കാര്യത്തിൽ ഉറച്ചു നിന്നു; ഒരിക്കലും അമേരിക്കയിൽനിന്നും ഒരു മാർപാപ്പാ ഉണ്ടാവില്ല. നൂറ്റാണ്ടുകളായി മാധ്യമഭീമന്മാർക്കിടയിൽ പ്രചരിക്കുന്ന ഒരു പഴഞ്ചൊല്ലാണത്. കാരണം, ലോകം ഭരിക്കുന്ന രണ്ട് അധികാരകേന്ദ്രങ്ങൾ അമേരിക്കയ്ക്ക് ഉണ്ടാവില്ലത്രേ. പക്ഷെ സഭയെ നയിക്കുന്ന അദൃശ്യനായ ആ നേതാവിന്റെ പേര് പരിശുദ്ധാത്മാവ് എന്നാണെന്ന് അവർ മറന്നു.

**പാരമ്പര്യവാദിയോ പുരോഗമനവാദിയോ?**

റിപ്പബ്ലിക്കൻ, ഡെമോക്രാറ്റിക് പക്ഷങ്ങൾക്കിടയിൽ ചേരിതിരിഞ്ഞ അമേരിക്കൻ രാഷ്ട്രീയത്തിന്റെ മറപറ്റി ഇടതു, വലതു ചേരികളിൽ തളച്ചിടപ്പെടുന്ന



## ഹാബെമൂസ് പാപ്പാം

*'അനുൺച്യോ വോബിസ് ഗൗദിയും മാഞ്ഞും: ഹബേമൂസ് പാപ്പാം; നിങ്ങളെ ഏറ്റവും വലിയൊരു സന്തോഷവാർത്ത അറിയിക്കുന്നു, നമുക്ക് ഒരു പാപ്പായെ ലഭിച്ചിരിക്കുന്നു.' കർദിനാൾസംഘത്തിന്റെ പ്രോട്ടോ ഡീക്കൻ കർദിനാൾ ഡൊമിനിക് മമ്പെർത്തി റോമിനോടും ലോകം മുഴുവനോടും ലത്തീൻ ഭാഷയിൽ ഇക്കാര്യം വിളിച്ചു പറഞ്ഞപ്പോൾ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ മുഴങ്ങിയ കരഘോഷം ചരിത്രമായേക്കാവുന്ന ഒരു ശബ്ദഘോഷമാണെന്ന് അധികമാരും ഓർത്തുകാണില്ല. വിശ്വാസിസമൂഹത്തിന്റെ ആഹ്ലാദാരവം തെല്ലൊന്നടങ്ങാൻ കാത്തുനിന്നിട്ട് അദേഹം ആ പേര് പ്രഖ്യാപിച്ചു; കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത്. ഇനി മുതൽ ലെയോ പതിനാലാമൻ എന്ന പേരിൽ അദേഹം അറിയപ്പെടും. ക്ഷമയോടെ കാത്തുനിന്ന ഒന്നരലക്ഷത്തോളം ആളുകളിൽനിന്ന് ദിഗന്തങ്ങൾ മുഴങ്ങുന്ന ആരവം പുറപ്പെട്ടു.*

*ചരിത്രത്തിലാദ്യമായി ഒരു അമേരിക്കൻ, അഗസ്റ്റീനിയൻ സന്യാസി, വടക്കേ അമേരിക്കയിൽ ജനിച്ച് തെക്കേ അമേരിക്കയിൽ സേവനനിരതനായ മിഷനറി ആഗോള കത്തോലിക്കാസഭയുടെ അമരത്തെത്തുന്നു! 267-ാമത് മാർപാപ്പായെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിന്റെ രണ്ടാം ദിവസം മൂന്നാം ബാലറ്റിൽതന്നെ അദേഹം തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. മെയ് എട്ടിനു വത്തിക്കാൻ സമയം വൈകുന്നേരം 6.09നാണ് സിസ്റ്റൈൻ ചാപ്പലിലെ ചിമ്മിനിയിലൂടെ തെരഞ്ഞെടുപ്പ് വിളിച്ചറിയിച്ചുകൊണ്ടു വെളുത്ത പുക ഉയർന്നത്. തുടർന്ന് സന്തോഷവാർത്ത അറിയിച്ച് ആദ്യം വത്തിക്കാൻ ബസിലിക്കയിലും പിന്നീട് റോമിലെ മറ്റു ബസിലിക്കകളിലും ദേവാലയമണികൾ സംഗീതം മുഴക്കി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ കർദിനാൾ സംഘത്തിലെ ഇലക്റ്റേഴ്സ് അല്ലാത്തവർ വത്തിക്കാൻ ചത്വരത്തിലെത്തി മുൻനിരയിൽ നിലകൊണ്ടു. പുതിയ മാർപാപ്പായുടെ വരവ് അറിയിച്ചുകൊണ്ടു സ്വിസ് ഗാർഡ്സിന്റെ പരമ്പരാഗതമായ സ്വിസ് ബാൻഡ് സെന്റ് പീറ്റേഴ്സ് അങ്കണത്തിൽ വാദ്യഘോഷങ്ങൾ മുഴക്കാനാരംഭിച്ചു.*




**ഇന്ത്യയുൾപ്പെടെ യുദ്ധഭീതിയിൽ കഴിയുന്ന രാജ്യങ്ങളുടെ സമാധാനത്തിനു വേണ്ടി ഉറപ്പുള്ള ശബ്ദത്തിൽ സംസാരിക്കുന്ന മാർപാപ്പാ ലോകം മുഴുവന്റെയും പാപ്പാ ആവുകയാണ്.**

ആഗോളരാഷ്ട്രീയത്തിന്റെ അടരുകളിലേക്ക് നൂറ്റാണ്ടുകളായി അണമുറിയാത്ത പേപ്പൽ തെരഞ്ഞെടുപ്പിനെയും ചേർത്തുവെച്ചു വിശകലനം ചെയ്യാൻ ഉദ്യമിച്ച മാധ്യമങ്ങൾ ചോദിച്ച ചോദ്യമിതായിരുന്നു: പുതിയ മാർപാപ്പാ പുരോഗമനവാദിയോ അതോ പാരമ്പര്യവാദിയോ?

പരമ്പരാഗത വസ്ത്രങ്ങൾ അണിഞ്ഞ് സഭാപിതാവായ അഗസ്റ്റിനോസിനെ കൂട്ടുപിടിച്ചു സംസാരിച്ച ലെയോ പതിനാലാമൻ, താൻ ഈ പേര് സ്വീകരിക്കാനുള്ള കാരണവും വ്യക്തമാക്കി. തൊഴിലാളികളുടെ വ്യക്തിത്വം നഷ്ടമാകാൻ തുടങ്ങിയ വ്യവസായവിപ്ലവത്തിന്റെ കാലത്ത് സഭയെ ധീരമായി മുന്നോട്ടു നയിക്കുകയും, റേരും നൊവാരും എന്ന ചരിത്രപ്രസിദ്ധമായ ചാക്രികലേഖനത്തിലൂടെ തൊഴിലിന്റെ മഹത്വവും തൊഴിലാളിയുടെ മാഹാത്മ്യവും ഉറപ്പിക്കുകയും ചെയ്ത ലെയോ പതിമൂന്നാമന്റെ മാതൃകയും അനുഗ്രഹവും, ഈ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിപ്ലവകാലത്ത് സഭയ്ക്ക് അത്യന്താപേക്ഷിതമാണെന്ന ബോധ്യമാണത്രേ അദ്ദേഹത്തെ ഈ പേരിലേക്ക് എത്തിച്ചത്. നിമിഷങ്ങൾക്കുള്ളിൽ, പാരമ്പര്യത്തിൽ മുറുകെപിടിച്ചു ഭാവിയിലേക്ക് നോക്കുന്ന, എല്ലാവരുടെയും ഇടയനായി മാറുന്ന ലെയോ പതിനാലാമൻ മാർപാപ്പായ്ക്ക് ലോകം അറിയാതെ കൈയടിച്ചു പോയി.

എല്ലാവരും ഒന്നിച്ചു നടക്കുന്ന സിനഡാത്മക സഭയെ സ്വപ്നംകണ്ട മുൻഗാമിയെ പുതിയ പാപ്പാ തിരുത്തുമോ എന്നതായിരുന്നു അടുത്ത അടക്കംപറച്ചിലുകൾ. ആദ്യസന്ദേശത്തിൽ തന്നെ ഫ്രാൻസിസ് പാപ്പായ്ക്കു നന്ദിപറഞ്ഞ ലെയോ പതിനാലാമൻ, അദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനയായി ചൂണ്ടിക്കാട്ടിയത് രണ്ടു വർഷങ്ങൾ നീണ്ടുനിന്ന സിനഡാത്മകതയെക്കുറിച്ചുള്ള സിനഡാണ്. തെരഞ്ഞെടുക്കപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസംതന്നെ മേരി മേജർ ബസിലിക്കയിലെ ഫ്രാൻസിസ് മാർപാപ്പായുടെ കബറിടത്തിലെത്തി വെള്ള റോസാപ്പൂവ് സമർപ്പിച്ച് മുട്ടുകുത്തി പ്രാർഥിക്കുന്ന ലെയോ പതിനാലാമന് ലോകം വീണ്ടും കൈയടിച്ചു.



**തെരഞ്ഞെടുക്കപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസംതന്നെ മേരി മേജർ ബസിലിക്കയിലെ ഫ്രാൻസിസ് മാർപാപ്പായുടെ കബറിടത്തിലെത്തി മുട്ടുകുത്തി പ്രാർഥിക്കുന്ന ലെയോ പതിനാലാമനെ കണ്ട് ലോകം കൈയടിച്ചു.**

**മാധ്യമങ്ങൾ നിയന്ത്രിക്കുന്നവൻ ലോകം നിയന്ത്രിക്കുന്നു**

ആദ്യമായി വിഡിയോ റെക്കോർഡ് ചെയ്ത മാർപാപ്പാ ലെയോ പതിമൂന്നാമനാണ്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിഡിയോയിൽ പ്രത്യക്ഷപ്പെട്ട ഏറ്റവും പ്രായം കൂടിയ വ്യക്തിയും അദേഹം തന്നെ. അതേ മാർപാപ്പായുടെ പേര് സ്വീകരിച്ചു പത്രോസിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്ന പുതിയ മാർപാപ്പായ്ക്കുമുണ്ട് സമൂഹമാധ്യമത്തിൽ ഒരു സ്മാരകമുദ്ര. സ്വന്തമായി ഒരു ടിറ്റർ അക്കൗണ്ടുമായി വത്തിക്കാനിൽ സ്ഥാനമേല്ക്കുന്ന ആദ്യത്തെ മാർപാപ്പായാണ് ലെയോ പതിനാലാമൻ. മാധ്യമങ്ങളെ വിജയകരമായി കൈകാര്യം ചെയ്യാനുള്ള അദേഹത്തിന്റെ കഴിവ് ആദ്യത്തെ പ്രസ് കോൺഫറൻസിൽ തന്നെ വ്യകതമായി. സത്യത്തിനുവേണ്ടി നിലകൊള്ളുന്നതിനു നന്ദി എന്നാണ് സെന്റ് പോൾസ് ഹാളിൽ തിങ്ങിനിറഞ്ഞ മൂവായിരത്തോളം മാധ്യമപ്രവർത്തകരോട് അദേഹം പറഞ്ഞത്. സത്യസന്ധമായ മാധ്യമപ്രവർത്തനം നടത്തിയതിന്റെ പേരിൽ ലോകമെങ്ങും തടങ്കലിൽ കഴിയുന്ന മാധ്യമപ്രവർത്തകരെ ഉടൻ വിട്ടയയ്ക്കണം എന്നു പറഞ്ഞ അദേഹത്തിന് നീണ്ടുനിന്ന കൈയടി പത്രപ്രവർത്തകർ നല്കി.

നിർമിതബുദ്ധി വളരെ ഉപകാരപ്രദമാണെങ്കിലും അതിന്റെ ഉത്തരവാദിത്വപൂർണമായ വിനിയോഗം അത്യന്താപേക്ഷിതമാണെന്നു വിലയിരുത്തിയ അദേഹം, സഭ കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിയുന്നുണ്ടെന്ന് ഓർമിപ്പിച്ചു. ഫ്രാൻസിസ് മാർപാപ്പാ ലോക സാമൂഹികമാധ്യമദിനത്തിൽ നല്കിയ സന്ദേശം അനുസ്മരിച്ചുകൊണ്ടാണ് അദേഹം മാധ്യമപ്രവർത്തകരോടുള്ള സംവാദം അവസാനിപ്പിച്ചത്: നമുക്ക് എല്ലാവിധത്തിലുള്ള തീവ്രനിലപാടുകളിൽനിന്നും വെറുപ്പിൽനിന്നും മാധ്യമപ്രവർത്തനത്തെ വിമുക്തമാക്കാം. ആക്രമണോത്സുകമായ മാധ്യമപ്രവർത്തനം പരസ്പരം അകറ്റുകയേ ഉള്ളൂ. മറ്റുള്ളവരെ ശ്രവിക്കുന്ന, ശബ്ദമില്ലാത്തവരുടെ ശബ്ദം സമൂഹത്തിൽ കേൾപ്പിക്കുന്ന

# വലിയ മുക്കുവൻ അമരത്തേക്ക്


*വത്തിക്കാനിൽ പ്രാദേശികസമയം രാവിലെ പത്തുമണിക്കാണ് ലെയോ പതിനാലാമൻ മാർപാപ്പാ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ച് പൊതുജനത്തിനു വേണ്ടിയുള്ള ആദ്യത്തെ വിശുദ്ധ കുർബാന അർപ്പിച്ചത്. രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ അദ്ദേഹം ഏറ്റെടുത്തു. ഒന്ന്, മുക്കുവന്റെ മോതിരം എന്ന പേരിൽ അറിയപ്പെടുന്ന പത്രോസിന്റെ മോതിരം. ആദ്യത്തെ മാർപാപ്പാ വി. പത്രോസ് മുതൽ ഇങ്ങോട്ടുള്ള എല്ലാ മാർപാപ്പാമാരും തമ്മിലുള്ള ആത്മബന്ധം സൂചിപ്പിക്കുന്ന മോതിരമാണത്. പണ്ടുകാലങ്ങളിൽ മാർപാപ്പാമാരുടെ ഔദ്യോഗിക ലേഖനങ്ങളും കത്തുകളും ഈ മോതിരം ഉപയോഗിച്ച് മുദ്രവെക്കുന്ന പതിവുണ്ടായിരുന്നു. അതുകൊണ്ടാവണം ഒരു മാർപാപ്പാ കാലംചെയ്താൽ ഈ മോതിരവും നശിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ശുശ്രൂഷാകാലാവധി പൂർത്തിയായി എന്നു സൂചിപ്പിക്കുന്നതിനൊപ്പം, ഈ അധികാരമുദ്ര ഭാവിയിൽ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലും ഇതിനു പിന്നിലുണ്ട്. ഒരു മാർപാപ്പായുടെ ഔദ്യോഗിക ശുശ്രൂഷയുടെ തുടക്കവും ഒടുക്കവും അങ്ങനെ മുക്കുവന്റെ മോതിരംകൊണ്ട് അടയാളപ്പെടുന്നു.*

*മാർപാപ്പാ സ്വീകരിക്കുന്ന രണ്ടാമത്തെ ചിഹ്നമാണ് പാലിയം. കുരിശ് ആലേഖനം ചെയ്തിരിക്കുന്ന ഈ അടയാളം അദ്ദേഹം കഴുത്തിൽ ധരിക്കുന്നു. മാർപാപ്പാമാർ അധികാരികൾ മാത്രമല്ല, ഇടയന്മാരും വിശ്വാസികളുടെ ആത്മീയകാര്യത്തിൽ ഉത്തരവാദിത്വമുള്ളവരുമാണെന്ന് ഇതു സൂചിപ്പിക്കുന്നു. ഒരേസമയം അധികാരവും ഉത്തരവാദിത്വവും സൂചിപ്പിക്കുന്ന രണ്ടടയാളങ്ങൾ ലെയോ പാപ്പാ വിശുദ്ധ കുർബാനയിൽ സുവിശേഷവായനയ്ക്കു ശേഷം സ്വീകരിച്ചു. അതിനു ശേഷമായിരുന്നു ലോകത്തിനുള്ള സന്ദേശം നല്കിയത്.*

*മാർപാപ്പായുടെ ഉത്തരവാദിത്വങ്ങളെ സൂചിപ്പിക്കുന്ന ഈ ലിറ്റർജി ആരംഭിച്ചത് സെന്റ് പീറ്റേഴ്സ് ബസിലിക്കയിലാണ്. പ്രധാന അൾത്താരയുടെ അടിയിലുള്ള വിശുദ്ധ പത്രോസിന്റെ കബറിടത്തിങ്കലേക്കു പൗരസ്ത്യസഭകളിലെ പാത്രിയർക്കീസുമാർക്കൊപ്പം പോയ മാർപാപ്പാ അല്പസമയം അവിടെ ധ്യാനത്തിൽ ചെലവഴിച്ചു. പൗരസ്ത്യ, പാശ്ചാത്യ സഭകളുടെ ഐക്യം പ്രകാശിതമായ സന്ദർഭമായിരുന്നു അത്. പാലിയവും മോതിരവും സുവിശേഷഗ്രന്ഥവും വഹിക്കുന്ന ഡീക്കന്മാർക്കു പിന്നാലെ തുടർന്ന് അദ്ദേഹം ബസിലിക്കയുടെ മുന്നിൽ സജ്ജീകരിച്ച ബലിപീഠത്തിങ്കലെത്തി. ഈ പ്രദക്ഷിണസമയത്ത് സഭയിലെ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും മാർപാപ്പാമാരുടെയും മാധ്യസ്ഥ്യം തേടിയുള്ള പ്രാർഥനാഗീതം ആലപിക്കപ്പെട്ടു. പ്രധാന അൾത്താരയ്ക്കു സമീപം ലെയോ പതിനാലാമൻ മാർപാപ്പായ്ക്ക് ഏറെ ഭക്തിയുള്ള പരിശുദ്ധ ദൈവമാതാവിന്റെ ഛായാചിത്രം സ്ഥാപിച്ചിരുന്നു.*

*സ്പാനിഷ് ഭാഷയിൽ ആയിരുന്നു വിശുദ്ധ കുർബാനയിലെ ആദ്യ രണ്ടു വായനകളും. സുവിശേഷ വായന ലത്തീനിലും ഗ്രീക്കിലും. സഭയുടെ രണ്ടു പാരമ്പര്യങ്ങളെ ബഹുമാനിക്കുന്നതിനായിരുന്നു രണ്ടു ഭാഷകളിലുമുള്ള വായനകൾ. സുവിശേഷവായന കഴിഞ്ഞ് കർദിനാൾ സംഘത്തിലെ മൂന്നു വിഭാഗങ്ങളെ*

മാധ്യമങ്ങളാണ് നമുക്കിന്നു വേണ്ടത്. നമുക്ക് ആദ്യം വാക്കുകളെ നിരായുധീകരിക്കാം. അപ്പോൾ ലോകംതന്നെ നിരായുധമാകും. അക്രമവും അനീതിയും ദാരിദ്ര്യവും തുടച്ചുനീക്കുന്ന, മാനുഷികമഹത്വം ഉയർത്തിപ്പിടിക്കുന്ന മാധ്യമപ്രവർത്തകരെ ലോകം കാത്തിരിക്കുന്നു. സമാധാനം നിറഞ്ഞ ഒരു ലോകത്തെ പ്രത്യാശയോടെ കാത്തിരിക്കുന്ന ഒരുപാടു മനുഷ്യർ നിങ്ങളെ പ്രത്യാശയോടെ നോക്കിക്കാണു



*പ്രതിനിധീകരിച്ച് മൂന്നു കർദിനാൾമാർ മാർപാപ്പായെ സമീപിച്ചു. കർദിനാൾ ബിഷപ്പ്, കർദിനാൾ പ്രീസ്റ്റ്, കർദിനാൾ ഡീക്കൻ എന്നിങ്ങനെയുള്ള മൂന്നു വിഭാഗങ്ങൾ. ഇവർ മാർപാപ്പായുടെ അടുത്തെത്തി സ്ഥാനചിഹ്നങ്ങളായ പാലിയവും മോതിരവും ധരിപ്പിച്ചു. പരിശുദ്ധാത്മാവിനോടുള്ള പ്രാർഥനയോടെ അവസാനിച്ച ഈ തിരുക്കർമങ്ങൾക്കുശേഷമായിരുന്നു സുവിശേഷഗ്രന്ഥംകൊണ്ട് മാർപാപ്പാ ജനത്തെ ആശീർവദിച്ചത്. അദേഹത്തിന് ആയുരാരോഗ്യങ്ങൾ നേർന്നുള്ള കീർത്തനം അപ്പോൾ വിശ്വാസിസമൂഹം ഗ്രീക്കുഭാഷയിൽ ആലപിച്ചു.*

*അനുസരണം വാഗ്ദാനം ചെയ്യുന്ന ഒരു പ്രതീകാത്മകകർമമാണ് തുടർന്നു നടന്നത്. വിവിധ തുറകളിൽ നിന്നുള്ള 12 പേർ, 140 കോടിയോളം വരുന്ന വിശ്വാസിസമൂഹത്തിന്റെ പ്രതിനിധികളായി, മാർപാപ്പായോടുള്ള വിധേയത്വം പ്രഖ്യാപിച്ചു. തുടർന്നായിരുന്നു മാർപാപ്പായുടെ സന്ദേശം. കത്തോലിക്കാസഭയുടെ പരമ്പരാഗത വിശ്വാസപ്രമാണം ആഘോഷപൂർവം ആലപിച്ച ശേഷം, ഫ്രഞ്ച്, പോർച്ചുഗീസ്, അറബിക്, ചൈനീസ്, പോളിഷ് ഭാഷകളിൽ മാർപാപ്പായ്ക്കും ലോകം മുഴുവനുംവേണ്ടി മധ്യസ്ഥപ്രാർഥനകൾ നടന്നു. വിശുദ്ധ കുർബാനയുടെ ഒടുവിൽ വിശുദ്ധ പത്രോസിന്റെ 266-മത്തെ പിൻഗാമി ലോകംമുഴുവനും ശ്ലൈഹികാശീർവാദം നല്കിയതോടെ തിരുക്കർമങ്ങൾക്കു വിരാമമായി.*

*പുതിയ മാർപാപ്പായോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനുള്ള ഒരവസരമായി ലോകനേതാക്കൾ സ്ഥാനാരോഹണ ചടങ്ങുകളെ കണ്ടെന്നാണ് വിലയിരുത്തൽ. അവരുടെ വലിയൊരു നിരതന്നെ വത്തിക്കാനിൽ എത്തിയിരുന്നു. അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ.ഡി വാൻസ്, സ്റ്റേറ്റ് സെക്രട്ടറി മാർകോ റുബിയോ, ഇംഗ്ലണ്ടിലെ എഡ്വേർഡ് രാജകുമാരൻ, കനേഡിയൻ പ്രധാനമന്ത്രി മാർക് കാർണി, ഉക്രേനിയൻ പ്രസിഡന്റ് വ്ലാഡിമിർ സെലൻസ്കി എന്നിങ്ങനെ പ്രമുഖരുടെ നിര നീളുന്നു.*

ന്നു. അവർക്കു വേണ്ടി മനഃസാക്ഷി നിറഞ്ഞ നിലപാടുകൾ സ്വീകരിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. പാപ്പായുടെ ഈ വാക്കുകൾ നിറഞ്ഞ കൈയടികളോടെയാണ് ലോകം മുഴുവനിലും നിന്നുള്ള മാധ്യമപ്രവർത്തകർ ഏറ്റുവാങ്ങിയത്.

**പൗരസ്ത്യ സഭകളുടെയും പാപ്പാ**

എല്ലാവർക്കും എല്ലാമാകുന്ന മാർപാപ്പായുടെ സ്നേഹസാന്നിധ്യമാണ് പൗരസ്ത്യസഭകളുടെ ജൂബിലി ആഘോഷ



**ഒരിക്കലും അമേരിക്കയിൽനിന്നും ഒരു മാർപാപ്പാ ഉണ്ടാവില്ല എന്നത് നൂറ്റാണ്ടുകളായി മാധ്യമഭീമന്മാർക്കിടയിൽ പ്രചരിക്കുന്ന ഒരു പഴഞ്ചൊല്ലാണ്.**

വേളയിൽ പ്രകടമായതും. പൗരസ്ത്യസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായി പഠിപ്പിച്ച ലെയോ പതിമൂന്നാമൻ മാർപാപ്പാ നിർത്തിയിടത്തുനിന്നാണ് ലെയോ പതിനാലാമൻ മാർപാപ്പാ തുടങ്ങിയത്. പൗരസ്ത്യസഭകളുടെ പാരമ്പര്യങ്ങൾ വിശിഷ്യാ ആരാധനക്രമം സംരക്ഷിക്കേണ്ടത് സഭയുടെ പൊതുസമ്പത്തിന്റെ ആവശ്യമാണെന്ന് മാർപാപ്പാ അടിവരയിട്ടു പറഞ്ഞു. കൂടാതെ, വിദേശരാജ്യങ്ങളിലുള്ള പൗരസ്ത്യസഭകളിലെ കത്തോലിക്കരുടെ പൈതൃകം സംരക്ഷിക്കാനുള്ള മാർഗരേഖകളും നിബന്ധനകളും രൂപപ്പെടുത്തണമെന്നും, അവരുടെ അജപാലനാവശ്യങ്ങൾ കിഴക്കൻ സഭകളുടെ ആരാധനക്രമത്തിനും പാരമ്പര്യത്തിനുമനുസരിച്ച് സംരക്ഷിക്കപ്പെടാൻ അവർ വസിക്കുന്ന ഇടങ്ങളിലെ ലത്തീൻ മെത്രാന്മാർക്കു നിർദേശം നല്കണമെന്നും പൗരസ്ത്യസഭകളുടെ ഡിക്കാസ്റ്ററിയോട് അദ്ദേഹം നിർദേശിക്കയുണ്ടായി. മനുഷ്യസഹനങ്ങളുടെ രഹസ്യാത്മകതയും ദൈവകരുണയും മനോഹരമായി സംയോജിപ്പിക്കുന്ന പൗരസ്ത്യസഭകളുടെ ആത്മീയതയ്ക്ക് അദ്ഭുതാവഹമായ 'ഔഷധമൂല്യം' ഉണ്ടെന്ന് ലെയോ പതിനാലാമൻ മാർപാപ്പാ ഊന്നിപ്പറഞ്ഞു.

പൗരസ്ത്യദേശങ്ങളിലെ ക്രിസ്ത്യാനികൾക്ക് അവരുടെ നാടുകളിൽതന്നെ മതിയായ സുരക്ഷയും അവകാശങ്ങളും അനുഭവിച്ച് ജീവിക്കാൻ അവസരം ലഭിക്കണം. വാക്കുകളിൽ മാത്രമല്ല അനുഭവതലങ്ങളിലും ഇത് ഉറപ്പാക്കണം. നീതിയുടെ സൂര്യനായ മിശിഹാ കിഴക്കിന്റെ ചക്രവാളത്തിൽ ഉദിച്ചവനാണെന്ന് ഓർത്തുകൊണ്ട്, ലോകത്തിന്റെ പ്രകാശമായ മിശിഹായെ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും പ്രതിഫലിപ്പിക്കാൻ പൗരസ്ത്യസഭകൾ തയാറാകണമെന്നും മാർപാപ്പാ ഉദ്ബോധിപ്പിച്ചു.

ചുരുങ്ങിയ ദിവസംകൊണ്ട് എല്ലാവരുടെയും ഇടയനായി മാറുന്ന ലെയോ മാർപാപ്പായെയാണ് വത്തിക്കാനിൽ കാണാൻ സാധിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട അന്നു രാത്രിയിൽ എല്ലാ ബഹളങ്ങളും അവസാനിച്ചപ്പോൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ പാർശ്വത്തിലെത്തി, അപ്പോഴും അവിടെനിന്ന് ആഹ്ലാദം പ്രകടിപ്പിച്ചിരുന്ന അമേരിക്കൻ ബിഷപ്പുമാരെയും വൈദികരെയും ശാഠ്യത്തോടെ വിശ്രമിക്കാൻ പറഞ്ഞുവിടുന്ന മാർപാപ്പായിൽ സ്നേഹമുള്ള അപ്പനെ കാണാനായി. തനിക്കേറ്റവും പ്രിയപ്പെട്ട സന്യാസിസമൂഹത്തിലേക്കു ചെന്ന് അവരെ ആശ്ലേഷിച്ച മാർപാപ്പായിൽ, സ്നേഹമുള്ള ഒരു സഹോദരനെ ലോകം കണ്ടു. വിശുദ്ധ പത്രോസിന്റെയും മറ്റു മുൻഗാമികളുടെയും കല്ലറകൾക്കു മുന്നിൽ ബലിയർപ്പിച്ചു പ്രാർഥിക്കുന്ന മാർപാപ്പായിൽ, സ്നേഹമുള്ള ഒരു മകനെ ദർശിച്ചു. ഇന്ത്യയുൾപ്പെടെ യുദ്ധഭീതിയിൽ കഴിയുന്ന രാജ്യങ്ങളുടെ സമാധാനത്തിനുവേണ്ടി ഉറപ്പുള്ള ശബ്ദത്തിൽ സംസാരിക്കുന്ന മാർപാപ്പാ അങ്ങനെ എല്ലാവരുടെയും പാപ്പാ ആവുകയാണ്. ○

# ഐക്യത്തിന്റെ പുളിമാവാകാം പരസ്പരം സ്നേഹിക്കാം

**ലെയോ പതിനാലാമൻ പാപ്പാ മെയ് 18ന് സ്ഥാനാരോഹണ വി. കുർബാനമധ്യേ നല്കിയ സുവിശേഷ സന്ദേശത്തിന്റെ പ്രസക്ത ഭാഗങ്ങൾ.**



എനിക്കു ഭരമേല്പിക്കപ്പെട്ട ശുശ്രൂഷയുടെ തുടക്കത്തിൽ കൃതജ്ഞതാഭരിതമായ ഹൃദയത്തോടെ നിങ്ങളെ ഞാൻ അഭിവാദ്യം ചെയ്യുന്നു. വി. അഗസ്റ്റിൻ ഇങ്ങനെ കുറിച്ചു: 'കർത്താവേ, നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥമായിരിക്കും.'

യാതൊരു യോഗ്യതയുമില്ലാതെയാണ് ഞാൻ തെരഞ്ഞെടുക്കപ്പെട്ടത്. നമ്മളെല്ലാവരും ഏകകുടുംബത്തിൽ ഒന്നായിരിക്കണമെന്ന് ആഗ്രഹിക്കുന്ന ദൈവത്തിന്റെ സ്നേഹപാതയിൽ നിങ്ങളോടൊപ്പം ചരിച്ച്, നിങ്ങളുടെ വിശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ദാസനാകാൻ ആഗ്രഹിക്കുന്ന ഒരു സഹോദരനായി, ഭയത്തോടും വിറയലോടുംകൂടി ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു.



**റോമിലെ സഭ ഉപവിക്കു നേതൃത്വം നല്കുന്നവളാകയാൽ അവളുടെ യഥാർഥ അധികാരം ക്രിസ്തുവിന്റെ ഉപവിയാണ്. അതിനാൽ പത്രോസിന്റെ ശുശ്രൂഷ ആത്മസമർപ്പണപരമായ സ്നേഹത്താൽ മുദ്രിതമാണ്.**

ഈശോ പത്രോസിനെ ഭരമേല്പിച്ച ദൗത്യത്തിന്റെ രണ്ടു മാനങ്ങളാണ് സ്നേഹവും ഐക്യവും. തിബേരിയാസ് തടാകത്തിനടുത്തേക്കു നമ്മെ നയിക്കുന്ന സുവിശേഷഭാഗം ഇതു സൂചിപ്പിക്കുന്നുണ്ട്. പിതാവിൽനിന്ന് ഈശോ സ്വീകരിച്ച ദൗത്യം അവിടുന്ന് ആരംഭിച്ച അതേ സ്ഥലമാണത്. തിന്മയുടെയും മരണത്തിന്റെയും ജലത്തിൽനിന്ന് മാനവരാശിയെ രക്ഷിക്കാൻ അതിനെ 'പിടിക്കുക' എന്ന ദൗത്യം. ആ തടാകക്കരയിലൂടെ കടന്നുപോകവെ, അവൻ പത്രോസിനെയും ആദ്യശിഷ്യരെയും 'മനുഷ്യരെ പിടിക്കുന്നവർ' ആകാൻ വിളിച്ചു. പുനരുത്ഥാനത്തിനു ശേഷം അതേ ദൗത്യം തുടരാൻ, സുവിശേഷത്തിന്റെ പ്രത്യാശ കൊണ്ടുവരാൻ, ലോകത്തിന്റെ ജലത്തിലേക്ക് സദാ വലയെറിഞ്ഞുകൊണ്ടിരിക്കാൻ, എല്ലാവരും ദൈവത്തിന്റെ ആലിംഗനത്തിൽ നിമഗ്നരാകാൻ ജീവന്റെ കടലിൽ സഞ്ചരിക്കണം.

പത്രോസിന് ഇതെങ്ങനെ നിർവഹിക്കാനാവും? പരാജയത്തിന്റെയും നിരാകരണത്തിന്റെയും വേളയിൽപ്പോലും, ദൈവത്തിന്റെ അനന്തവും നിരുപാധികവുമായ സ്നേഹം അനുഭവിച്ചറിഞ്ഞ് ഇതു സാധ്യമാകും. ഈശോ പത്രോസിനെ സംബോധന ചെയ്യുമ്പോൾ സുവിശേഷം ഗ്രീക്ക് ക്രിയയായ 'അഗാപാവോ' എന്ന പദമുപയോഗിക്കുന്നു. കണക്കുകൂട്ടലുകളും കരുതിവെക്കലുകളുമില്ലാതെ സ്വയം സമർപ്പിക്കുന്ന ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ അതു സൂചിപ്പിക്കുന്നു.

'യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?' (യോഹ. 21:16) എന്ന് ഈശോ പത്രോസിനോടു ചോദിക്കുമ്പോൾ അതു സൂചിപ്പിക്കുന്നത് പിതാവിന്റെ സ്നേഹത്തെയാണ്. ഒരിക്കലും നിലയ്ക്കാത്ത ഈ ദൈവസ്നേഹം നീ അറിയുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ എന്റെ കുഞ്ഞാടുകളെ പോറ്റാൻ നിനക്കു കഴിയൂ എന്ന് ഈശോ പരോക്ഷമായി സൂചിപ്പിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ ജീവിച്ചു മാത്രമേ നിനക്ക് നിന്റെ സഹോദരങ്ങളെ ജീവൻ വെടിഞ്ഞു സ്നേഹിക്കാൻ കഴിയൂ.

റോമിലെ സഭ ഉപവിക്കു നേതൃത്വം നല്കുന്നവളാണ്. അവളുടെ യഥാർഥ അധികാരം ക്രിസ്തുവിന്റെ ഉപവിയാണ്. അതിനാൽ പത്രോസിന്റെ ശുശ്രൂഷ ആത്മസമർപ്പണപരമായ സ്നേഹത്താൽ മുദ്രിതമാണ്. അടിച്ചമർത്തലിലൂടെയോ അമാന്യമായ മതപ്രചാരണ മാർഗങ്ങളിലൂടെയോ അധികാരവഴികളിലൂടെയോ മറ്റുള്ളവരെ പിടികൂടുകയല്ല; ഈശോ ചെയ്തതുപോലെ എപ്പോഴും മറ്റുള്ളവരെ സ്നേഹിക്കുക മാത്രമാണ് അത്.

'പണിക്കാരായ നിങ്ങൾ വലിച്ചെറിഞ്ഞ കല്ലാണ് അവൻ; അവൻ മൂലക്കല്ലായി മാറിയിരിക്കുന്നു' (അപ്പ. 4:11) എന്ന് പത്രോസ് എഴുതുന്നു. കല്ല് ക്രിസ്തുവാണെങ്കിൽ, പത്രോസ് ആട്ടിൻകൂട്ടത്തെ മേയിക്കേണ്ടത് ഭരമേല്പിക്കപ്പെട്ടവരുടെ യജമാനനോ ഏകാധിപതിയോ തലവനോ ആകാനുള്ള പ്രലോഭനത്തിൽ ഒരിക്കലും വീഴാതെയായിരിക്കണം (1പത്രോ. 5:3). സഹോദരങ്ങളുടെ വിശ്വാസത്തെ അവരോടൊപ്പം നടന്ന് സേവിക്കാനാണ് അവന്റെ നിയോഗം. സത്യത്തിൽ നാമെല്ലാവരും 'സജീവശിലകൾ' ആയി രൂപാന്തരപ്പെട്ടിരിക്കുന്നു (1പത്രോ. 2:5). സാഹോദര്യത്തിന്റെ കൂട്ടായ്



മയിൽ, ആത്മാവിന്റെ ഐക്യത്തിൽ, വൈവിധ്യത്തിന്റെ സഹവർത്തിത്വത്തിൽ ദൈവത്തിന്റെ ആലയം പണിയാനാണ് നമ്മുടെ വിളി. വി. അഗസ്റ്റിൻ പറയുന്നു: 'സഹോദരങ്ങളുമായി ഐക്യത്തിലായിരിക്കുന്നവരും അയൽക്കാരനെ സ്നേഹിക്കുന്നവരുമായ എല്ലാവരും അടങ്ങിയതാണ് സഭ.'

നമ്മുടെ ആദ്യത്തെ വലിയ ആഗ്രഹം ഇതായിരുന്നെങ്കിലെന്ന് ഞാൻ അഭിലഷിക്കുന്നു: ഐക്യത്തിന്റെയും കൂട്ടായ്മയുടെയും അടയാളമായ, ഐക്യപ്പെട്ട, അനുരഞ്ജിതലോകത്തിന് പുളിമാവായി മാറുന്ന ഒരു സഭ.

വളരെയധികം ഭിന്നതകളും, വിദ്വേഷം, അക്രമം, മുൻവിധി, വ്യത്യസ്തമായതിനോടുള്ള ഭയം എന്നിവ മൂലമുണ്ടാകുന്ന നിരവധി മുറിവുകളും, ഭൂവിഭവങ്ങൾ ചൂഷണം ചെയ്യുകയും ദരിദ്രരെ പ്രാന്തവത്കരിക്കുകയും ചെയ്യുന്ന സാമ്പത്തികമാതൃകയും നമ്മുടെ ഈ കാലഘട്ടത്തിൽ കാണാൻ കഴിയും. അവിടെ, ഐക്യത്തിന്റെയും കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും ചെറുപുളിമാവായിരിക്കാൻ സഭ ആഗ്രഹിക്കുന്നു. ഈശോയെ നോക്കൂ എന്ന് എളിമയോടും സന്തോഷത്തോടുംകൂടി ലോകത്തോടു പറയാൻ അവൾ ആഗ്രഹിക്കുന്നു! ഈശോയോട് അടുക്കുക, പ്രകാശിപ്പിക്കുകയും സാന്ത്വനമേകുകയും ചെയ്യുന്ന അവന്റെ വചനം സ്വീകരിക്കുക, ഏകകുടുംബമാകാനുള്ള അവന്റെ സ്നേഹാഭ്യർഥന ശ്രവിക്കുക. ഏകക്രിസ്തുവിൽ നാം ഒന്നാണ്. സമാധാനം വാഴുന്ന പുതിയ ലോകം കെട്ടിപ്പടുക്കാനും, നമുക്കിടയിലും സഹോദര ക്രൈസ്തവസഭകളുമായും ഇതര മതങ്ങളുമായും സന്മനസുള്ള സകല സ്ത്രീപുരുഷന്മാരുമായും നാം ഒരുമിച്ചു ചരിക്കേണ്ട പാതയാണിത്. നമ്മുടെ ചെറുഗണത്തിൽ നാം ഒതുങ്ങിനില്ക്കരുത്. നാം ലോകത്തിൽ ഉന്നതരാണെന്നു ചിന്തിക്കയുമരുത്. നമ്മെ നയിക്കേണ്ടത് ഈ പ്രേഷിതചൈതന്യം മാത്രമായിരിക്കണം.

സഹോദരീ സഹോദരന്മാരേ, ഇതു സ്നേഹത്തിന്റെ സമയമാണ്. നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹമാണ് സുവിശേഷത്തിന്റെ ഹൃദയം.

**ലോകത്തിനു മുന്നിൽ
കരങ്ങൾ തുറന്നു പിടിക്കുന്ന,
വചനം പ്രഘോഷിക്കുന്ന,
മനുഷ്യരാശിക്ക് ഐക്യത്തിന്റെ
പുളിമാവായി മാറുന്ന ഒരു
പ്രേഷിതസഭയെ
പരിശുദ്ധാത്മാവിന്റെ
പ്രകാശത്താലും ശക്തിയാലും
കെട്ടിപ്പടുക്കാം.**

എന്റെ മുൻഗാമിയായ ലെയോ പതിമൂന്നാമനോടു ചേർന്ന് നമുക്കു സ്വയം ചോദിക്കാം: ഈ മാനദണ്ഡം 'ലോകത്തിൽ പ്രബലമാകുമായിരുന്നെങ്കിൽ, എല്ലാ ഭിന്നതകളും ഉടനടി അവസാനിക്കുകയും സമാധാനം തിരിച്ചുവരികയും ചെയ്യുമായിരുന്നില്ലേ?' (റേരും നൊവാരും, 21). ദൈവസ്നേഹത്തിലും ഐക്യത്തിന്റെ അടയാളത്തിലും അധിഷ്ഠിതമായ ഒരു സഭയെ രൂപപ്പെടുത്താം. ലോകത്തിനു മുന്നിൽ കരങ്ങൾ തുറന്നുപിടിക്കുന്ന, വചനം പ്രഘോഷിക്കുന്ന, ചരിത്രത്തിൽ ചലനാത്മകമാകാൻ സ്വയം അനുവദിക്കുന്ന, മനുഷ്യരാശിക്ക് ഐക്യത്തിന്റെ പുളിമാവായി മാറുന്ന ഒരു പ്രേഷിതസഭയെ നമുക്കു പരിശുദ്ധാത്മാവിന്റെ പ്രകാശത്താലും ശക്തിയാലും കെട്ടിപ്പടുക്കാം. ഒത്തൊരുമിച്ച് ഒരു ജനതയായി സഹോദരങ്ങളെപ്പോലെ നമുക്കു ദൈവത്തിലേക്ക് നടന്നു നീങ്ങാം; പരസ്പരം സ്നേഹിക്കാം. ○

ഡോ. ജാൻസൻ ജോസഫ്

# മാറാത്ത കോളജുകൾക്ക് ഇനി നിലനില്പില്ല



ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂന്നര പതിറ്റാണ്ടിലേറെ അനുഭവപരിചയമുള്ള ഡോ. ഗബ്രിയേൽ സൈമൺ തട്ടിൽ, ഇന്ത്യയിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസവിദഗ്ധരിൽ ഒരാളാണ്. കേന്ദ്ര, കേരള സർക്കാരുകളുടെയും നിരവധി സർവകലാശാലകളുടെയും വിദ്യാഭ്യാസ നയരൂപീകരണവുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളിൽ അദ്ദേഹം സുപ്രധാന ചുമതലകൾ വഹിക്കുന്നു. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവ് അടിസ്ഥാനമാക്കി ഗ്രേഡിങ് നൽകുന്ന NAAC ഗ്രേഡിങ്ങിൽ കേരള സർവകലാശാലയ്ക്ക് ഏറ്റവും ഉയർന്ന ഗ്രേഡ് ആയ A++ ലഭിച്ചതിനു പിന്നിൽ ഏറ്റവും പ്രധാന പങ്കുവഹിച്ചതും സൈമൺ സാറാണ്. കേരള സർവകലാശാല ഫാക്കൽറ്റി ഓഫ് കോമേഴ്സ് ഡീനായി സേവനം ചെയ്യുന്ന ഡോ. സൈമൺ, ചങ്ങനാശേരി അതിരൂപതയുടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഡയറക്ടർ കൂടിയാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയിലെ സീനിയർ പ്രഫസർ ഡോ. നിർമല റേച്ചൽ ജയിംസ് ആണ് ഭാര്യ. മകൻ അലക്സ് സൈമൺ തട്ടിൽ, ലോകപ്രശസ്ത അമേരിക്കൻ സ്ഥാപനമായ ബ്ലൂംബെർഗിൽ ബിസിനസ് ജേണലിസ്റ്റായി ജോലി ചെയ്യുന്നു. ഡോ. സൈമൺ തട്ടിലുമായി നടത്തിയ അഭിമുഖത്തിൽ നിന്നും:



▶▶ *പുതിയ ദേശീയ വിദ്യാഭ്യാസനയം എന്തൊക്കെ മാറ്റങ്ങളാവും വിദ്യാഭ്യാസമേഖലയിൽ വരുത്താൻ പോകുന്നത്?*

പുതിയ വിദ്യാഭ്യാസനയത്തിന്റെ മാറ്റങ്ങൾ തുടങ്ങുന്നത് ശൈശവം മുതലാണ്. അതനുസരിച്ച് നമ്മുടെ സ്കൂൾ സിസ്റ്റത്തിൽ ക്രമാനുഗതമായ മാറ്റങ്ങൾ വരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസമേഖലയിൽ പ്രധാനമായും അണ്ടർ ഗ്രാജുവേറ്റ് ലെവലിൽ പുതിയ നയം അനുസരിച്ചുള്ള ക്രമീകരണങ്ങൾ തുടങ്ങിക്കഴിഞ്ഞു. പ്രധാന മാറ്റം നാല് അടിസ്ഥാന കാര്യങ്ങളിലാണ്. ഒന്ന്, പഠനം മൾട്ടി ഡിസിപ്ലിനറി ആകും. ഏതെങ്കിലും ഒരു വിഷയത്തെ മാത്രം ബന്ധപ്പെടുത്തിയുള്ള പഠനം ഭാവിയിൽ നമുക്കു പ്രയോജനം ചെയ്യില്ല. എല്ലാ വിഷയങ്ങളും മേഖലകളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണ് കാരണം. ഏതെങ്കിലും ഒരു വിഷയത്തിൽ മാത്രം കേന്ദ്രീകരിച്ചുള്ള പഠനംകൊണ്ട് നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള ഉയർച്ചയിൽ എത്തിച്ചേരാനാവില്ല. അതുകൊണ്ടുതന്നെ നമ്മുടെ പഠനപ്രക്രിയയിൽ ഒരു ഇൻറർ ഡിസിപ്ലിനിയാരിറ്റി വേണം.

രണ്ട്, പഠനം സമഗ്രമാകും. ഒരു വ്യക്തിയുടെ എല്ലാത്തരത്തിലുള്ള കഴിവുകളുടെയും സമഗ്രമായ വളർച്ച ഇതിലൂടെ ലക്ഷ്യമിടുന്നു.

**കുട്ടികൾക്കു നമ്മൾ ഉറപ്പു കൊടുക്കണം: നിങ്ങൾ ഇവിടെ പഠിച്ചാലും നിങ്ങൾക്കു ജോലി കിട്ടും. അതവരെ ബോധ്യപ്പെടുത്താൻ പറ്റിയാൽ, കുട്ടികൾ ഒരു പുനർവിചിന്തനത്തിന് തയാറായേക്കും.**

മൂന്നാമത്തേത് ഫ്ളെക്സിബിലിറ്റി. വിദ്യാർഥികൾക്ക് ഇടയ്ക്കുവെച്ച് അവരുടെ ഡിഗ്രി കോഴ്സിൽനിന്ന് പുറത്തിറങ്ങാം; (താത്കാലികമായി പഠനം നിർത്താം) വീണ്ടും പഠനം തുടരാനും അവസരമുണ്ട്. താങ്കൾക്ക് പ്രയോജനപ്രദമായ ഏതെങ്കിലും കോഴ്സ് മറ്റേതെങ്കിലും വിദ്യാഭ്യാസസ്ഥാപനത്തിൽ ലഭ്യമാണെങ്കിൽ അതു പഠിച്ചു കഴിഞ്ഞ് അതിന്റെ ക്രെഡിറ്റ് നിലവിലുള്ള ഡിഗ്രി കോഴ്സിനോടു ചേർക്കാം. എല്ലാ രീതിയിലും കുട്ടികളുടെ താത്പര്യവും സ്വാതന്ത്ര്യവും പരിഗണിക്കുന്ന രീതിയിലുള്ള ഫ്ളെക്സിബിലിറ്റി വിഭാവനം ചെയ്തിരിക്കുന്നു.

തുടർച്ചയായ പഠനമാണ് നാലാമത്തെ ലക്ഷ്യം. പഠനം പൂർത്തിയായി അല്ലെങ്കിൽ അവസാനിച്ചു എന്നു പറയാൻ ഇന്നത്തെ കാലത്ത് ഒരിക്കലും സാധിക്കില്ല. നിരന്തരം തുടർന്നുകൊണ്ടിരിക്കുന്ന ഗൗരവമുള്ള പ്രക്രിയയാണ് പഠനം. ഈ ആശയം പൂർണമായും ഉൾക്കൊണ്ട് തുടർപഠനം സാധ്യമാക്കുന്ന തരത്തിലാണ് പുതിയ

▶▶ *ഭീമമായ സാമ്പത്തിക നിക്ഷേപം ആവശ്യപ്പെടുന്ന പുതിയ സാഹചര്യത്തിൽ, ഇതുവരെ ലാഭേച്ഛ കൂടാതെ പ്രവർത്തിച്ചിരുന്ന കത്തോലിക്കാസഭയൊക്കെ വിദ്യാഭ്യാസമേഖലയിൽനിന്നും പിന്നാക്കം പോകാൻ സാധ്യതയില്ലേ?*

കത്തോലിക്കാസഭയെപ്പോലെ വിദ്യാഭ്യാസമേഖലയിൽ സാമൂഹിക ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന ഏജൻസികൾക്ക് ഇതൊരു അവസരമാണെന്നാണ് എനിക്കു തോന്നുന്നത്. ഉന്നത വിദ്യാഭ്യാസമേഖലയിൽ ചിലരെങ്കിലും ലാഭക്കൊതിയോടെ പ്രവർത്തിക്കുമ്പോൾ, ഏറ്റവും അനുകരണീയമായ മാതൃകകൾ സൃഷ്ടിക്കാൻ സഭയ്ക്കേ സാധിക്കൂ. മൂല്യാധിഷ്ഠിതവും സുതാര്യവുമായ പ്രവർത്തനരീതിയാണല്ലോ സഭയുടേത്. അപ്പോൾ റോൾ മോഡലായ സ്ഥാപനങ്ങൾ ആരംഭിക്കാനും മുന്നോട്ടു കൊണ്ടുപോകാനും സഭയ്ക്കു കിട്ടുന്ന സുവർണാവസരമാണിത്. അപ്പോൾ സമൂഹംതന്നെ പിന്തുണയുമായെത്തും. ഇതൊരു 'പോസിറ്റീവ് മോഡലായി' ഉന്നതവിദ്യാഭ്യാസരംഗത്ത് തുടരുമെന്ന് ഉറപ്പാണ്. ഇത്തരം സ്ഥാപനങ്ങൾ കേവലമൊരു ജോലിക്കാരനെയോ ബിസിനസുകാരനെയോ അല്ലല്ലോ സൃഷ്ടിക്കുന്നത്; സമൂഹത്തോട് കൂറും ഉത്തരവാദിത്വവുമുള്ള പൗരന്മാരെയല്ലേ?




വിദ്യാഭ്യാസനയം രൂപകല്പന ചെയ്തിരിക്കുന്നത്. ലൈഫ് ലോങ്ങ് ലേണിംഗിലൂടെ മാത്രമേ ഇതു സാധിക്കൂ.

വിദ്യാർഥികളുടെ കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത് മേജർ, മൈനർ, സ്കിൽ ബേസ്ഡ്, മൾട്ടി ഡിസിപ്ലിനറി ഫോർമാറ്റിൽ ആണ്. കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് യോഗ, വെൽനസ്, ഫിറ്റ്നസ് തുടങ്ങിയ കോഴ്സുകളും പദ്ധതിയുടെ ഭാഗമാക്കിയിരിക്കുന്നു.

▶▶ *നിലവിലുള്ള ഗവണ്മെന്റ്, എയ്ഡഡ് കോളജുകളുടെ നിലനില്പിന് ഇതു ഭീഷണിയല്ലേ?*

ഗവണ്മെന്റ് അല്ലെങ്കിൽ എയ്ഡഡ് എന്ന രീതിയിലല്ല സ്ഥാപനങ്ങൾ ഇനി വിലയിരുത്തപ്പെടുന്നത്. പുതിയ വിദ്യാഭ്യാസനയത്തിന്റെ വെളിച്ചത്തിൽ, പുതിയതും അതേസമയം വൈവിധ്യവുമുള്ള കോഴ്സുകൾ നല്കാൻ സാധിക്കുന്ന സ്ഥാപനങ്ങൾ, അതിനു സാധിക്കാത്ത

സ്ഥാപനങ്ങൾ എന്ന വേർതിരിവേ ഉണ്ടാവൂ. ഈയൊരു പ്രതിസന്ധിയെ അതിജീവിക്കാൻ കഴിവില്ലാത്ത സ്ഥാപനങ്ങളുടെ നിലനില്പ് ഭീഷണിയിലാണെന്നത് സത്യമാണ്. കേരളത്തിന്റെ സാഹചര്യത്തിൽ പറഞ്ഞാൽ, ഇതോടു ബന്ധപ്പെട്ട് കൂടുതൽ വെല്ലുവിളികൾ നേരിടാൻ പോകുന്നത് സ്വാശ്രയകോളജുകളായിരിക്കും. ഭൂരിപക്ഷം സെൽഫ് ഫിനാൻസിംഗ് കോളജുകളിലും മൂന്നല്ലെങ്കിൽ നാല് ഡിപ്പാർട്മെന്റുകളുടെ കീഴിൽ വരുന്ന ഡിഗ്രി കോഴ്സുകൾ മാത്രമേ നിലവിലുള്ളൂ. അതിനുള്ളിൽ നിന്ന് വൈവിധ്യമാർന്ന കോഴ്സുകളും വിഷയങ്ങളും ക്രമീകരിക്കുക

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ ചിലരെങ്കിലും ലാഭക്കൊതിയോടെ പ്രവർത്തിക്കാൻ ഒരുങ്ങുമ്പോൾ, ഏറ്റവും അനുകരണീയമായ മാതൃകകൾ സൃഷ്ടിക്കാൻ കത്തോലിക്കാ സഭയ്ക്കേ സാധിക്കൂ.**

താരതമ്യേന അസാധ്യമായിരിക്കും. ഇതിനെ മറികടക്കാൻ ക്ലസ്റ്റർ കോളജുകൾ പോലുള്ള സംവിധാനങ്ങളെപ്പറ്റി ചിന്തിക്കേണ്ടി വരും. നിരവധി ഡിപ്പാർട്ടുമെന്റുകളുള്ള കോളജുകൾക്ക് വൈവിധ്യമാർന്ന കോഴ്സുകൾ നല്കുക ഒട്ടും ശ്രമകരമായിരിക്കില്ല.

▶▶ *കേരള നിയമസഭ പാസാക്കിയ സ്വകാര്യ സർവകലാശാല ബില്ലിനെക്കുറിച്ച് എന്താണ് അഭിപ്രായം?*

കേരളത്തിൽ നിലവിൽ വരുന്ന സ്വകാര്യ സർവകലാശാലകളുടെ വിജയം, എത്രത്തോളം നൂതനവും വൈവിധ്യവുമാർന്ന കോഴ്സുകൾ കുട്ടികൾക്കു നല്കാൻ അവയ്ക്കു സാധിക്കും എന്നതിനെ ആശ്രയിച്ചിരിക്കുന്നു. കൂടുതൽ തൊഴിലധിഷ്ഠിതവും കുട്ടികളുടെ ഭാവിക്ക് ഉപകാരപ്രദവുമായ പഠനാവസരങ്ങൾ ഒരുക്കുന്നതുവഴി കൂടുതൽ കുട്ടികളെ ആകർഷിക്കാൻ അവയ്ക്കു സാധിക്കും. നിലവിലുള്ള സ്ഥാപനങ്ങൾക്ക് അതൊരു വലിയ വെല്ലുവിളിയായിരിക്കുമെന്ന കാര്യം മറക്കരുത്. കൂടുതൽ മികച്ചതും വ്യത്യസ്തവുമായ കോഴ്സുകൾ പഠിക്കാൻ കുട്ടികൾക്ക് അവസരം സൃഷ്ടിക്കുന്നതിലൂടെ ആരോഗ്യകരമായ ഒരു മത്സരം നിലവിലുള്ള



▶▶ *കോർപ്പറേറ്റുകൾ കോടികൾ മുതൽമുടക്കി സർവകലാശാലകൾ ആരംഭിക്കുമ്പോൾ സാധാരണക്കാർക്ക് അത് അപ്രാപ്യമാവില്ലേ?*

വരുമാനം മാത്രം ലക്ഷ്യമാക്കി വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചാൽ ഈ സാഹചര്യം സംഭവിക്കാം. പക്ഷേ അത്തരം സ്ഥാപനങ്ങൾക്ക് ഏറെക്കാലം പിടിച്ചുനിൽക്കാനാവുമെന്നു തോന്നുന്നില്ല. വികസിത രാജ്യങ്ങളിലെ സാഹചര്യം നിരീക്ഷിക്കുക. അവിടെ പല സ്വകാര്യ യൂണിവേഴ്സിറ്റികളും സമൂഹത്തിന്റെ പിന്തുണയോടെ സമാഹരിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. യൂണിവേഴ്സിറ്റികൾ വിവിധ തരത്തിലുള്ള പ്രോഗ്രാമുകളിലൂടെയും കൺസൾട്ടൻസികളിലൂടെയും അവർക്കാവശ്യമായ തുക കണ്ടെത്തുന്നു. കോർപ്പറേറ്റുകൾക്കു മാത്രമല്ല, അല്ലാതെയുള്ളവർക്കും സ്വകാര്യ സർവകലാശാലകൾ ആരംഭിക്കാനുള്ള സാഹചര്യം ഇപ്പോളുണ്ട്.

ആര് യൂണിവേഴ്സിറ്റി ആരംഭിച്ചാലും അർഹതയുള്ള കുട്ടികൾക്കു പഠിക്കാൻ സ്കോളർഷിപ്പുകൾ ക്രമീകരിക്കാമല്ലോ. ലോകത്തെല്ലായിടത്തും ഇതിനു മികച്ച മാതൃകകളുണ്ട്. സാധാരണക്കാരെ പരിഗണിക്കാതെ ഒരു സംവിധാനത്തിനും അധികകാലം നിലനിൽക്കാൻ സാധിക്കയില്ല എന്നതു സത്യമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളും പുതുതായി രൂപീകരിക്കപ്പെടുന്ന സ്ഥാപനങ്ങളും തമ്മിൽ ഉണ്ടാവുകയാണെങ്കിൽ അത് ഗുണകരമാണെന്നാണ് എന്റെ അഭിപ്രായം.

മാറിയ സാഹചര്യത്തിൽ നിലവിലുള്ള സ്ഥാപനങ്ങൾ എങ്ങനെ അവയുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കണം എന്നതിന് യുജിസി മാർഗനിർദേശങ്ങൾ നല്കിയിട്ടുണ്ട്. Knowledge, Skill, Competency, Attitude എന്നീ നാല് മേഖലകളിൽ അവ ശ്രദ്ധയൂന്നണം. പുതുതായി വരുന്ന പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ കോഴ്സുകൾ ആസൂത്രണം ചെയ്യുമ്പോൾ, ഒരു ക്ലീൻ സ്ലേറ്റിൽ നിന്നാണല്ലോ അവരാരംഭിക്കുന്നത്. പൂർണമായും പുതിയ കോഴ്സുകളും ക്രമീകരണങ്ങളുമാവും അവിടെ യുണ്ടാകുന്നത്. അതിനാൽ ഇപ്പോഴുള്ള സ്ഥാപനങ്ങൾ കോഴ്സുകളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തണം, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം, സ്റ്റാർട്ടപ്പുകളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കണം. എങ്കിൽ മാത്രമേ അവയ്ക്കു പുതിയ കാലാവസ്ഥയിൽ പിടിച്ചുനില്ക്കാനാവൂ.

▶▶ *വിദ്യാഭ്യാസരംഗത്തെ പുതിയ സാഹചര്യങ്ങൾ വിദ്യാർഥികളുടെ വിദേശത്തേയ്ക്കുള്ള കുടിയേറ്റം കുറയ്ക്കുമെന്നു തോന്നുന്നുണ്ടോ?*

**വി. യൂദാശ്ലീഹായുടെ നൊവേന**

June1

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ

ഒരു വിശ്വാസി, കോട്ടയ്ക്കുപ്പുറം

**വി. യൂദാശ്ലീഹായുടെ നൊവേന**

June 4

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ

മേരിക്കുട്ടി, ചങ്ങനാശേരി



വിദേശത്തേയ്ക്കു പോകുന്ന എല്ലാ കുട്ടികൾക്കും അക്കാദമിക താത്പര്യം മാത്രമാണോ ഉള്ളത്? എങ്കിൽ അവരെല്ലാവരും അവിടത്തെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിലല്ലേ അഡ്മിഷൻ എടുക്കേണ്ടിയിരുന്നത്? അവിടെ ചെന്നാൽ ഉറപ്പായും ഒരു ജോലി കിട്ടും എന്നാണ് കുട്ടികളുടെ ചിന്ത. അതുകൊണ്ട് വിദ്യാഭ്യാസലോണും മറ്റും തിരിച്ചടയ്ക്കാം. അതിനുശേഷം അവിടെത്തന്നെ സ്ഥിരതാമസമാക്കാം. അവിടെ പഠിക്കുന്നതിനേക്കാൾ ഉയർന്ന ഡിഗ്രി നാട്ടിൽ സമ്പാദിച്ചാലും ചിലപ്പോൾ അവർക്കിവിടെ ജോലി കിട്ടണമെന്നില്ല.

ഇതിനു ബദലായി കുട്ടികൾക്കു നമ്മൾ കൊടുക്കേണ്ട ഉറപ്പ് ഇതാണ്: നിങ്ങൾ ഇവിടെ പഠിച്ചാലും നിങ്ങൾക്കു ജോലി കിട്ടും. അഥവാ, സ്വന്തമായി ബിസിനസ് ചെയ്തു നിങ്ങൾക്കു വിജയിക്കാം. അതവരെ ബോധ്യപ്പെടുത്താൻ പറ്റിയാൽ, തീർച്ചയായും കുട്ടികൾ ഒരു പുനർവിചിന്തനത്തിന് തയാറാവും.

ജനസംഖ്യാപരമായ കാരണങ്ങളും വിശകലനം ചെയ്യണം. വിദേശരാജ്യങ്ങളിൽ പലയിടത്തും യുവജനങ്ങൾ തീരെയില്ല. ജോലിക്ക് ആവശ്യത്തിന് ആളുമില്ല. ഇവിടെ നിന്നുവരുന്ന കുട്ടികൾ താരതമ്യേന കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യാൻ തയാറുമാണ്. ഇതും മറ്റു രാജ്യങ്ങൾ കുടിയേറ്റത്തെ


**വിദേശത്തേയ്ക്കു പോകുന്ന എല്ലാ കുട്ടികൾക്കും അക്കാദമിക താത്പര്യം മാത്രമാണോ ഉള്ളത്? എങ്കിൽ അവരെല്ലാവരും അവിടത്തെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലല്ലേ അഡ്മിഷൻ എടുക്കേണ്ടിയിരുന്നത്?**


പ്രോത്സാഹിപ്പിക്കാൻ കാരണമായിട്ടുണ്ട്. പക്ഷേ കൂടുതൽ ആളുകൾ അവിടേക്കു ചെന്നപ്പോൾ അവർ ശമ്പളം കുറച്ചു. അതേസമയം വീസ ചാർജും മറ്റു പഠനച്ചെലവുകളും വർധിപ്പിച്ചു. നിലവിൽ, വിദേശത്തേയ്ക്കു പോകുന്നതിന്റെ ആകർഷണീയത കുറഞ്ഞിട്ടുണ്ടെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

ഈ സാഹചര്യം ക്രിയാത്മകമായി ഉപയോഗിക്കാൻ നമുക്കു സാധിക്കണം. നമ്മൾ പരത്തി ഒത്തിരി കാര്യങ്ങൾ പഠിപ്പിക്കേണ്ടതില്ല. കുട്ടികൾക്ക് ആവശ്യമുള്ളതും, അവരാഗ്രഹിക്കുന്ന ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങളും മാത്രം പഠിപ്പിക്കുക. അതിന് പ്രായോഗികമായി എന്തു പ്രയോജനമാണുള്ളത് എന്നവരെ ബോധ്യപ്പെടുത്തുക. ഏതു തൊഴിലിനും അന്തസുണ്ട് എന്ന ബോധ്യം യുവജനങ്ങൾക്കു നല്കാനായാൽ ഒരു പരിധിയോളം അവരെ ഇവിടെ പിടിച്ചുനിർത്താനായേക്കും. ○

അഖിൽ അശ്വിൻ

# മഴയാണേ, സൂക്ഷിക്കണേ...

**മഴക്കാലം വരുന്നത് പലതരത്തിലുള്ള രോഗങ്ങളെയും കൊണ്ടാണ്. പനിയുടെതന്നെ വിവിധ വകഭേദങ്ങൾ മുതൽ വയറിളക്കംവരെ അതിൽപ്പെടും. മഴക്കാലരോഗങ്ങളും അവ നേരിടാനുള്ള മാർഗങ്ങളുമാണ് ആരോഗ്യരംഗത്തെ പ്രഗത്ഭർ പങ്കുവെക്കുന്നത്.**



## ജലദോഷവും മഴക്കാലവും

മഴക്കാലമായോ, ഭൂരിപക്ഷം പേരെയും ജലദോഷം പിടികൂടും. മഴയും വെള്ളവും തന്നെയാണ് ഇവിടെ മുഖ്യപ്രതികൾ എന്നാണ് പൊതുവിലുള്ള ധാരണ. മഴയെ മാത്രം കുറ്റംപറയാനാവില്ല. മഴയില്ലാതെയും ജലദോഷം വരാം. വൈറസുകളാണ് ജലദോഷത്തിനു കാരണം. ഏറ്റവും കൂടുതൽ ആളുകൾക്ക് പിടിപെടുന്ന അസുഖമാണ് ജലദോഷം. മുതിർന്നവർക്ക് അത് എണ്ണത്തിൽ കുറവായിരിക്കാം. പക്ഷേ, കുട്ടികൾക്ക് വർഷത്തിൽ അനവധി തവണ ജലദോഷം പിടിപെടുന്നുവെന്നാണ് അനുഭവം.

**ആളുകൾ ജോലിസ്ഥലങ്ങളിലും, കുട്ടികൾ സ്കൂളിലും ബസിലുമെല്ലാം അടുത്തടുത്താണല്ലോ ഇരിക്കുന്നത്. ജലദോഷം വളരെ പെട്ടെന്ന് സംക്രമിക്കാൻ അതാണ് പ്രധാന കാരണം.**

മൂക്കൊലിപ്പും മൂക്കടപ്പും തലവേദന യും തൊണ്ടവേദനയും ചുമയും പനി യുമാണ് ജലദോഷത്തിന്റെ പൊതു ലക്ഷണങ്ങൾ. വൈറസുകളാണ് ജലദോ ഷത്തിന് കാരണമെന്നു പറയുമ്പോഴും, അതിൽ പ്രധാനി റൈനോ വൈറസുകളാ ണ്. വായുവിലെ ചെറിയ കണികകളിൽ കൂടി ഈ വൈറസുകൾ ശരീരത്തിൽ പ്രവേശിക്കും. ജലദോഷബാധിത രുടെ മൂക്കിലെയും തൊണ്ടയിലെയും സ്രവങ്ങളിലൂടെയും, സ്പർശനം വഴിയും ജലദോഷലക്ഷണങ്ങൾ ആറുമണിക്കൂറി നുള്ളിൽ പ്രത്യക്ഷപ്പെടാം.

അന്തരീക്ഷത്തിലെ കുറഞ്ഞ താപനി ലയും ഈർപ്പത്തിലുള്ള വ്യത്യാസവും ജലദോഷ വൈറസുകൾക്ക് അനുകൂല അന്തരീക്ഷമൊരുക്കുന്നു. മഴക്കാലം ഇതി നു തികച്ചും അനുയോജ്യമായ സാഹച ര്യം സൃഷ്ടിക്കുന്നതാണ് അക്കാലത്തു ജലദോഷം കൂടാൻ കാരണം. ആളുകൾ ജോലിസ്ഥലങ്ങളിലും, കുട്ടികൾ സ്കൂളി ലും ബസിലുമെല്ലാം അടുത്തടുത്താ ണല്ലോ ഇരിക്കുന്നത്. ജലദോഷം വളരെ പെട്ടെന്ന് സംക്രമിക്കാൻ അതാണ് പ്ര ധാന കാരണം. ശരീരത്തിന്റെ പ്രതിരോ ധശേഷി കുറയുന്നതും ജലദോഷം പി ടിപെടാൻ കാരണമാകാം.

ഇടയ്ക്കിടെയുള്ള കൈകഴുകൽ, ആവശ്യത്തിനുള്ള ഉറക്കം, പോഷകാ ഹാരം ഇവയെല്ലാം ജലദോഷത്തിൽനിന്ന് രക്ഷനേടാനുള്ള പോംവഴികളാണ്.

**എന്തു കഴിക്കണം?**

ജലദോഷം വരുമ്പോൾ എന്തുകഴിക്കണം എന്നത് പലരുടെയും



സംശയമാണ്. പലർക്കും വിശപ്പു കുറ യും, ആഹാരത്തിനു രുചിയില്ലാതാകും. ഹോട്ട് ആന്റ് സവർ ചിക്കൻ സൂപ്പ് ജലദോഷത്തിനു നല്ലൊരു പരിഹാരമാ ണ്. ചിക്കൻ സൂപ്പ് ഇഷ്ടമില്ലാത്തവർക്ക് പച്ചക്കറി സൂപ്പ് പരീക്ഷിക്കാം. ഇഞ്ചിയിട്ട ചായയാണ് മറ്റൊന്ന്. ഇഞ്ചി ചേർക്കാതെയുള്ള ചായയും ഗ്രീൻ ടീയും ജലദോഷം കുറയ്ക്കാൻ സഹായിക്കും. ചായ കുടിക്കുമ്പോൾ പഞ്ചസാരയ്ക്കു പ കരം തേൻ ചേർക്കുക. ജലദോഷത്തോട് അനുബന്ധിച്ചുണ്ടാകുന്ന ചുമയ്ക്ക് തേൻ മികച്ച പ്രതിവിധിയാണ്. വൈറ്റമിനുകൾ, ധാതുക്കൾ, ആന്റി ഓക്സിഡന്റുകൾ എന്നിവ ധാരാളമടങ്ങിയ പച്ചക്കറികളും പഴങ്ങളും ജലദോഷം വരുമ്പോൾ കഴി ക്കണം.

**അടുക്കളവൈദ്യം**

തുളസിയിലയും കൽക്കണ്ടവും ചേർത്തരച്ച് മിശ്രിതമാക്കി ഭക്ഷിക്കുന്ന തും, ഇഞ്ചിയും കറുവാപ്പട്ടയും ചേർത്ത

## മഴക്കാലത്ത് മറക്കരുത്

* ശുദ്ധജലം മാത്രം ഉപയോഗിക്കുക. തിളപ്പിച്ചാറിയ വെള്ളം കുടിക്കുക.
* ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും പൊത്തിപ്പിടിക്കുക.
* നല്ലതുപോലെ ഉണങ്ങിയ അടിവസ്ത്രങ്ങൾ മാത്രം ഉപയോഗിക്കുക. തുണി ഉണങ്ങാതെ ഉപയോഗിക്കുന്നത് പൂപ്പൽബാധയ്ക്കു കാരണമാകും.
* വീടിന്റെ പരിസരങ്ങളിൽ വെള്ളം കെട്ടിക്കിടക്കാനോ കൊതുകു പരക്കാനോ സാഹചര്യം സൃഷ്ടിക്കരുത്.
* നന്നായി വേവിച്ച ഭക്ഷണം മാത്രം കഴിക്കുക.
* വൃത്തിഹീനമായ സാഹചര്യത്തിൽ ഉണ്ടാക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഭക്ഷണം ഒഴിവാക്കുക.

ഔഷധച്ചായ കുടിക്കുന്നതും, ഒരു കപ്പ് വെള്ളത്തിൽ കുരുമുളകും ഇഞ്ചിയും ചേർത്ത് തിളപ്പിച്ചു കുടിക്കുന്നതും, ആവി പിടിക്കുന്നതും ജലദോഷം കുറയ്ക്കാനു ള്ള എളുപ്പവഴികളാണ്. ജലദോ ഷം വരുമ്പോൾ വെള്ളം നന്നായി കു ടിക്കണം. നിർജലീകരണം തടയാൻ സഹായിക്കുമെന്നു മാത്രമല്ല, തൊണ്ട നനവുള്ളതായിരിക്കാനും തൊണ്ടയടപ്പു മാറാനും ഇതാണ് പരിഹാരം.

ജലദോഷം സാധാരണ ഒരാഴ്ച കൊണ്ടു മാറും. അതിനു ശേഷവും ജലദോഷം വിട്ടുമാറുന്നില്ലെങ്കിൽ ഡോ ക്ടറെ കാണാൻ വൈകരുത്.

## എലിപ്പനി



ഓരോ തവണയും മഴക്കാലം പതിവുതെ റ്റാതെ രോഗങ്ങളുമായാണ് കടന്നുവ രുന്നത്. മഴക്കാലരോഗങ്ങൾ പലതും സാംക്രമികരോഗങ്ങൾ കൂടിയാണ്. കൃത്യമായ മുൻകരുതലും ശ്രദ്ധാപൂ ർവകമായ ജീവിതശൈലിയുമാണ് ഇതിനുള്ള പരിഹാരം. ജലദോഷം, വൈറൽ ഫീവർ തുടങ്ങിയവ കൂടാതെ മഴക്കാലത്ത് കണ്ടുവരുന്ന വേറെ ചില രോഗങ്ങളുമുണ്ട്. കൊതുകുകൾ പ രത്തുന്ന ഡെങ്കി, മലിനജലത്തിലൂടെ വ്യാപിക്കുന്ന എലിപ്പനി, കോളറ, മഞ്ഞപ്പിത്തം, വയറിളക്കരോഗങ്ങൾ എന്നിവയാണ് അവ. അതിൽതന്നെ എലിപ്പനിയും ഡെങ്കിപ്പനിയും പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു.

മനുഷ്യരിൽ ഉണ്ടാകുന്ന ജന്തുജന്യ രോഗമാണ് എലിപ്പനി. ലെപ്റ്റോസൈപ റോസിസ്, വീൽസ് ഡിസീസ് എന്നീ പേരുകൾകൂടി ഇതിനുണ്ട്. സാധാരണ എലികളെയാണ് പ്രതിസ്ഥാനത്ത് നി ർത്തുന്നതെങ്കിലും എലികൾക്കു പു റമെ കന്നുകാലികൾ, നായ, പന്നി, കുറുക്കൻ, ചിലയിനം പക്ഷികൾ എന്നി വയുടെ മൂത്രത്തിലൂടെയും ഈ രോ ഗം വ്യാപിക്കാറുണ്ട്. കെട്ടിക്കിടക്കുന്ന വെള്ളത്തിലൂടെയാണ് എലിപ്പനി പ്ര ധാനമായും പടരുന്നത്. അതിനാൽ പാ ടത്തും ചെളിയിലും ഓടകളിലും മറ്റും പ ണിചെയ്യുന്നവർ ഈ രോഗത്തിന് കൂടു തൽ ഇരകളാകുന്നു. കൈകാലു കളിൽ ഉണ്ടാകുന്ന ചെറുതും വലു തുമായ മുറിവുകൾ, വ്രണങ്ങൾ ഇവയിലൂടെയാണ് രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നത്. അവ പ്ര വേശിച്ചുകഴിഞ്ഞ് 10 ദിവസത്തിനു ള്ളിൽ രോഗലക്ഷണങ്ങൾ കണ്ടുതു ടങ്ങും. ചിലപ്പോൾ അത് 20 ദിവസം വരെയുമാകാം. പനി, കുളിര്, തളർച്ച, ശരീരവേദന, തലവേദന, ഛർദി, വിശപ്പില്ലായ്മ, മനംപിരട്ടൽ എന്നിവയാ ണ് മുഖ്യരോഗലക്ഷണങ്ങൾ. കണ്ണിനു ചുവപ്പ്, പേശീവേദന, തലവേദന എന്നി വയും ചിലരിൽ കാണാറുണ്ട്.

കാലിലോ ശരീരത്തിലോ മുറി വുള്ളപ്പോൾ വെള്ളക്കെട്ടുകളിൽ ഇറങ്ങാതിരിക്കുക, ബൂട്ടുകളും കൈയു റകളും ധരിച്ചുമാത്രം വെള്ളക്കെട്ടുകളി ലും പാടത്തും ജോലിചെയ്യുക, തൊഴു ത്തുകളും പന്നിഫാമുകളും വൃത്തിയായി സൂക്ഷിക്കുക തുടങ്ങി യവയാണ് പ്രധാന പ്രതിരോധ മാർഗങ്ങൾ. കന്നുകാലികളെ മഴക്കാലം കഴിഞ്ഞാലുടനെ വയലിൽ മേയാൻ വിടാതിരിക്കുന്നതാണ് നല്ലത്.

മരണം വരെ സംഭവിച്ചേക്കാവുന്ന ഗു രുതരരോഗമാണ് എലിപ്പനി. രോഗാണു ശരീരത്തിൽ പ്രവേശിച്ചുകഴിഞ്ഞ് ഒരാ ഴ്ചയ്ക്കുള്ളിൽ കരൾ, വൃക്ക, ഹൃദയം, ശ്വാസകോശം എന്നീ ആന്തരാവയവങ്ങ ളുടെ പ്രവർത്തനം തകരാറിലാവുക യും, രക്തസ്രാവത്തിന് ഇടയാവുകയും ചെയ്യും.

## ഡെങ്കിപ്പനി



ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് ഡെങ്കിപ്പനി വരുത്തിവെക്കുന്നത്. ചിക്കുൻഗുനിയ, മസ്തിഷ്ക ജ്വരം തുടങ്ങിയ രോഗങ്ങൾ വരുത്തുന്നതും ഇതേ വിഭാഗത്തിലെ കൊതുകുകൾ തന്നെ. കറുപ്പു നിറം, മൂന്ന് ജോഡി കാലുകളിലും മുതുകിലും വെളുത്ത വരകൾ ഇവയോടുകൂടിയതാണ് ഈഡിസ് കൊതുകുകൾ. കെട്ടിക്കിടക്കുന്ന വെള്ളത്തിലാണ് ഈ കൊതുകുകൾ മുഖ്യമായും കാണപ്പെടുന്നത്. അധികദൂരം പറക്കാൻ കഴിവില്ലാത്തതിനാൽ, വീടുകളുടെ പരിസരങ്ങളിൽ ഇവ കൂടുതൽ കാണപ്പെടുന്നു. പനി, ശരീരത്തിൽ ചുമന്ന പാടുകൾ, രക്തസ്രാവം, രക്തത്തോടെയുള്ള ഛർദി, ശ്വാസോഛ്വാസത്തിന് വൈഷമ്യം തുടങ്ങിയവയാണ് പ്രധാന രോഗലക്ഷണങ്ങൾ.

വീട്ടിലും പരിസരത്തും വെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കാതിരിക്കുക, ഉപയോഗശൂന്യമായ പാത്രങ്ങൾ, ബോട്ടിലുകൾ, ടയറുകൾ തുടങ്ങിയവ നീക്കംചെയ്യുക എന്നിവയാണ് പ്രതിരോധ മാർഗങ്ങൾ. കൊതുകുവല ഉപയോഗിക്കുക, ശരീരം മുഴുവൻ മൂടുന്ന വസ്ത്രം ധരിക്കുക, തിരികളും ലേപനങ്ങളും ഉപയോഗിച്ച് കൊതുകുകടി പ്രതിരോധിക്കുക എന്നിവയും സ്വീകരിക്കാവുന്ന മാർഗങ്ങൾ തന്നെ.

പ്രമേഹരോഗികൾ, രക്തസമ്മർദ രോഗികൾ, ശ്വാസകോശരോഗികൾ, ഹൃദ്രോഗികൾ, കാൻസർ രോഗികൾ, വൃദ്ധർ, ശിശുക്കൾ തുടങ്ങിയവരുടെ കാര്യത്തിൽ  പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

## കുട്ടികളിലെ വയറിളക്കം



അഞ്ചു വയസിൽ താഴെ പ്രായമുള്ള കുട്ടികളിൽ മരണത്തിനു വരെ കാരണമായേക്കാവുന്ന രോഗമാണ് വയറിളക്കം. പ്രതിവർഷം ഏകദേശം 444,000 കുട്ടികളെങ്കിലും വയറിളക്കംമൂലം മരണമടയുന്നുവെന്നാണ് കണക്ക്. ഒരു ദിവസം മൂന്നോ അതിലധികമോ തവണ, അയഞ്ഞതോ ദ്രാവകരൂപത്തിലുള്ളതോ ആയ മലം വരുന്നതിനെ വയറിളക്കം എന്നുപറയുന്നു. മുലപ്പാൽ കുടിക്കുന്ന കുഞ്ഞുങ്ങൾക്ക് ഇടയ്ക്കിടെ രൂപഭേദമുള്ള മലം വരുന്നത് വയറിളക്കമല്ല എന്നുകൂടി മനസിലാക്കുക.

കുടലിലെ അണുബാധ, വൃത്തിഹീനമായ ഭക്ഷണം, മലിനമായ കുടിവെള്ളം എന്നിവയും ശുചിത്വക്കുറവും വയറിളക്കത്തിന് കാരണമാകാം. ബാക്ടീരിയ, വൈറസ്, പരാദജീവികൾ എന്നിവയെല്ലാം ഇതിനു വഴിമരുന്നിടും. ഭക്ഷണം തയാറാക്കുന്ന സ്ഥലത്തെ ശുചിത്വം പ്രധാനഘടകമാണ്. ശുചിത്വമില്ലാത്ത സ്ഥലത്ത് ഭക്ഷണം പാകംചെയ്യുമ്പോൾ

അത് വയറിളക്കത്തിനു കാരണമാകുന്നു. മലിനജലത്തിൽ നിന്നുള്ള മത്സ്യവും സമുദ്രവിഭവങ്ങളും വയറിളക്കം ഉണ്ടാക്കാം. മനുഷ്യരുടെയും മൃഗങ്ങളുടെയും വിസർജ്യം അടങ്ങിയ വെള്ളവും അപകടകാരിയാണ്.

അഞ്ചുവയസിനു താഴെ പ്രായമുള്ള കുട്ടികളിലെ വയറിളക്കത്തിന് പോഷകാഹാരക്കുറവും കാരണമാണെന്നു കണ്ടെത്തിയിട്ടുണ്ട്. പ്രതിരോധശേഷി കുറവുള്ളവരിലും എച്ച്ഐവി ബാധിതരിലും വയറിളക്കസാധ്യത കൂടുതലാണ്.

മുമ്പൊക്കെ നിർജലീകരണം മൂലമാണ് വയറിളക്കബാധിതർ മരിച്ചിരുന്നതെങ്കിൽ, ഇപ്പോഴത് സെപ്റ്റിക് ബാക്ടീരിയ അണുബാധ പോലുള്ള കാരണങ്ങൾ കൊണ്ടാണ് കൂടുതലും സംഭവിക്കുന്നത്. വയറിളക്കം പ്രധാനമായും മൂന്നുതരമുണ്ട്; ജലജന്യമായ കടുത്ത വയറിളക്കം, കടുത്ത രക്തരൂക്ഷിതമായ വയറിളക്കം, തുടർച്ചയായ വയറിളക്കം.

ശുദ്ധമായ കുടിവെള്ളം, ശുചിത്വം, സോപ്പ് ഉപയോഗിച്ചുള്ള കൈകഴുകൾ എന്നിവയെല്ലാം രോഗസാധ്യത കുറയ്ക്കാൻ സഹായിക്കും. ഓറൽ റീഹൈഡ്രേഷൻ ലായനിയാണ് (ഒആർഎസ്) വയറിളക്കത്തിന് ഏറ്റവും നല്ലത്.

സ്ഥിരമായി വയറിളക്കം ഉണ്ടാവുകയോ മലത്തിൽ രക്തം കാണപ്പെടുകയോ നിർജലീകരണത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ഉടനടി ഡോക്ടറെ കാണണം.

## മഴക്കാലത്തെ സൗന്ദര്യസംരക്ഷണം

ഋതുക്കൾ മാറുന്നതനുസരിച്ച് സൗന്ദര്യസംരക്ഷണത്തിലും മാറ്റം വരുത്തണം. ചർമത്തിൽ എണ്ണമയം കുറഞ്ഞ് വലിച്ചിലുണ്ടാകുന്ന കാലമാണ് മഴക്കാലം. സെബേഷ്യസ് ഗ്രന്ഥികളുടെ പ്രവർത്തനം കുറയുന്നതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. ഇതൊഴിവാക്കാൻ എള്ളെണ്ണയും വെളിച്ചെണ്ണയും തുല്യ അളവിലെടുത്തു മസാജ് ചെയ്യുക. ഇതു ചർമത്തിന് ആകർഷണീയതയുണ്ടാക്കും. കുളി കഴിഞ്ഞാലുടൻ മോയ്ചറൈസർ പുരട്ടുക.

രണ്ടുനേരം തലനനച്ചു കുളിക്കുന്നവരുണ്ടെങ്കിൽ മഴക്കാലത്ത് ഒരു പ്രാവശ്യം മാത്രം മുടി കഴുകിയാൽ മതി. നന്നായി ഉണങ്ങിയശേഷം മാത്രം മുടി കെട്ടിവെക്കുക. ഹെയർ സ്പാ, ഓയിൽ മസാജ് എന്നിവയും ഗുണംചെയ്യും. മഴക്കാലത്ത് പലപ്പോഴും പെട്ടെന്ന്


**പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന**

June 2

പരിശുദ്ധാത്മാവായ ദൈവമേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കാനും മറക്കാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ, വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു... (നിയോഗം പറയുക). ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. ഒരു വിശ്വാസി, അയർകുന്നം



**പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന**

June 2

പരിശുദ്ധാത്മാവായ ദൈവമേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കാനും മറക്കാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ, വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു... (നിയോഗം പറയുക). ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. ഒരു വിശ്വാസി, അയർകുന്നം

അസുഖം പിടിപെടുന്ന അവയവമാണ് കാലുകൾ. മഴ നനഞ്ഞ് നടക്കുന്നതുമൂലം കാലുകൾക്ക് വേദന, വളംകടി, കുഴിനഖം തുടങ്ങിയവയ്ക്കെല്ലാം സാധ്യതയുണ്ട്. കുഴിനഖം പോലുള്ള പ്രശ്നങ്ങൾ അകറ്റാൻ പെഡിക്യൂർ ചെയ്യുക. പെഡിക്യൂർ ചെയ്യുമ്പോൾ പ്രഷർ പോയിന്റുകളിൽ മസാജ് ചെയ്യുന്നതു കൊണ്ട് കാലുവേദനയ്ക്കും കുറവുണ്ടാകും.

## കുഞ്ഞുങ്ങളെ എണ്ണ തേപ്പിച്ചു കുളിപ്പിക്കണോ?



കുഞ്ഞുങ്ങളെ എണ്ണ തേപ്പിച്ചു പാളയിൽ കിടത്തി കുളിപ്പിക്കുന്നത് പഴയ തലമുറയുടെ രീതിയായിരുന്നു. എന്നാൽ ഇന്നു പാള ഇല്ലാതെയായി. കുഞ്ഞുങ്ങളെ അങ്ങനെ കുളിപ്പിക്കേണ്ട കാര്യമില്ല എന്ന വിചാരം ചിലർക്കെങ്കിലുമുണ്ട്. നവജാത ശിശുക്കളെ എണ്ണ തേപ്പിച്ചു കുളിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അത് കുഞ്ഞുങ്ങളുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിത മത്രേ. എല്ലാ കുഞ്ഞുങ്ങളെയും എണ്ണ തേപ്പിച്ചു കുളിപ്പിക്കണമെങ്കിലും, അതേറ്റവും ആവശ്യമുള്ളത് തൂക്കം കുറഞ്ഞ കുഞ്ഞുങ്ങൾക്കും മാസം തികയാതെ പിറക്കുന്ന കുഞ്ഞുങ്ങൾക്കുമാണ്. മസിലുകളുടെ ശക്തി വർധിക്കാനും തൂക്കം കൂടാനും എണ്ണ തേപ്പിച്ചു കുളിപ്പിക്കുന്നത് സഹായകമാകും. തലമുതൽ പാദം വരെയാണ് മസാജ് ചെയ്യേണ്ടത്. തുടക്കത്തിൽ ഓരോ സ്റ്റെപ്പും മൂന്നുതവണ വീതം ചെയ്താൽ മതിയാകും. കുഞ്ഞിന്റെ തൂക്കം കൂടുന്നതിനനുസരിച്ച് അതു വർധിപ്പിച്ചുകൊണ്ടുവരാം. രണ്ടുകിലോയിൽ താഴെ തൂക്കമുള്ള കുഞ്ഞുങ്ങൾക്ക് 2-3 മിനിറ്റ് മാത്രം മസാജ് ചെയ്താൽ മതി. ഇത് ക്രമേണ 15 മിനിറ്റ് വരെയാക്കിയെടുക്കാം.

മസാജ് എപ്പോൾ ചെയ്യണം എന്ന കാര്യവും അറിഞ്ഞിരിക്കണം. കുഞ്ഞ് ഏറ്റവും സന്തോഷത്തോടെയിരിക്കുന്ന അവസ്ഥയിലേ മസാജ് ചെയ്യാവൂ. പാൽകുടിച്ചയുടനെ മസാജ് ചെയ്യരുത്. സർക്കിൾ രീതിയിൽ ശിരസ് ആദ്യം മൂന്നുതവണയും, അതിനുശേഷം നെറ്റിയിൽ പെരുവിരൽകൊണ്ടു മൂന്നുതവണയും മസാജ് ചെയ്യാം. കവിൾ അപ്പർ ഡയറക്ഷനിലും ചുണ്ടുകൾ സർക്കിൾ രീതിയിലുമാണ് ചെയ്യേണ്ടത്. താടി മുതൽ കവിൾ വരെയും തലോടികൊടുക്കുക. കണ്ണുകൾക്കിടയിൽ നിന്നാരംഭിച്ച് മൂക്ക് സാവധാനം തടവികൊടുക്കുക. പുറത്തേക്ക് എന്ന രീതിയിലാണ് കാതുകൾ മസാജ് ചെയ്യേണ്ടത്. അതിനുശേഷം ഏറ്റവും മൃദുവായി ശരീരം തടവുക. നെഞ്ചിന്റെ ഭാഗം മസാജ് ചെയ്യുമ്പോൾ മൂന്നുവിരലുകൾ മാത്രം ഉപയോഗിച്ചാൽ മതി. കൈകൾ മസാജ് ചെയ്യുമ്പോൾ വിരൽത്തുമ്പു വരെ ചെയ്യാനും ശ്രദ്ധിക്കണം. ചെരിച്ചു കിടത്തിയതിനുശേഷം തല മുതൽ പാദം വരെയും തടവിക്കൊടുക്കാം. ○

## പല വിചാരം

 റ്റി.സി മാത്യു

**ഭീകരാക്രമണത്തിന് ആരും മറക്കാത്ത പകരംവീട്ടലിനപ്പുറം ഒരു ലക്ഷ്യം ഓപ്പറേഷൻ സിന്ദൂറിന് ഉണ്ടായിരുന്നില്ല എന്നു വ്യക്തം.**

# കരുത്തു തെളിയിച്ച് ഓപ്പറേഷൻ സിന്ദൂർ

അതിർത്തി തത്കാലം ശാന്തമായി. വെടിയൊച്ചകൾ നിലച്ചു. ഏപ്രിൽ 22നു പഹൽഗാമിൽ പാകിസ്ഥാന്റെ പിന്തുണയുള്ള ഭീകരർ 26 പേരെ വധിച്ചതിനെ തുടർന്നാണ് ഒരു യുദ്ധത്തിന്റെ വക്കിലേക്ക് ഇന്ത്യ എത്തിപ്പെട്ടത്. മേയ് ഏഴിന് ഓപ്പറേഷൻ സിന്ദൂർ എന്നു പേരിട്ട തിരിച്ചടി ഇന്ത്യ ആരംഭിച്ചു. മേയ് 10ന് വെടിനിർത്തൽ ധാരണ പ്രഖ്യാപിച്ചു.

ആണവയുദ്ധത്തിന്റെ വക്കിലെത്തിയ രണ്ടു രാജ്യങ്ങളെ, താൻ കൂടുതൽ വ്യാപാരം നടത്താം എന്നു പറഞ്ഞാണു പിന്തിരിപ്പിച്ചത് എന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പിന്നീടു പറഞ്ഞു. ട്രംപിന്റെ മധ്യസ്ഥതയിലാണു വെടിനിർത്തൽ എന്നു പാകിസ്ഥാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ആരുടെയും മധ്യസ്ഥത പോരാട്ടം നിർത്തിവെക്കുന്നതിനു പിന്നിൽ ഇല്ല എന്നാണ് ഇന്ത്യ പറയുന്നത്.

യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി വാൻസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിച്ചു എന്നിടത്തോളം മാത്രമാണ് ഇന്ത്യ സമ്മതിച്ചിട്ടുള്ളത്. പാകിസ്ഥാന്റെ ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻസ് (ഡിജിഎംഒ) ഇന്ത്യയുടെ ഡിജിഎംഒയെ ഹോട്ട് ലൈനിൽ വിളിച്ച് വെടിനിർത്തൽ ആവശ്യപ്പെട്ടു, നിങ്ങൾ വെടിവെക്കാതിരുന്നാൽ ഞങ്ങൾ വെടിവെക്കില്ല എന്ന് ഇന്ത്യ പറഞ്ഞു, അവർ സമ്മതിച്ചു, അങ്ങനെ വെടിനിർത്തി എന്നാണ് ഇന്ത്യയുടെ പക്ഷം. ഓപ്പറേഷൻ സിന്ദൂർ നിർത്തിവെച്ചിട്ടില്ല എന്നു പ്രധാനമന്ത്രിയും സൈനിക വക്താക്കളും വ്യക്തമാക്കിയിട്ടുണ്ട്.

അത്ര ഭദ്രമല്ലാത്ത ഒരു വെടിനിർത്തലാണ് അതിർത്തിയിൽ ഉണ്ടായിട്ടുള്ളത്. അതത്ര സുഖമുള്ള കാര്യമല്ല. പക്ഷേ രാഷ്ട്രീയസാഹചര്യങ്ങൾ അതിനു വഴിതെളിക്കുന്നു. മോദി പ്രധാനമന്ത്രിയായ ശേഷം ഭീകരാക്രമണങ്ങൾക്ക് പാകിസ്ഥാനിലെത്തി മറുപടി നല്കുന്നതും അതു പരസ്യപ്പെടുത്തുന്നതും രീതിയായി മാറി. 2016ലെ ഉറി ആക്രമണത്തെ തുടർന്നു പാക് അധീന കാശ്മീരിൽ സർജിക്കൽ സ്ട്രൈക്ക് നടത്തി. 2019ൽ പുൽവാമയിൽ 46 സിആർപിഎഫ് ജവാന്മാരെ ഭീകരർ ചാവേറാക്രമണത്തിൽ വധിച്ചതിനു പകരമായി ബാലാകോട്ട് മലനിരകളിൽ ഇന്ത്യൻ വ്യോമസേന കനത്ത ആക്രമണം നടത്തി. ഇന്ത്യയിലേക്കു കടക്കാൻ തയാറെടുത്തിരുന്ന ഭീകരരുടെ താവളങ്ങൾ തകർത്തു എന്നാണ് ഇന്ത്യ വിശദമാക്കിയത്. അവിടം ആളുകൾ ഇല്ലാത്ത

**മോദി പ്രധാനമന്ത്രിയായ ശേഷം ഭീകരാക്രമണങ്ങൾക്ക് പാകിസ്ഥാനിലെത്തി മറുപടി നല്കുന്നതും അതു പരസ്യപ്പെടുത്തുന്നതും രീതിയായി മാറി.**



## ട്രയംഫിനു വൻവിജയം

പോരാട്ടം കഴിഞ്ഞതോടെ ഇന്ത്യയുടെ പ്രതിരോധ, മുന്നേറ്റ സംവിധാനങ്ങളെപ്പറ്റി മതിപ്പു വർധിച്ചു. റഷ്യയിൽ നിന്നു വാങ്ങിയ എസ്400 ട്രയംഫ് (വിജയം) ആണ് വ്യോമാക്രമണങ്ങൾ പ്രതിരോധിക്കുന്നതിനു മുന്നിൽ നിന്നത്. 2022ലും പിന്നീടുമായി വാങ്ങിയ നാല് എസ് 400 സിസ്റ്റങ്ങൾ ഇന്ത്യയിലുണ്ട്. അന്നു തന്നെ കരാറായ അഞ്ചാമത്തെ സിസ്റ്റം അടുത്ത വർഷമെത്തും. മിസൈലുകൾ, യുദ്ധവിമാനങ്ങൾ, ഡ്രോണുകൾ എന്നിവ വിദൂരത്തിൽ തന്നെ കണ്ടു തകർക്കാൻ ഈ സിസ്റ്റത്തിനു കഴിയും. അത് ഓപ്പറേഷൻ സിന്ദൂറിൽ വിജയകരമായി തെളിയിക്കയും ചെയ്തു. ഇന്ത്യ സ്വന്തമായി വികസിപ്പിച്ച വ്യോമപ്രതിരോധ സംവിധാനം ആകാശ് മിസൈൽ സിസ്റ്റവും ഇസ്രയേലിന്റെ ബരാക് സിസ്റ്റവും എസ് 400ഉം കോർത്തിണക്കുന്ന നിർമിതബുദ്ധി അധിഷ്ഠിത ആകാശ്തീർ സംവിധാനവും ഇത്തവണ പരീക്ഷിക്കപ്പെട്ടു.

ഇന്ത്യയുടെ റഫാൽ പോർവിമാനങ്ങളുടെ പ്രകടനവും ശ്രദ്ധേയമാണ്. പാകിസ്ഥാന്റെ വ്യോമപ്രതിരോധ സംവിധാനങ്ങളെ മറികടന്നു ലക്ഷ്യം നേടാൻ ഉള്ളവയാണ് റഫാലുകൾ. റഫാൽ അടക്കം അഞ്ച് ഇന്ത്യൻ വിമാനങ്ങൾ വീഴ്ത്തിയതായി പാകിസ്ഥാൻ അവകാശപ്പെടുന്നുണ്ടെങ്കിലും അതിനു സ്ഥിരീകരണമില്ല. പോരിൽ നഷ്ടം സ്വാഭാവികം എന്നു മാത്രമാണ് ഇന്ത്യ പറഞ്ഞത്. നമ്മുടെ പൈലറ്റുമാർ ആരെയും നഷ്ടപ്പെട്ടില്ലെന്നും സേനാവക്താക്കൾ പറഞ്ഞു. ഇന്ത്യയിൽ രണ്ടോ മൂന്നോ സ്ഥലത്തു വിമാനങ്ങളുടെ അവശിഷ്ടങ്ങൾ കിട്ടിയതായി റിപ്പോർട്ടുണ്ട്.

ശ്രദ്ധേയമായ കാര്യം, ഇന്ത്യയോ പാകിസ്ഥാനോ വ്യോമാതിർത്തി ലംഘിച്ചതായി പരസ്പരം ആരോപിച്ചിട്ടില്ല എന്നതാണ്. വിമാനങ്ങൾ ഉയർന്നു പറന്ന് അവയിൽനിന്നു മിസൈലുകൾ തൊടുത്ത് ലക്ഷ്യങ്ങൾ ആക്രമിച്ചു. അതിർത്തി കടക്കാതെ നൂറുകണക്കിനു കിലോമീറ്റർ അകലേക്കു മിസൈൽ എത്തിക്കാൻ കഴിഞ്ഞു. അതേസമയം ശത്രുവിന്റെ വ്യോമപ്രതിരോധ സംവിധാനത്തിന്റെ കണ്ണിൽ പെടാതെ നോക്കണം. ഈ സാഹചര്യത്തിൽ ഇന്ത്യയിൽ കണ്ട വിമാനഭാഗങ്ങൾ ശത്രുക്കളുടേതാകാൻ വഴിയില്ല.

യുദ്ധം കഴിഞ്ഞതോടെ റഫാൽ നിർമാതാക്കളായ ദസോ ഏവിയേഷന്റെ ഓഹരിവിലയിൽ വലിയ മാറ്റമുണ്ടായി. യുദ്ധം നടന്ന ദിവസങ്ങളിൽ ഉയർന്നു നിന്ന ഓഹരിവില പിന്നീട് ഒരു മാസം മുമ്പത്തെ നിലയിലേക്കു താഴ്ന്നു. അതേസമയം പാകിസ്ഥാൻ ഉപയോഗിക്കുന്ന ചൈനീസ് ജെ10 പോർവിമാനങ്ങളുടെ നിർമാതാക്കളായ ആവിക് ചെംഗ്ഡു എയർക്രാഫ്റ്റിന്റെ ഓഹരിവില യുദ്ധം തുടങ്ങിയശേഷം 60 ശതമാനത്തിലധികം കയറി. പിന്നീടു 10 ശതമാനം താഴ്ന്നു.

മലഞ്ചെരിവാണെന്നു പാകിസ്ഥാൻ വാദിച്ചു. ഒരു ദിവസത്തിനു ശേഷം ഒരു ഇന്ത്യൻ വ്യോമസേനാ പൈലറ്റിനെ വിമാനം വെടിവെച്ചിട്ടു പാകിസ്ഥാൻ പിടികൂടിയതും ആഗോള ഇടപെടലിനെ തുടർന്നു തിരിച്ചുവിട്ടതും അതിന്റെ ബാക്കികഥ.

ഇവയ്ക്കുശേഷം ഒരു വലിയ ഭീകരാക്രമണം ഉണ്ടായപ്പോൾ ഇന്ത്യ വളരെ വലിയ തിരിച്ചടി നല്കും എന്നു ജനങ്ങൾ കരുതി. ആ പ്രതീക്ഷകൾ സമൂഹമാധ്യമങ്ങളിൽ മാത്രമല്ല, ടിവി ചാനലുകളിലും മറ്റും നിറഞ്ഞുനിന്നു. വളരെ വികാരഭരിതമായ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. ഈ സാഹചര്യത്തിലാണ് ഓപ്പറേഷൻ സിന്ദൂർ തുടങ്ങിയത്. അതിനു മുമ്പും പിമ്പും നടന്ന ട്രോൾ പോരാട്ടങ്ങളും മറ്റും ഒരു കാര്യം വ്യക്തമാക്കി; ഒരു സമഗ്രയുദ്ധം നടത്തി പാകിസ്ഥാനെ ചിന്നഭിന്നമാക്കി മാറ്റുന്നതാണ് വിജയം

എന്നു കുറെയേറെപ്പേർ വിശ്വസിക്കുന്നു. രാജ്യാന്തരബന്ധങ്ങളുടെ നിലയോ നയതന്ത്രമോ ഒന്നും അറിയാത്തവരുടെ ആ നിലപാട് ഭരണകൂടവുമായി ബന്ധപ്പെട്ട പലരുടെയും ഉള്ളിലിരിപ്പു കൂടിയാണ്. ഈ പശ്ചാത്തലത്തിൽ വെടിനിർത്തൽ ഉണ്ടായിരുന്നില്ലെങ്കിൽ കാര്യങ്ങൾ കൈവിട്ടു പോകുമായിരുന്നു.

സൈനികനീക്കം ഇല്ലാതെ ഡ്രോണുകളും ഗതിനിയന്ത്രിത മിസൈലുകളും മറ്റും ഉപയോഗിച്ചാണ് നാലു ദിവസം ഓപ്പറേഷൻ സിന്ദൂർ നടന്നത്. കരസേനയോ ഭാരതവ്യോമസേനയോ ഇന്ത്യൻ അതിർത്തി കടന്നു ചെന്നതായി പാകിസ്ഥാൻ ആരോപിച്ചിട്ടുമില്ല. അതായത്, ഭീകരാക്രമണത്തിന് ആരും മറക്കാത്ത പകരംവീട്ടലിനപ്പുറം ഒരു ലക്ഷ്യം ഓപ്പറേഷൻ സിന്ദൂറിന് ഉണ്ടായിരുന്നില്ല എന്നു വ്യക്തം. യുദ്ധത്തെ പ്രകീർത്തിച്ചു സമൂഹമാധ്യമ പോസ്റ്റുകൾ ഇട്ടവരാകട്ടെ അതിനപ്പുറം കടന്ന് ബലൂചിസ്ഥാനെ സ്വതന്ത്രമാക്കുകയും പാക് അധീന കാശ്മീരിനെ ഇന്ത്യയോടു ചേർക്കുകയും പാക് ആണവായുധ കേന്ദ്രം തകർക്കുകയും കറാച്ചി തുറമുഖം നിരുപയോഗമാക്കുകയും ചെയ്തതായ കഥകൾകൊണ്ട് അന്തരീക്ഷം നിറച്ചു. ഈ സാഹചര്യത്തിലാണ് വെടിനിർത്തൽ പ്രഖ്യാപനം ശ്രദ്ധേയമാകുന്നത്. മുഴുവൻ ലക്ഷ്യവും നേടുന്നതിനു മുമ്പ് വെടി നിർത്തി എന്ന ചിന്ത പലരിലും ഉണ്ടായി. അതുകൂടി കണക്കിലെടുത്താണ് ഓപ്പറേഷൻ സിന്ദൂർ നിർത്തിയിട്ടില്ലെന്നും, ഭീകരതയ്ക്കെതിരേ മാത്രമാണ് ഇന്ത്യ പോരാടുന്നതെന്നും, അണ്വായുധങ്ങൾ ഉണ്ടെന്ന ഭീഷണി മുഴക്കി ഭീകരതയെ സംരക്ഷിക്കാൻ ഇനിയാരും ശ്രമിക്കേണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കിയത്. ○

# എണ്ണം കുറയ്ക്കലിൽ മുന്നിലെത്തി കേരളം

കേരളം ഒന്നാംസ്ഥാനം നിലനിർത്തി. ഏറ്റവും കുറഞ്ഞ ജനനനിരക്ക് ഉള്ള സംസ്ഥാനം എന്ന പദവി. ജനനനിരക്ക് കുറയുന്നതിലും കേരളം മുന്നിൽ തന്നെ.

ഈ കണക്ക് അറിഞ്ഞതുകൊണ്ട് ഇനി കാര്യമൊന്നുമില്ല. എങ്കിലും വിവരം അറിഞ്ഞിരിക്കുന്നതു നല്ലതാണല്ലോ? നിലവിലെ ആൾശേഷി നിലനിർത്താൻ പറ്റാത്ത നിലയിലേക്കു കേരളം മാറിക്കഴിഞ്ഞു. കേരളത്തിലെ സ്ത്രീകളുടെ പ്രത്യുത്പാദന നിരക്ക് (ഒരു സ്ത്രീയുടെ ആയുഷ്കാലത്തെ പ്രസവങ്ങളുടെ എണ്ണം - ടിഎഫ്ആർ) 2021ൽ 1.46 ആയി കുറഞ്ഞു.

സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (എസ്ആർഎസ്) ഉപയോഗിച്ചു രാജ്യത്തെ ജനസംഖ്യാഘടനയും വളർച്ചയും ഒക്കെ പഠിച്ചു രജിസ്ട്രർ ജനറൽ ഓഫ് ഇന്ത്യ തയാറാക്കിയ റിപ്പോർട്ടിലാണിത്: മേയ് ഏഴിനു പുറത്തുവിട്ട റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ.

രാജ്യത്തെ ടിഎഫ്ആർ 2016ലെ 2.25ൽ നിന്ന് 2021ൽ 2.0 ആയി കുറഞ്ഞു. ഒരു രാജ്യത്തു ജനസംഖ്യ നിലവിലുള്ള തോതിൽ തുടരാൻ വേണ്ട ടിഎഫ്ആർ 2.1 ആണ്. ഇന്ത്യയുടേത് അതിലും കുറവായി.

കേരളത്തിന്റെ ടിഎഫ്ആർ 2020ൽ 1.56 ആയിരുന്നത് 2021ൽ 1.46 ആയി. ജനസംഖ്യ ചുരുങ്ങിത്തുടങ്ങിയ വികസിതരാജ്യങ്ങളെ മറികടക്കുന്നതായി കേരളത്തിന്റെ പുരോഗതി. ചൈന (1.18), ജപ്പാൻ (1.26), കാനഡ (1.33), യൂറോപ്യൻ യൂണിയൻ (1.38) തുടങ്ങിയവയാണ് കേരളത്തിനു മുന്നിലുള്ളത്. അമേരിക്ക (1.66), യുകെ (1.57) തുടങ്ങിയവ കേരളത്തിനു പിന്നിലാണ്.

ഒരു കാലത്തു കേരളം ജനസംഖ്യാ വളർച്ചയിൽ വളരെ മുന്നിലായിരുന്നു. 1971 വരെ തുടർന്ന ഈ പ്രവണത പിന്നീടു മാറി. ഇപ്പോൾ ജനസംഖ്യാ ശോഷണത്തിന്റെ വക്കിലാണു നാട്. അതായതു ജനസംഖ്യ കുറയാൻ തുടങ്ങുന്നു.

ജനസംഖ്യ വളരുമ്പോൾ ഒരു ചോദ്യം ഉയർന്നിരുന്നു: ഇവർക്കെല്ലാം എങ്ങനെ ജോലി നല്കും? ഇപ്പോൾ ജനസംഖ്യ കുറയാൻ തുടങ്ങുമ്പോൾ ചോദ്യങ്ങൾ പലതാണ്. കാരണം, ജനസംഖ്യയിൽ വൃദ്ധരുടെ എണ്ണവും അനുപാതവും കൂടുന്നു. അധ്വാനിക്കാവുന്ന പ്രായത്തിലുള്ളവർ കുറയുന്നു. കുറച്ചു പേർ കൂടുതൽ പേർക്കായി അധ്വാനിക്കേണ്ടി വരുന്നു. സ്കൂളുകൾക്കു പകരം വൃദ്ധമന്ദിരങ്ങൾ തുടങ്ങേണ്ടി വരുന്നു. അവിടെ ആൾക്കാരെ പരിപാലിക്കാൻ അന്യനാട്ടുകാരെ വരുത്തേണ്ടി വരുന്നു; യൂറോപ്യൻമാർ ചെയ്യുന്നതുപോലെ. ഇതിന്റെയൊക്കെ പ്രത്യാഘാതം അറിയാതെയാണ് കേരളം ജനസംഖ്യ ചുരുക്കുന്ന ജീവിതരീതികളിലേക്കും കുടിയേറ്റത്തിലേക്കും മാറിയത്. ○

2021ലെ സാമ്പിൾ രജിസ്ട്രേഷൻ സർവേ പ്രകാരം ഇന്ത്യയിലെയും കേരളത്തിലെയും ജനന, മരണ കണക്കും ജനസംഖ്യാ വളർച്ചയും (ആയിരം പേരിൽ എത്ര ജനനം, മരണം, വളർച്ച എന്ന്)

| | ജനനം | മരണം | വളർച്ച |
|---|---|---|---|
| ഇന്ത്യ | 19.3 | 7.5 | 11.8 |
| കേരളം | 12.9 | 9.0 | 3.9 |
| തമിഴ്നാട് | 13.4 | 8.3 | 5.1 |

# മറച്ചാലും മറയാത്ത വിദ്വേഷം തുടരുന്നു

*പഹൽഗാമിൽ നിരപരാധികളായ ടൂറിസ്റ്റുകളെ കൊന്നൊടുക്കിയ പാക് പിന്തുണയുള്ള ഭീകരർക്ക് ഇന്ത്യ നല്കിയ സൈനിക മറുപടിയായിരുന്നു ഓപ്പറേഷൻ സിന്ദൂർ. രാജ്യം ഒറ്റക്കെട്ടായി സൈനിക വിഭാഗങ്ങൾക്കൊപ്പം നിന്ന നാളുകൾ. ജാതിമത ഭേദങ്ങളൊന്നും ഇല്ലാതെ ഇന്ത്യയും ഇന്ത്യക്കാരും ഒന്നിച്ചു നിന്നു.*

*ആ യുദ്ധവിജയത്തിന്റെ മാറ്റു മുഴുവൻ കളയുംവിധമുള്ള പരാമർശമാണ് മധ്യപ്രദേശ് മന്ത്രി വിജയ് ഷായിൽ നിന്ന് ഏതാനും ദിവസം കഴിഞ്ഞുണ്ടായത്. യുദ്ധപുരോഗതി മാധ്യമങ്ങളെയും ജനങ്ങളെയും അറിയിക്കാൻ പ്രതിരോധമന്ത്രാലയം ഇത്തവണ വ്യോമസേനയിലെയും കരസേനയിലെയും ഓരോ ഓഫീസറെ ഔദ്യോഗിക വക്താവിനൊപ്പം നിയോഗിച്ചിരുന്നു; കേണൽ സോഫിയ ഖുറേഷിയും വിംഗ് കമാൻഡർ വ്യോമിക സിംഗും. ഹൃദ്യവും വ്യക്തവുമായ അവതരണശൈലികൊണ്ട് അവർ കാഴ്ചക്കാരുടെ ഇഷ്ടവും ആദരവും നേടിയെടുത്തു.*

*ഇത്തരമൊരു നല്ല കാര്യത്തിൽപോലും തന്റെ മുസ്ലീംവിരോധവും മറ്റും പ്രകടമാക്കാതിരിക്കാൻ ഷായ്ക്കു കഴിഞ്ഞില്ല. ഇന്ത്യൻ സ്ത്രീകളുടെ സിന്ദൂരം മായിച്ചു കളഞ്ഞ ഭീകരരെ കൊന്നൊടുക്കിയ വിവരം അറിയിച്ചവരിൽ ഒരാൾ കേണൽ ഖുറേഷിയാണ്. മുസ്ലീമായ ആ സീനിയർ ആർമി ഓഫീസറെ, ഭീകരരുടെ സഹായി എന്നു വിശേഷിപ്പിച്ചു കൊണ്ടാണ് ഷാ തന്റെ മുസ്ലീംവിരോധം തുറന്നു വിട്ടത്. യാതൊരു വസ്തുതയും ഇല്ലാത്ത ദുരുദ്ദേശ്യപരമായ ഒരാരോപണം.*


*കോടതി ഇക്കാര്യത്തിൽ സ്വമേധയാ കേസെടുക്കാൻ നിർദേശിച്ചു. കേസെടുത്ത ശേഷം മന്ത്രി ഒരു മാപ്പപേക്ഷ നടത്തി. ഒപ്പം കേസെടുത്തതിനെതിരേ സുപ്രീംകോടതിയിൽ അപ്പീലും നല്കി. അപ്പീൽ വിശദമായി പരിഗണിക്കും മുമ്പുതന്നെ മന്ത്രിയുടെ നാവ് നിയന്ത്രിക്കേണ്ടതിനെപ്പറ്റി സുപ്രീംകോടതി നല്ലൊരു ഉപദേശവും നല്കി.*

*ഇതൊക്കെ ചില അടിസ്ഥാനകാര്യങ്ങൾ വീണ്ടും ഓർമിപ്പിക്കുന്നതാണ്. ഒന്ന്: ആരോടെങ്കിലുമുള്ള വിദ്വേഷത്തിൽ അധിഷ്ഠിതമായ പ്രസ്ഥാനങ്ങൾ എന്തിലും ഏതിലും ആ വിദ്വേഷം വർധിപ്പിക്കുന്ന കഥകൾ മെനയും. രണ്ട്: അത്തരക്കാരുടെ പ്രചാരണങ്ങൾ വിശ്വസിക്കുന്നവർ തങ്ങൾ എന്തെല്ലാം അബദ്ധങ്ങളാണു ചുമക്കുന്നത് എന്ന് ഇടയ്ക്കിടെ വസ്തുതാപരിശോധന നടത്തുന്നതു നല്ലതാണ്. മൂന്ന്: ബിജെപിയുടെ വിദ്വേഷപട്ടികയിൽ മുസ്ലീംകൾ മാത്രമല്ല ഉള്ളത്. ക്രൈസ്തവർക്കു ക്രിസ്തുമസ് കേക്കും ഈസ്റ്റർ ആശംസയും നല്കുമ്പോഴും അവർ മിത്രപട്ടികയിലേക്ക് ക്രൈസ്തവരെ മാറ്റിയതിനു തെളിവ് എങ്ങുമില്ല.*

ഡോ. സോണിയ സ്കറിയ, കുറവിലങ്ങാട് റ്റിബി യൂണിറ്റ്, കേരള ഹെൽത്ത് സർവീസസ്

# ക്ഷയരോഗം ഇപ്പോഴുമുണ്ടോ?


2023ൽ ലോകത്ത് ഏറ്റവും കൂടുതൽ ആളുകളെ റ്റിബി (TB) രോഗം ബാധിച്ച രാജ്യം ഇന്ത്യയാണ് (26%).



നൂറ്റാണ്ടുകൾ പിന്നിടുമ്പോഴും, രോഗാതുരതയിലും മരണനിരക്കിലും മനുഷ്യരാശിക്ക് എക്കാലവും ഭീഷണിയാണ് റ്റിബി (TB) രോഗം. 2024ലെ കണക്കുകൾ പരിശോധിക്കുക; 2023ൽ ലോകത്ത് ഏറ്റവും കൂടുതൽ ആളുകളെ റ്റിബി (TB) രോഗം ബാധിച്ച രാജ്യം ഇന്ത്യയാണ് (26%). റ്റിബി (TB) മൂലമുണ്ടാകുന്ന മരണനിരക്കിലും ഏറ്റവും മുമ്പിൽ ഇന്ത്യയിലെ കണക്കുകളുണ്ട് (26%). 2023ൽ മാത്രം ഒരു ലക്ഷം ആളുകളിൽ 275 പേർ ഈ രോഗത്തിന് ഇരകളായി.

## രോഗം വരാതെ നോക്കാൻ (Prophylaxsis)

- IGRA (Interferon Gamma Release Assay) ടെസ്റ്റ് പ്രയോജനപ്പെടുത്തി, രോഗിയുമായി സമ്പർക്കത്തിൽ വരുന്നവരെ തരംതിരിക്കുക.
- റ്റിബി വരാതിരിക്കാൻ TPT (TB Preventive Therapy) ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശാനുസരണം കഴിക്കുക.
- രോഗിയുമായി അകലം പാലിക്കുക.
- രോഗി നിർബന്ധമായും മാസ്ക് ധരിക്കുക.
- രോഗി കൃത്യമായി മരുന്നു കഴിച്ച് പൂർത്തിയാക്കുക. അല്ലെങ്കിൽ രോഗാണു പരിണമിച്ച് മരുന്നിനോട് പ്രതികരിക്കാതാകും.



### എന്താണ് റ്റിബി (TB)?

മൈക്രോ ബാക്ടീരിയം റ്റൂബർകുലോസിസ് എന്ന ബാക്ടീരിയ പരത്തുന്നതും, വായുവിലൂടെയും സൂക്ഷ്മകണികകളിലൂടെയും സംക്രമിക്കുന്നതുമായ രോഗമാണിത്. രോഗി തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും അന്തരീക്ഷത്തിൽ ഈ രോഗാണു പടരും; ശരീരത്തിന്റെ പ്രതിരോധശേഷിക്കനുസൃതം ഇതു മറ്റുള്ളവരെ ബാധിക്കും. അവർ രോഗത്തിന് വിധേയരാവുകയും ചെയ്യും.

### ആർക്കെല്ലാം പകരാം?

ഏതാണ്ട് എല്ലാവരും അപകടപരിധിയിലാണെങ്കിലും, പ്രതിരോധശേഷി കുറവുള്ളവർക്കാണ് രോഗം പിടിപെടാൻ കൂടുതൽ സാധ്യത. 60 വയസിൽ കൂടുതലുള്ളവർ, COPD പോലുള്ള ശ്വാസകോശരോഗമുള്ളവർ, പ്രമേഹരോഗികൾ, ക്യാൻസർ, എച്ച്ഐവി ബാധിതർ, BMI കുറവുള്ള ആളുകൾ, റ്റിബി രോഗിയുമായി സമ്പർക്കത്തിലായിരിക്കുന്ന വീട്ടുകാർ, ജോലിസ്ഥലത്തുള്ളവർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർക്കെല്ലാം രോഗം വരാനുള്ള സാധ്യത നിലനില്ക്കുന്നു. ആളുകൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളും, ശരിയായ വായുസഞ്ചാരമില്ലാത്ത സ്ഥലങ്ങളും റ്റിബി പടരാൻ അനുകൂല സാഹചര്യങ്ങളാണ്.

രോഗം ഇതുവരെ കണ്ടുപിടിക്കപ്പെടാത്ത അഥവാ ചികിത്സ ഇതുവരെ സ്വീകരിക്കാത്ത ഒരാളിൽനിന്ന് 15 മുതൽ 17 വരെ ആളുകൾക്കു രോഗം പിടിപെടാം.

### ലക്ഷണങ്ങൾ

ക്ഷീണം, ചുമ (രണ്ട് ആഴ്ചയിൽ കൂടുതൽ), ശരീരഭാരം കുറയൽ, വൈകുന്നേരങ്ങളിലുള്ള പനി, രക്തം കലർന്ന കഫം, വിളർച്ച, ശ്വാസംമുട്ട് ഇവയാണ് പ്രധാന രോഗലക്ഷണങ്ങൾ.

ഗുരുമൊഴി

ടി.എസ് ബിജു

# അനുഭവങ്ങൾ പാഠങ്ങൾ

**ഓരോ സമ്പന്നനും തനിക്കുള്ളതു മതിയെന്നല്ല, കൂടുതൽ ഉണ്ടാക്കണം എന്നാണ് ചിന്തിക്കുന്നത്.**

ഏറ്റവും വലിയ സുഖം എന്തായിരിക്കും എന്ന കാര്യത്തിൽ രണ്ടു സുഹൃത്തുക്കൾ തമ്മിൽ തർക്കമുണ്ടായി. രതിസുഖം, ധനസുഖം, പ്രശസ്തി നല്കുന്ന സുഖം ഇങ്ങനെ പലതും സുഖം തരുമെന്ന് അവർ തർക്കിച്ചുകൊണ്ടിരുന്നു. തികച്ചും ലൗകികമായ കാര്യങ്ങളെ ചൊല്ലിയായിരുന്നു അവർക്കിടയിൽ അഭിപ്രായഭേദം. തർക്കം നീണ്ടുപോവുന്നതല്ലാതെ, സർവസമ്മതമായ ഉത്തരം കിട്ടാതെ വന്നപ്പോൾ പരിചയമുള്ള ഗുരുവിന്റെ അടുക്കൽ വിഷയം അവതരിപ്പിച്ച് മറുപടി കണ്ടെത്താൻ അവർ തീരുമാനിച്ചു. അവർ ഗുരുവിന്റെ അടുക്കലെത്തി കാര്യം പറഞ്ഞു. രണ്ടുപേരുടെയും വിചാരം മനസിലാക്കിയ ശേഷം ഗുരുപറഞ്ഞു: ഏറ്റവും വലിയ സുഖം എന്നുപറയുന്നത് ആരോഗ്യത്തോടെ ജീവിക്കുക എന്നതാണ്. പലരും ഇക്കാര്യം മനസിലാക്കുന്നില്ല. ആരോഗ്യം നശിപ്പിച്ചും പലരും പണം സമ്പാദിക്കാൻ വ്യഗ്രതപ്പെടുകയാണ്. ഒടുവിൽ സമ്പാദിച്ച പണം മുഴുവനും ചെലവഴിച്ച് ആരോഗ്യം സംരക്ഷിക്കാൻ കിണഞ്ഞു ശ്രമിക്കുന്നു. ഇതു മിഥ്യയാണ്.

ഗുരുവിന്റെ വാക്കുകൾ ചെറുപ്പക്കാരെ ഇരുത്തി ചിന്തിപ്പിച്ചു. നമ്മിൽ പലരും കരുതുന്നത്, പണമുണ്ടെങ്കിൽ എല്ലാമായി എന്നാണ്. പണത്തിനു വിലയുണ്ടെന്ന കാര്യം സത്യം. എന്നാൽ പണമുള്ളതുകൊണ്ടു മാത്രം നമുക്ക് സുഖം കിട്ടണമെന്നില്ല. പണം ഉണ്ടാകുന്തോറും കൂടുതൽ പണം ഉണ്ടാക്കാനുള്ള വഴികൾ ആലോചിക്കും. അതിനു പല മാർഗങ്ങൾ അവലംബിക്കും. ഇത് ആരോഗ്യത്തെ ദോഷകരമായി ബാധിക്കാനാണ് സാധ്യത.

പണം സമ്പാദിക്കുംതോറും മനഃസമാധാനം നഷ്ടപ്പെടുന്നു എന്നത് മറ്റൊരു കാര്യം. സ്വന്തം സമ്പത്ത് മോഷ്ടാക്കൾ അപഹരിക്കുമോ, അത് അന്യാധീനപ്പെട്ടുപോകുമോ,

### വിവിധ തരം റ്റിബി

1) ശ്വാസകോശരോഗം (Pulmonary), ശ്വാസകോശ ഇതരരോഗം (Extra Pulmonary) - കഴല, വയർ, സന്ധി, തലച്ചോർ മുതലായവയെ ബാധിക്കുന്നത്.
2) മരുന്നിനോട് പ്രതികരിക്കുന്ന റ്റിബി (DSTB), മരുന്നിനോട് പ്രതികരിക്കാത്ത റ്റിബി (DRTB).

### രോഗനിർണയം എങ്ങനെ?

**1. കഫം പരിശോധന (Smear Test):** മൈക്രോസ്കോപ്പ് ഉപയോഗിച്ച് കഫത്തിലുള്ള റ്റിബി അണുക്കളെ കണ്ടുപിടിക്കുന്നു. (രണ്ട് സാംപിൾ കഫം ഇതിന് ആവശ്യമുണ്ട്. ലക്ഷണമുള്ള ആളിൽനിന്ന് രാവിലത്തെയും തത്സമയത്തെയും കഫമെടുക്കുക.)



**ആരോഗ്യം നശിപ്പിച്ചും പണം സമ്പാദിക്കാൻ വ്യഗ്രതപ്പെടുന്നവർ, ഒടുവിൽ സമ്പാദിച്ച പണം മുഴുവനും ചെലവഴിച്ച് ആരോഗ്യം സംരക്ഷിക്കാൻ കിണഞ്ഞു ശ്രമിക്കുന്നു. മണ്ടത്തരമല്ലേ ഇത്.**

ഇതെല്ലാം വിട്ടെറിഞ്ഞ് ഒരുനാൾ ലോകത്തോടു വിടപറയേണ്ടി വരുമല്ലോ എന്നെല്ലാമുള്ള ചിന്തകൾ പല സമ്പന്നരെയും അസ്വസ്ഥരാക്കുന്നു. ഒടുവിലത് പലരെയും രോഗികളുമാക്കുന്നു. ഒരു സമ്പന്നനും തനിക്കുള്ളതു മതിയെന്ന് ചിന്തിക്കുന്നില്ല. ഇനിയും കൂടുതൽ ഉണ്ടാക്കണം എന്നാണ് അവരുടെയെല്ലാം ചിന്ത. ഇത്തരം ചിന്ത ഒരുതരം അസുഖമാണ്.

വി. ഗ്രന്ഥത്തിൽ ഇത്തരത്തിലുള്ള ഒരു ധനവാനെ കണ്ടുമുട്ടുന്നുണ്ട്. കളപ്പുരകൾ നിറച്ചുവെച്ച്, ഉണ്ടും ഉറങ്ങിയും ജീവിതം ആഘോഷമാക്കാമെന്നു വിചാരിക്കുന്ന അയാൾ പക്ഷേ, ഒരിക്കലും തിരിച്ചറിയുന്നില്ല അടുത്ത നിമിഷം താൻ മരിക്കുമെന്ന്. മനഃസമാധാനമാണ് ഏറ്റവും വലിയ സുഖം. 'കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു. കൊച്ചുകുടിലിനത്രെ നിദ്രാസുഖം' എന്നാണല്ലോ കവി പാടിയിരിക്കുന്നത്.

'നിങ്ങൾ നിരന്തരം ആത്മാവിനെക്കുറിച്ചു ചിന്തിച്ചാൽ നിങ്ങളുടെ മനസ് ശുദ്ധീകരിക്കപ്പെടും; നിങ്ങളുടെ മുൻകാലപ്രവണതകൾക്കൊപ്പം നിങ്ങളുടെ അജ്ഞതയും വേരോടെ പിഴുതെറിയപ്പെടും. ദിവസവും മരുന്നു കഴിക്കുന്നതിലൂടെ രോഗങ്ങൾ പൂർണമായും അപ്രത്യക്ഷമാകുന്നതുപോലെ, മനസ് ശുദ്ധമാകുമ്പോൾ നിങ്ങൾക്ക് കളങ്കമില്ലാത്ത സുഖവും സന്തോഷവും ലഭിക്കും.' യോഗവസിഷ്ഠം ഓർമിപ്പിക്കുന്ന ചിന്തയാണിത്. പണമോ പ്രശസ്തിയോ കീർത്തിയോ ഒരാൾക്കും നിത്യമായ സുഖവും സന്തോഷവും നല്കുന്നില്ല എന്നു മനസിലാക്കുക. എന്നാൽ ആരോഗ്യത്തോടെയിരിക്കുന്നത് സുഖം നല്കും. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസിനു ജീവിക്കാനാവൂ. ശരീരത്തെ ആരോഗ്യത്തോടെ കാത്തുസൂക്ഷിക്കുക. ശരീരവും ആരോഗ്യവും നശിപ്പിച്ചിട്ട് സ്വന്തമാക്കാൻ ശ്രമിക്കുന്ന എല്ലാ നേട്ടങ്ങളും സുഖങ്ങളും തീർത്തും ക്ഷണികമാണ്. ശരീരത്തെ ഗൗരവത്തോടെ കാണണമെന്ന് ഈശോ പറയുന്നുണ്ട്. കാരണം, ശരീരം ദേവാലയമാണ്. ദൈവാത്മാവ് വസിക്കുന്ന ആലയം. ആ ദേവാലയത്തെ നശിപ്പിക്കാതിരിക്കുക.

വൃത്തിയുള്ള കുപ്പിയിൽ കഫമെടുത്ത് DMCÂ (Designated Microscopic Centres) കൊടുത്ത് പരിശോധിക്കുക.

**NAT Test (Nucleic Acid Amplification Test):** കഫത്തിൽ ഈ യന്ത്രപരിശോധന നടത്തി ബാക്ടീരിയയുടെ സാന്നിധ്യം സ്ഥിരീകരിക്കുന്നു.

2. **എക്സ് റേ പരിശോധന:** ശ്വാസകോശത്തിന്റെ എക്സ് റേ എടുത്ത്, റ്റിബിക്ക് സാധ്യതയുണ്ടോ എന്നു പരിശോധിക്കുന്നു.

3. **Clinical diagnosis:** പരിശോധനവഴി ക്ഷയരോഗം നിർണയിക്കുന്ന നെഞ്ചുവിദഗ്ധന്റെ സാക്ഷ്യപ്പെടുത്തലാണിത്. കഴലകളിലെ റ്റിബി, സന്ധികളിലെ റ്റിബി, വയറിലെ റ്റിബി ഇവയും ഈവിധമുള്ള പരിശോധനകളിലൂടെ കണ്ടെത്താം. CTScan, Ultrasound Sacn, Bronchoscopy, Biopsy തുടങ്ങിയ അനുബന്ധ ടെസ്റ്റുകളും പ്രയോജനം ചെയ്യും.

**എങ്ങനെ ചികിത്സിച്ചു ഭേദമാക്കാം?**

Pulmonary DSTB ആറു മാസം ആന്റിബയോട്ടിക് ചികിത്സ (നാലു തരം മരുന്നുകൾ). Pulmonary DRTB രണ്ടു വർഷം വരെ തുടരുന്ന ചികിത്സ (10-14 തരം മരുന്നുകൾ). കൃത്യമായ ഇടവേളകളിൽ കഫം പരിശോധിച്ച് രോഗത്തിന്റെ തീവ്രത കണക്കാക്കുന്നു. മറ്റ് അവയവങ്ങളിലെ റ്റിബിക്ക് ഒരു വർഷം വരെ നീളുന്ന ചികിത്സ ആകാം.

ഇതിനൊപ്പം നന്നായി ഭക്ഷണം കഴിക്കുകയും കഫം നന്നായി നിർമാർജനം ചെയ്യുകയും വേണം. രോഗിക്ക് മാനസികോല്ലാസവും സാന്ത്വനവും നല്കണം. മരുന്നിന്റെ പാർശ്വഫലങ്ങൾ കൃത്യമായി കണ്ടെത്തി ആരോഗ്യപ്രവർത്തകരെ അറിയിക്കണം. ചികിത്സ തേടണം. എങ്കിലേ രോഗം പൂർണമായും സുഖപ്പെടൂ.

തിരുഹൃദയം

സി. ജോയ്സ് മരിയ എസ്.എച്ച്

# ഹൃദയത്തിലേക്ക് മടങ്ങാം

**ഞാനും ഈശോയും തമ്മിലുള്ള ബന്ധം നിലനിർത്തേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. അതിന് ഈശോയ്ക്കു ഞാൻ നല്കുന്ന മറുപടിയാണ് എന്റെ പങ്കുവെക്കൽ.**

'നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക; ജീവന്റെ ഉറവകൾ അതിൽനിന്നാണ് ഒഴുകുന്നത്.'

ഈശോ തന്റെ തിരുഹൃദയം വി. മർഗരീത്താ മറിയത്തെ കാണിച്ചുകൊണ്ടു പറഞ്ഞു: മനുഷ്യരെ ഇത്രയധികം സ്നേഹിക്കുന്ന എന്റെ ഹൃദയം നീ കണ്ടാലും! വി. ഫൗസ്തീനായിലൂടെ അവിടുന്ന് ഉറപ്പു നല്കുന്നു: എന്റെ കരുണയിൽ ആശ്രയിക്കാൻ ഏറ്റവുമധികം അവകാശമുള്ളത് ഏറ്റവും വലിയ പാപിക്കാണ്. ദിവംഗതനായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഈശോയുടെ തിരുഹൃദയം ആസ്പദമാക്കി രചിച്ച ചാക്രികലേഖനമാണ് 'അവിടുന്ന് നമ്മെ സ്നേഹിച്ചു' (Dilexit Nos). തിരുഹൃദയത്തിൽ നിന്നൊഴുകുന്ന മാനുഷികവും ദൈവികവുമായ സ്നേഹധാരയെക്കുറിച്ച് പാപ്പാ അതിൽ വാചാലനാകുന്നു.

ഹൃദയത്തിലേക്കു മടങ്ങുക എന്നതാണ് ഈ വിശ്വലേഖനത്തിന്റെ കാതൽ. സകല ബാഹ്യദൃശ്യങ്ങൾക്കും, നമ്മെ തെറ്റിദ്ധരിപ്പിക്കുന്ന ഉപരിപ്ലവ ചിന്തകൾക്കുമപ്പുറം ഒരു ആന്തരതലം ഉൾക്കൊള്ളുന്നതാണല്ലോ ഹൃദയം. എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ അനുഭവം പാപ്പാ സൂചിപ്പിക്കുന്നുണ്ട് (ലൂക്കാ 24:32). തീവ്രമായ ദുഃഖവും നിരാശയും പുറമേ അനുഭവിച്ചിരുന്ന ശിഷ്യന്മാരുടെ ആന്തരതലത്തിൽ സമാന്തരമായി എന്തോ സംഭവിക്കുന്നുണ്ടായിരുന്നു. ഓരോ വ്യക്തിയുടെയും ആന്തരതലം മിക്കപ്പോഴും വളരെയധികം പച്ചിലപ്പടർപ്പുകളാൽ പൊതിയപ്പെട്ടിരിക്കയാണ് (DN 6). അതുകൊണ്ട് സത്യം ഗ്രഹിക്കാനും സത്യം ജീവിക്കാനും നാം പലപ്പോഴും പരാജയപ്പെടുന്നു. ജീവജലത്തിന്റെ ഉറവ ഒഴുകിയിറങ്ങേണ്ട ഹൃദയം കപടതയുടെ ആവരണം ധരിക്കുന്നു. ഈ സത്യം നാം തിരിച്ചറിയണം.

**സർക്കാർ ഇടപെടലുകൾ**

NTEP (National TB Elimination Program) എന്ന പേരിൽ വ്യക്തവും കൃത്യവുമായ മാർഗരേഖകളോടും ചികിത്സാരീതികളോടുംകൂടെയാണ് ഇന്ത്യയിൽ സർക്കാർ പ്രവർത്തിക്കുന്നത്. റ്റിബിയ്ക്കുള്ള മരുന്നുകൾ തികച്ചും സൗജന്യമായി രോഗിയുടെ അടുക്കലെത്തിക്കുന്നു. ചികിത്സാവേളയിൽ മാസംതോറും 1,000 രൂപാ ധനസഹായം നല്കുന്നു. ചികിത്സ കൃത്യമായി മോണിറ്റർ ചെയ്യാൻ ഫീൽഡുതല സ്റ്റാഫ്, ട്രീറ്റ്മെന്റ് സൂപ്പർവൈസർ, ലാബ്തല മേധാവികൾ, റ്റിബിയിൽ വൈദഗ്ധ്യം നേടിയ ഡോക്ടർമാർ തുടങ്ങിയവർ പ്രവർത്തിക്കുന്നു.

**രോഗീനിരീക്ഷണം**

Nikshay എന്ന കേന്ദ്രീകൃത ആപ്ലിക്കേഷനിൽ രോഗിയുടെ രേഖകൾ ഉൾപ്പെടുത്തുന്നു. ഈ രോഗി മരുന്നു കഴിക്കുന്ന കാലം മുഴുവൻ ഈ ആപ്ലിക്കേഷൻ ആക്ടീവാണ്. ടെസ്റ്റുകൾ കൃത്യസമയത്ത് നടത്തി പുരോഗതി



പല പല വിഭാഗങ്ങളിലും വിഭിന്ന സാഹചര്യങ്ങളിലും കഴിയുമ്പോഴും വ്യക്തികളെ തമ്മിൽത്തമ്മിൽ ഒന്നിപ്പിക്കുന്ന ശക്തിയുടെയും വികാരങ്ങളുടെയും വിശ്വാസങ്ങളുടെയും തീരുമാനങ്ങളുടെയും ഉറവിടമായ ഹൃദയത്തെക്കുറിച്ച് ധ്യാനിക്കണം. തിരക്കുകളാൽ നിയന്ത്രിക്കപ്പെടുന്നതിനാലും, സാങ്കേതികവിദ്യയാൽ ആക്രമിക്കപ്പെടുന്നതിനാലും ആന്തരജീവിതം ഇന്ന് ഏറെക്കുറെ നിർജീവാവസ്ഥയിലാണ്. ഉപഭോഗസംസ്കാരത്തിന്റെ തേർവാഴ്ചയാണെങ്ങും. ഈ ഘട്ടത്തിൽ ഹൃദയശൂന്യരായ വ്യക്തികളുടെ എണ്ണം ഏറിവരുന്നു. നാം വളരെയേറെ ജാഗ്രതയുള്ളവരായേ തീരൂ.

ആന്തരവ്യക്തിത്വത്തിന് പ്രകാശം നല്കാൻ ആവശ്യമായ സ്നേഹം, കരുണ, പ്രാർഥന എന്നിവ ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ നിന്നേ ഉരുത്തിരിയൂ. ഞാനും എന്റെ ദൈവവും തമ്മിലുള്ള ബന്ധം നിലനിർത്തേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. അതിന് ഈശോയ്ക്കു ഞാൻ നല്കുന്ന മറുപടിയാണ് എന്റെ പങ്കുവെക്കൽ. ഈ ലോകത്ത് ജീവിക്കുമ്പോൾ വ്യക്തികൾക്കുണ്ടാകേണ്ട നിസ്വാർഥതയും സത്യസന്ധതയും പരസ്പരധാരണയും അവികലം നിലനിൽക്കുന്നില്ലെങ്കിൽ അവിടെ സംഘർഷങ്ങളുണ്ടാകുമെന്നു തീർച്ച. അവിടെ ഹൃദയമില്ല. അന്തഃഛിദ്രമുള്ള ഏതു ഭവനവും നശിച്ചുപോകും (മത്താ. 12:25) എന്ന് ഈശോ മുന്നറിയിപ്പു നല്കുന്നുണ്ട്. നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും (മത്താ. 6:21) എന്ന വചനവും ഓർമയിൽ വെക്കാം.

ജീവിതത്തിന്റെ ആന്തരികത നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന സത്യം അംഗീകരിക്കണമെന്ന് പാപ്പാ പറയുന്നു. അത് ആത്യന്തികമായി ഹൃദയത്തെ ബാധിക്കുന്നു. തികച്ചും ഉപരിപ്ലവമായ ഭക്തിപ്രകടനങ്ങളും വ്യഗ്രതകളും നമ്മുടെ ഹൃദയത്തെ വരിഞ്ഞുമുറുക്കുന്നുണ്ട്. നാം ബൈബിൾ വായിക്കുന്നവരും പ്രാർഥന ചൊല്ലുന്നവരും കൂദാശകൾ മുടക്കം കൂടാതെ സ്വീകരിക്കുന്നവരുമാവാം. പക്ഷേ ഹൃദയത്തിന്റെ ആന്തരസ്വരം ശ്രവിക്കാൻ പറ്റാത്തതിനാൽ വേണ്ടത്ര ഫലം പുറപ്പെടുവിക്കാനാവുന്നില്ല. അതിനാൽ ഹൃദയത്തിന്റെ ഉൾത്തടങ്ങളിലേക്ക് ഒരു പ്രയാണം നടത്തി ഹൃദയത്തെ വീണ്ടെടുക്കാം. പച്ചിലപ്പടർപ്പിനാൽ മൂടിക്കിടക്കുന്ന ഹൃദയത്തെ പുറത്തെടുക്കാം.

വിലയിരുത്തുന്നു. ഓരോ പഞ്ചായത്തിലുമുള്ള ആശുപത്രികളിലൂടെയാണ് ചികിത്സ ഉറപ്പാക്കുന്നത്. അവിടത്തെ ഹെൽത്ത് ഇൻസ്പെക്ടർ ഇതിനു നേതൃത്വംനല്കും.

**ഇനി എങ്ങനെ?**


ആദ്യഘട്ടത്തിൽ തന്നെ രോഗം കണ്ടെത്തുന്നത് രോഗവ്യാപനം കുറയ്ക്കും. രോഗബാധിതർക്കു കൃത്യമായ ചികിത്സ നല്കി റ്റിബി മൂലമുള്ള മരണം ഇല്ലാതാക്കുകയാണ് സർക്കാരുകളുടെ മുഖ്യലക്ഷ്യം. അതിന് പഞ്ചായത്തുതലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം; ക്രമേണ റ്റിബി മുക്ത പഞ്ചായത്തുകൾ രൂപപ്പെടണം. സമൂഹത്തിന് രോഗിയോടുള്ള സമീപനത്തിലും അടിസ്ഥാനപരമായ മാറ്റം അനിവാര്യമാണ്. രോഗിയോടുള്ള അകല്ച കുറച്ച് മാനസിക പിന്തുണ നല്കുന്നിനായിരിക്കണം കൂടുതൽ ശ്രദ്ധ. റ്റിബി മുക്തരാജ്യമെന്ന സർക്കാർ യജ്ഞത്തിൽ ഓരോരുത്തർക്കും പങ്കാളികളാകാം. ○

# ഗാരബന്താളിലെ മാതാവ്

**ഗാരബന്താളിലെ പെൺകുഞ്ഞുങ്ങൾക്കു മുമ്പിൽ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു. അമ്മയ്ക്ക് അകമ്പടിയായി രണ്ടു മാലാഖമാരും. വെള്ള വസ്ത്രവും നീലമേലങ്കിയുമായിരുന്നു അമ്മയുടെ വേഷം.**

മേരി ലോലി മാസോനും ജസീന്ത ഗോൺസാൽവസും മേരി ക്രൂസ് ഗോൺസാൽവസും കോൺചിറ്റ് ഗോൺസാൽവസും കൂട്ടുകാരികളാണ്. മേരി ക്രൂസിന് പതിനൊന്നു വയസാണ് പ്രായം. മറ്റുള്ളവർക്കെല്ലാം പന്ത്രണ്ടും. എല്ലാവരുടെയും കുടുംബസാഹചര്യം ഏതാണ്ട് ഒരുപോലെ; വിട്ടുമാറാത്ത ദാരിദ്ര്യം.

1961 ജൂൺ 18. കുട്ടികൾ നാലുപേരും കളിയിലേർപ്പെട്ടിരിക്കയാണ്. പെട്ടെന്ന് ഒരു ഇടിമുഴക്കം. എന്നാൽ മഴയുടെയോ കാറ്റിന്റെയോ യാതൊരു സൂചനകളും അവിടെയില്ല. എവിടെ നിന്നാണ് ഈ ഇടിമുഴക്കം എന്നോർത്ത് അവർ അമ്പരന്നു നില്ക്കുമ്പോൾ, അതിനേക്കാൾ അതിശയകരമായ ഒരു കാഴ്ച. അലൗകികവും അസാമാന്യവുമായ ഒരു പ്രഭാവലയം. അതിനു നടുവിൽ മഹിമപ്രതാപത്തോടെ വി. മിഖായേൽ. നോക്കിനില്ക്കെ ആ ദർശനം പെട്ടെന്ന്



അവസാനിച്ചു. അവരാകെ സ്തബ്ധരായി. തുടർന്നുള്ള ദിവസങ്ങളിലും അതേ സ്ഥലത്ത് ആ ദർശനം ആവർത്തിച്ചു. അവസാനദിവസം മുഖ്യദൂതനായ വി. മിഖായേൽ ചോദിച്ചു: ഞാൻ എന്തിനാണു വന്നതെന്ന് നിങ്ങൾക്കറിയാമോ? നാളെ ഞായറാഴ്ച പരിശുദ്ധ കന്യകാമറിയം കാർമൽ പർവതത്തിന്റെ മാതാവായി നിങ്ങൾക്കു പ്രത്യക്ഷപ്പെടും.

ഗാരബന്താളിൽ പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണത്തിന് തുടക്കം കുറിച്ചതാണ് ഈ സംഭവം. സെന്റ് സെബാസ്റ്റ്യൻ ഓഫ് ഗാരബന്താൾ എന്ന മുഴുവൻപേരുള്ള ഗാരബന്താൾ വടക്കൻ സ്പെയ്നിലെ മനോഹരമായ ഒരു ഗ്രാമമാണ്. പക്ഷേ, തീരെ അവികസിതമായ പ്രദേശം. രോഗം വന്നാൽ ചികിത്സിക്കാൻ ഡോക്ടറില്ല. വിശുദ്ധ കുർബാനയർപ്പിക്കാനോ കൗദാശികമായ മറ്റ് ആവശ്യങ്ങൾക്കോ വൈദികൻ പോലുമില്ല. അക്കാലത്ത് അവിടെ മൂന്നുറോളം പേർ മാത്രമേ താമസിക്കുന്നുള്ളൂ. തികച്ചും സാധാരണജീവിതം നയിച്ചുകൊണ്ടിരുന്ന അവരുടെയിടയിലാണ് അസാധാരണമായ ഈ സംഭവങ്ങളെല്ലാം അരങ്ങേറിയത്.

കുഞ്ഞുങ്ങളുടെ ഈ നാൽവർസംഘത്തിനുണ്ടായ ദർശനം അവിടെ കാട്ടുതീപോലെ പരന്നു. ആദ്യമാർക്കും അതു വിശ്വസിക്കാനായില്ല. എങ്കിലും ജൂലൈ രണ്ടാം തീയതി ഞായറാഴ്ച അവിടം ആളുകളെക്കൊണ്ടു നിറഞ്ഞു. അന്യദേശങ്ങളിൽ നിന്നുപോലും ആളുകളെത്തി. വൈദികരും ഡോക്ടേഴ്സുമെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു. വൈകുന്നേരം ആറുമണിയായി. പെൺകുട്ടികൾ നാലുപേരും പൈൻമരങ്ങളുടെ ഇടയിലേക്കു നടന്നു. ആളുകൾ അവരുടെ പിന്നാലെയും. അവിടെയെത്തിയപ്പോൾ പെൺകുട്ടികളുടെ മുഖം അലൗകികമായ പ്രകാശംകൊണ്ടു പൂരിതമായി. വൈകാതെ ആ പെൺകുഞ്ഞുങ്ങൾക്കു മുമ്പിൽ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു. അമ്മയ്ക്ക് അകമ്പടിയായി രണ്ടു മാലാഖമാരും. മിഖായേലായിരുന്നു ഒരു മാലാഖ. വെള്ളവസ്ത്രവും നീലമേലങ്കിയുമായിരുന്നു അമ്മയുടെ വേഷം. ശിരസിൽ സ്വർണനക്ഷത്രങ്ങളുള്ള കിരീടം. ബ്രൗൺ കളറിലുള്ള ഉത്തരീയം വലതുകൈയിൽ. ആ കൈകളിൽ തന്നെ ഉണ്ണീശോയും. നീണ്ട മുഖവും മനോഹരമായ മൂക്കും നേർത്ത ചുണ്ടുകളുമുള്ള അതീവസുന്ദരിയായി മാതാവ് കാണപ്പെട്ടു.



**ആദ്യസന്ദേശത്തിൽ മാതാവ് പറഞ്ഞു: വളരെയേറെ പരിഹാര പ്രവൃത്തികളും പരിത്യാഗപ്രവൃത്തികളും ചെയ്യണം. കൂടെക്കൂടെ ദിവ്യകാരുണ്യസന്ദർശനം നടത്തണം.**

കാർമൽ മാതാവ് എന്നാണ് അമ്മ സ്വയം വിശേഷിപ്പിച്ചത്. ഗാരബന്താളിൽ മാതാവിന്റെ ആദ്യദർശനമായിരുന്നു അത്. കർമലമാതാവിന്റെ വേഷവിധാനം അനുസ്മരിപ്പിച്ചതിനാൽ ഔർ ലേഡി ഓഫ് മൗണ്ട് കാർമൽ ഓഫ് ഗാരബന്താൾ എന്നു മാതാവ് അറിയപ്പെടുന്നു.

1961നും 1965നും ഇടയ്ക്കു നടന്ന ഈ പ്രത്യക്ഷീകരണങ്ങളാണ്, ഗാരബന്താൾ ദർശനങ്ങൾ എന്നു പില്കാലത്ത് അറിയപ്പെട്ടത്. ആഴ്ചതോറും മാതാവ് പെൺകുട്ടികൾക്കു പ്രത്യക്ഷപ്പെട്ടിരുന്നു. നാലുപേർക്കുംകൂടി ഒരുമിച്ച് ദർശനം കിട്ടിയിരുന്നില്ല എന്നതാണ് ഈ പ്രത്യക്ഷീകരണത്തിന്റെ പ്രത്യേകത. ചിലപ്പോൾ ഒരാൾക്കു മാത്രം. മറ്റു ചിലപ്പോൾ രണ്ടുപേർക്ക്. രാത്രിയിലും വെളുപ്പാൻകാലത്തും മാതാവ് ദർശനം നല്കിയിട്ടുണ്ട്.

ആദ്യസന്ദേശത്തിൽ മാതാവ് പറഞ്ഞു: വളരെയേറെ പരിഹാരപ്രവൃത്തികളും പരിത്യാഗപ്രവൃത്തികളും ചെയ്യണം. കൂടെക്കൂടെ ദിവ്യകാരുണ്യസന്ദർശനം നടത്തണം. നല്ല ജീവിതം നയിക്കണം. അല്ലെങ്കിൽ ശി

പേരന്റിംഗ്

**അലൻ തോമസ്**

# മക്കൾ വാശിപിടിക്കുമ്പോൾ

**ആവശ്യവും അത്യാവശ്യവും അനാവശ്യവും തമ്മിലുള്ള വ്യത്യാസം കുട്ടികൾക്കു ബോധ്യപ്പെടുത്തിക്കൊടുക്കണം.**

*'എന്തൊരു വാശിയാണ് അവന്.. സഹികെട്ടു...'*

*ആറുവയസുള്ള മകനെക്കുറിച്ച് ഒരമ്മയുടെ സങ്കടമാണിത്. അവൻ പറയുന്നതുപോലെ എല്ലാം ചെയ്യണം. അവന് ആവശ്യമുള്ളതെല്ലാം വാങ്ങിക്കൊടുക്കണം. അവന് ഇഷ്ടമുള്ളതു മാത്രമേ കഴിക്കൂ, ധരിക്കൂ. പുറത്ത് ഒരു കല്യാണത്തിനോ ഷോപ്പിംഗിനോ സിനിമയ്ക്കോ പോലും പോകാൻ പറ്റുന്നില്ല. അവൻ പറയുന്നത് വാങ്ങിക്കൊടുത്തില്ലെങ്കിൽ പിന്നെ കരച്ചിലായി, ബഹളമായി, നിലത്തുകിടന്ന് ഉരുൾച്ചയായി. പിന്നെ എന്നെയും ഭർത്താവിനെയും തലങ്ങും വിലങ്ങും തല്ലും. നാണക്കേടുകൊണ്ട് തൊലിയുരിഞ്ഞുപോകുന്നതുപോലയാണ്.' അവർ തുടർന്നു.*

*പല മാതാപിതാക്കളും നേരിടുന്ന ഒരു പ്രശ്നമാണ് മക്കളുടെ വാശി. മക്കളുടെ വാശി എങ്ങനെ കൈകാര്യം ചെയ്യണമെന്ന് മിക്ക മാതാപിതാക്കൾക്കും അറിയില്ല. അതുകൊണ്ട് അവർ മക്കളുടെ വാശിക്കു കീഴടങ്ങി പറയുന്നതെല്ലാം ചെയ്തുകൊടുക്കും. മാതാപിതാക്കളെ മക്കൾ അനുസരിക്കുന്നതിനു പകരം, മക്കളെ മാതാപിതാക്കൾ അനുസരിച്ചുതുടങ്ങുന്നെന്നു ചുരുക്കം. ഇങ്ങനെയൊരു ശീലം ചെറുപ്പം മുതലേ വളർത്തുന്നതിനാൽ, മുതിർന്നുകഴിഞ്ഞും കാര്യം സാധിച്ചുകിട്ടാൻ അവർ വാശിപിടിക്കും. ദേഷ്യവും കരച്ചിലും പിണക്കവും അവർ അതിനായ് മാറിമാറി പ്രയോഗിക്കും. അപ്പോഴും ഗത്യന്തരമില്ലാതെ മാതാപിതാക്കൾ അതിനനുസരിച്ചു പ്രവർത്തിക്കുകയാണ് പതിവ്. വേറെ ചില മാതാപിതാക്കളുണ്ട്. മക്കളുടെ വാശിക്കൊപ്പം അവരും വാശി കാണിക്കും. ഈ രണ്ടു പ്രവണതകളും ശരിയായ പേരന്റിംഗിന് ഇണങ്ങുന്നതല്ല. വാശിക്കാരായ മക്കളെ*

ക്ഷാവിധി നിങ്ങളെ കാത്തിരിക്കുന്നുണ്ട്. ഇപ്പോൾതന്നെ ദൈവകോപത്തിന്റെ കാസ നിറഞ്ഞുകൊണ്ടിരിക്കയാണ്. മാനസാന്തരപ്പെടാത്തവർ ശിക്ഷിക്കപ്പെടും. 1965 ജനുവരി ഒന്നിനു നല്കിയ അവസാന സന്ദേശത്തിൽ മാതാവ് പറഞ്ഞു: നേരത്തെ നീതിയുടെ പാത്രം നിറഞ്ഞു കൊണ്ടിരിക്കയായിരുന്നു. ഇപ്പോൾ അത് കവിഞ്ഞൊഴുകാൻ തുടങ്ങിക്കഴിഞ്ഞു. അനേകംപേർ നിത്യനാശത്തിന്റെ പാതയിലാണ്. അവർ അനേകം ആത്മാക്കളെയും തങ്ങളോടൊപ്പം നാശത്തിലേക്കു കൊണ്ടുപോകുന്നു. വി. കുർബാനയ്ക്ക് ഇന്ന് തീരെ പ്രാധാന്യം കൊടുക്കുന്നില്ല. നമ്മുടെ നല്ല പ്രവൃത്തികൾവഴി ദൈവകോപം നീക്കണം. ആത്മാർഥമായ ഹൃദയത്തോടെ മാപ്പു യാചിച്ചാൽ ദൈവം മാപ്പു തരും. മാനസാന്തരപ്പെടുക. അവസാന മുന്നറിയിപ്പുകളുടെ നാളുകളിലാണ് നിങ്ങൾ ജീവിക്കുന്നത്. ഞാൻ നിങ്ങളെ അത്യധികം സ്നേഹിക്കുന്ന അമ്മയായതിനാൽ നിങ്ങളുടെ നാശം ഒട്ടും ആഗ്രഹിക്കുന്നില്ല. കൂടുതൽ ത്യാഗപ്രവൃത്തികൾ ചെയ്യുക. കർത്താവിന്റെ പീഡാസഹനങ്ങളെക്കുറിച്ചു ധ്യാനിക്കുക.

ദിവ്യകാരുണ്യ അദ്ഭുതങ്ങളും ഈ സമയത്തു സംഭവിച്ചിട്ടുണ്ട്. ഒരു ദിവസം

*എങ്ങനെ നേർവഴിക്കു കൊണ്ടുവരാം? അഥവാ, മക്കളുടെ വാശി എങ്ങനെ കൈകാര്യം ചെയ്യാം? അതിനായി മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട ചില പോംവഴികൾ നിർദേശിക്കാം.*



- മക്കളെപ്പോലെ മാതാപിതാക്കളും വാശി കാണിക്കാതിരിക്കുക പ്രധാനമാണ്. മാത്രമല്ല, എപ്പോഴും വാശിയ്ക്കനുസരിച്ച് പ്രവർത്തിക്കയുമരുത്. വാശിപിടിച്ചാൽ എല്ലാം സാധിച്ചുകിട്ടും എന്ന ധാരണ കുട്ടികളിൽ കുത്തിവെക്കുന്നത് ഉപദ്രവം വരുത്തിവെക്കും.
- ആവശ്യവും അത്യാവശ്യവും അനാവശ്യവും തമ്മിലുള്ള വ്യത്യാസം കുട്ടികൾക്കു ബോധ്യപ്പെടുത്തിക്കൊടുക്കണം. ശാസിക്കേണ്ട സമയത്ത് ശാസിച്ചും, ശിക്ഷിക്കേണ്ട സമയത്ത് ശിക്ഷിച്ചും, ഉപദേശിക്കേണ്ട സമയത്ത് ഉപദേശിച്ചും കാര്യങ്ങൾ വ്യക്തമാക്കിക്കൊടുക്കുക.
- ജീവിതത്തിൽ തങ്ങൾ ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിച്ചതാണ്, മക്കൾ അതൊന്നും അറിയേണ്ട എന്നു വിചാരിച്ച് അവരുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊടുക്കുന്നതും ശരിയല്ല. അമിതമായ സൗകര്യങ്ങളും സുഖങ്ങളും മക്കളെ വാശിക്കാരാക്കും. ചെറുപ്പത്തിലേ വേണ്ടതിലും കൂടുതൽ കിട്ടി വളരുന്ന മക്കൾ മുതിർന്നുകഴിയുമ്പോൾ, അതിലേതെങ്കിലും ഒന്നുകിട്ടാതെ വന്നാൽ അസ്വസ്ഥരും അസഹിഷ്ണുതയുള്ളവരുമായി മാറും.
- പേരക്കുട്ടികളുടെ കാര്യത്തിൽ ഒരുപാട് സോഫ്റ്റ് കോർണർ പുലർത്തുന്നവരാണ് ഗ്രാന്റ് പേരന്റ്സ്. പേരന്റ്സ് ചെയ്തുകൊടുക്കാത്ത കാര്യങ്ങൾപോലും അവരറിയാതെ പേരക്കുട്ടികൾക്ക് ചെയ്തുകൊടുക്കാൻ ഗ്രാന്റ് പേരന്റ്സ് തയാറാകും. ഈ രീതി നല്ലതല്ല. കുട്ടികളുടെ വാശിക്കൊപ്പം നില്ക്കുന്ന ഗ്രാൻഡ് പേരന്റ്സിനെ കാര്യം പറഞ്ഞു മനസിലാക്കുക, തിരുത്തുക.
- സ്വന്തം കുട്ടികളെ മറ്റു കുട്ടികളുമായി താരതമ്യം നടത്താൻ തുനിയരുത്. തീർത്തും അനാവശ്യമാണ് ഇത്തരം താരതമ്യങ്ങൾ. മക്കളുടെ വളർച്ചയ്ക്കോ സ്വന്തം സമാധാനത്തിനോ അതു പ്രയോജനപ്പെടുകയില്ല.
- കുട്ടികളുടെ ഭാഗത്താണ് ശരിയെങ്കിൽ അതു മനസിലാക്കാനും അംഗീകരിക്കാനും ശ്രമിക്കുക.

സ്വർണകാസയുമായി മാലാഖ കുട്ടികൾക്കു മുമ്പിലെത്തി, കുമ്പസാരത്തിനുള്ള ജപം ചൊല്ലാൻ ആവശ്യപ്പെട്ടു. പ്രാർഥന കഴിഞ്ഞ് അവർക്കു ദിവ്യകാരുണ്യവും നല്കി. പാതിരാത്രിയിൽപോലും ഇപ്രകാരം സംഭവിച്ചിട്ടുണ്ട്.

ഗാരബന്താൾ സന്ദേശങ്ങളിൽ നാലു പ്രധാന കാര്യങ്ങളാണുള്ളത്: ലോകവ്യാപകമായ മുന്നറിയിപ്പ്, മഹത്തായ ഒരദ്ഭുതം, സ്ഥിരമായ ഒരടയാളം, ശിക്ഷാവിധി എന്നിവയാണവ.

ഗാരബന്താളിൽ നാൽവർസംഘത്തിനൊപ്പം മാതാവിനെ കാണാൻ അവസരം കിട്ടിയ മറ്റൊരു വ്യക്തികൂടിയുണ്ട്; ഫാ. ലൂയിസ് മേരി ആൻഡ്രു എന്ന സ്പെയ്ൻകാരനായ ഈശോസഭാ വൈദികൻ. നീ എന്നോടുകൂടി ഉടനെയുണ്ടാവും എന്നു മാതാവ് അദേഹത്തോടു പറഞ്ഞു. അന്നു രാത്രി തന്നെ അദേഹം മരണമടഞ്ഞു. വെറും 38 വയസുമാത്രമേ അദേഹത്തിന് പ്രായമുണ്ടായിരുന്നുള്ളൂ. ഗാരബന്താളിൽ നടന്ന മരിയൻ പ്രത്യക്ഷീകരണത്തിലും സന്ദേശങ്ങളിലും വിശ്വസിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ സഭ ഇതിനെ ഔദ്യോഗിക മരിയൻ പ്രത്യക്ഷീകരണമായി ഇതുവരെയും പ്രഖ്യാപിച്ചിട്ടില്ല. ○



40

പുതിയനിയമത്തിലെ കുടുംബദർശനം



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

# കുടുംബം കൂട്ടായ്മയുടെ പരിശീലനക്കളരി

**നിന്റെ ക്ഷേമത്തിനുവേണ്ടി നിന്നെ ആദരിക്കാനും എനിക്കുള്ളതെല്ലാം നിനക്കായി പങ്കുവെക്കാനും ഞാൻ തയാറാകുന്നു എന്ന ആദർശമാണ് കൂട്ടായ്മയുടെ ആണിക്കല്ല്.**

ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന 'കൊയിനോനിയാ' (Koinonia) എന്ന ഗ്രീക്കുപദത്തിന്റെ മലയാളവിവർത്തനമാണ് കൂട്ടായ്മ. കമ്യൂണിയൻ, ഫെലോഷിപ്പ് മുതലായ ആംഗലേയപദങ്ങൾ കൂട്ടായ്മയെ സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ട്. മഹാനായ ജോൺ പോൾ രണ്ടാമന്റെ വാക്കുകളിൽ, മനുഷ്യസമൂഹത്തിലെ പ്രാഥമിക കൂട്ടായ്മ കുടുംബമാണ്. കൂട്ടായ്മയിൽ, അന്യോന്യമുള്ള തുറവും പങ്കുവെക്കലും പങ്കാളിത്തവും സഹകരണവും സഹവർത്തിത്വവുമുണ്ട്. 'ഞാൻ നിനക്കുവേണ്ടി' എന്ന ദർശനമാണ് കൂട്ടായ്മയുടെ അടിസ്ഥാനതത്വം. 'നിന്റെ ക്ഷേമത്തിനുവേണ്ടി നിന്നെ ആദരിക്കാനും എനിക്കുള്ളതെല്ലാം നിനക്കായി പങ്കുവെക്കാനും ഞാൻ തയാറാകുന്നു' എന്ന ആദർശമാണ് കൂട്ടായ്മയുടെ ആണിക്കല്ല്. കുടുംബം കൂട്ടായ്മാസമൂഹമായി കെട്ടിപ്പടുക്കണമെന്ന് മർക്കോസിന്റെ സുവിശേഷം ആറാം അധ്യായം ഉദ്ബോധിപ്പിക്കുന്നു.

### കൂട്ടായ്മയില്ലാത്ത അവസ്ഥ

മർക്കോസിന്റെ സുവിശേഷം ആറാം അധ്യായത്തിന്റെ ആദ്യത്തെ ആറുവാക്യങ്ങൾ, കൂട്ടായ്മ ഇല്ലാതാകുമ്പോഴുള്ള ദാരുണാവസ്ഥ വരച്ചുകാട്ടുന്നു. യേശു സ്വന്തം നാടായ നസ്രത്തിലെത്തി, സിനഗോഗിൽ പഠിപ്പിക്കാനാരംഭിച്ചു. എന്നാൽ സ്വന്തം നാട്ടിലെ ജനങ്ങൾ അവിടുത്തെ അംഗീകരിച്ചില്ല. അവർ ആശ്ചര്യത്തോടെ യേശുവിനെ ചോദ്യം ചെയ്തു: "ഇവന് ഈ ജ്ഞാനമെല്ലാം എവിടുന്ന്? ഇവന്റെ സിദ്ധികൾ എവിടെ നിന്ന്?" യേശുവിന്റെ കുടുംബപശ്ചാത്തലം അവിടുത്തെ മഹത്വത്തെ അംഗീകരിക്കാൻ തടസമായി നില്ക്കുന്നു. "ഇവൻ മരപ്പണിക്കാരനല്ലേ? ഇവന്റെ അമ്മയും സഹോദരങ്ങളുമൊക്കെ നമ്മുടെ കൂടെയില്ലേ?" (മർക്കോ. 6:1–3). (യഹൂദപശ്ചാത്തലത്തിൽ കസിൻ സഹോദരങ്ങളെയും (cousins) സഹോദരങ്ങളായാണ് പരിഗണിച്ചിരുന്നത്. സഹോദരങ്ങൾ എന്ന പദപ്രയോഗം ആ അർഥത്തിൽ വേണം മനസിലാക്കാൻ.)

കൂട്ടായ്മയില്ലാത്തിടത്ത് പരസ്പരം ചോദ്യംചെയ്യലും കുറ്റപ്പെടുത്തലുമുണ്ടാകും. ഒരാൾ മറ്റേ ആളെ അംഗീകരിക്കില്ല. നിരന്തരം കുറ്റപ്പെടുത്തലും കുറ്റാരോപണവുമുള്ള കുടുംബങ്ങൾ ആന്തരികമായി



ചിന്നിച്ചിതറിയ കുടംബങ്ങളാണ്. അവ ഫലം പുറപ്പെടുവിക്കില്ല. 'സ്വദേശത്ത് പ്രവാചകൻ ആദരിക്കപ്പെടുകയില്ല' (മർക്കോ. 6:4) എന്നുപറഞ്ഞുകൊണ്ട് യേശു അവിടെനിന്നു പിൻവാങ്ങി. യേശുവിന് അവിടെ അദ്ഭുതമൊന്നും പ്രവർത്തിക്കാൻ കഴിഞ്ഞില്ല.

സ്നാപകയോഹന്നാന്റെ ശിരഛേദത്തെക്കുറിച്ചുള്ള ഏറ്റവും ദൈർഘ്യമേറിയ വിവരണം മർക്കോസിന്റെ സുവിശേഷത്തിലാണുള്ളത് (മർക്കോ. 6:14-29). വിവാഹബന്ധത്തിനു കളങ്കം ചാർത്തി അവിഹിതബന്ധത്തിൽ ജീവിച്ചിരുന്ന ഹേറോദേസിനേയും ഹേറോദിയായേയും യോഹന്നാൻ വചനത്താൽ ശാസിച്ചതുകൊണ്ടാണ് അദേഹം ഏറെനാൾ കാരാഗൃഹവാസമനുഭവിച്ചതും അവസാനം ശിരഛേദം ചെയ്യപ്പെട്ടതും. കുടുംബത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ രക്തസാക്ഷിയായിത്തീർന്ന പ്രവാചകനാണ് സ്നാപകയോഹന്നാൻ. കുടുംബാംഗങ്ങൾ വ്യഭിചാരത്തിലും അവിഹിതബന്ധങ്ങളിലും ജീവിക്കുമ്പോൾ കുടുംബത്തിലെ കൂട്ടായ്മ തകരും. ഭാര്യാഭർത്തൃ വിശ്വസ്തതയും ഉത്തരവാദിത്വപൂർണമായ പരസ്പരബന്ധവുമാണ്

**കുടുംബത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ രക്തസാക്ഷിയായിത്തീർന്ന പ്രവാചകനാണ് സ്നാപകയോഹന്നാൻ.**

കുടുംബത്തെ കൂട്ടായ്മയായി പണിതുയർത്തുന്നത്. എത്ര ക്രൂരമായിട്ടാണ് ഹേറോദേസും ഹേറോദിയായും ദൈവവചനത്തിനെതിരേ പ്രതികരിച്ചത് എന്നു മനസിലാക്കുമ്പോൾ, നമ്മുടെ ഹൃദയം വേദനയാൽ രോഷംകൊള്ളും. സ്നേഹവും വിശ്വസ്തതയും തകരുന്ന കുടുംബത്തിൽ അക്രമം അഴിഞ്ഞാടും.

### കൂട്ടായ്മയുടെ അടിസ്ഥാനങ്ങൾ

കൂട്ടായ്മയുടെ ഒന്നാമത്തെ അടിസ്ഥാനം, അധികാരം പങ്കുവെക്കുന്നതാണ്. "യേശു തന്റെ പന്ത്രണ്ടു പേരെ വിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി. അശുദ്ധാത്മാക്കളുടെ മേൽ അവർക്ക് അധികാരവും കൊടുത്തു" (മർക്കോ. 6:7). യേശു തന്റെ അധികാരം തന്റെ കുടുംബാംഗങ്ങളായ ശിഷ്യർക്ക് പകർന്നുകൊടുക്കുകയാണ്. അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും രോഗികളെ സുഖപ്പെടുത്താനുമുള്ള അധികാരം അവിടുന്ന് അവർക്കു കൊടുത്തു. അധികാരത്തിന്റെ കേന്ദ്രീകരണമുള്ളിടത്ത് കൂട്ടായ്മയില്ല. അപ്പൻ അധികാരമെല്ലാം പിടിച്ചുവെക്കുകയും, അമ്മയെയും മക്കളെയും ആജ്ഞാനുവർത്തികളാക്കുകയും ചെയ്യുമ്പോൾ കുടുംബത്തിൽ ശ്മശാനമൂകത നിറയും. സ്നേഹത്തിന്റെ സംസ്കാരത്തിനു പകരം ഭയത്തിന്റെ സംസ്കാരമാകും അവിടെ തേർവാഴ്ച നടത്തുക. യേശു അധികാരത്തിനു പുതിയൊരു

> 'ഭയപ്പെടേണ്ട, ഞാനാണ്' എന്ന ഈശോയുടെ സ്വരം കുടുംബാംഗങ്ങൾ നിരന്തരം ശ്രവിക്കണം. അങ്ങനെയെങ്കിൽ കൂട്ടായ്മയെ ഹനിക്കാൻ ഒരു ശക്തിക്കും സാധിക്കുകയില്ല.

നിർവചനവും വ്യാഖ്യാനവും നല്കി. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ മറ്റുള്ളവരുടെ ശുശ്രൂഷകനും ദാസനുമാകണം (മർക്കോ. 10:43-45). അധികാരം പങ്കുവെക്കണമെങ്കിൽ ദാസനടുത്ത ശുശ്രൂഷാശൈലി പുലർത്താൻ മാതാപിതാക്കളും മക്കളും തയാറാകണം. പരസ്പരം ബഹുമാനിക്കാനും ജോലികൾ ഏല്പിച്ചുകൊടുക്കാനും പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കാനും കഴിയുമ്പോൾ മാത്രമാണ് കൂട്ടായ്മയുണ്ടാകുന്നത്.

"യാത്രയ്ക്ക് വടിയല്ലാതെ മറ്റൊന്നും, അപ്പമോ സഞ്ചിയോ അരപ്പട്ടയിൽ പണമോ, കരുതരുത്. ചെരിപ്പു ധരിക്കാം, രണ്ട് ഉടുപ്പുകൾ ധരിക്കരുത്" (മർക്കോ. 6:8). ആർഭാടം വെടിഞ്ഞ് ലളിതമായ ജീവിതശൈലി സ്വീകരിക്കണമെന്നതാണ് ഇവിടത്തെ സന്ദേശം. ആർഭാടവും ആഡംബരവുമാണ് കുടുംബത്തെ തകർക്കുന്ന ദുർഭൂതം. കടക്കെണി, പരസ്പരമുള്ള കുറ്റപ്പെടുത്തൽ, നിരാശ മുതലായവയ്ക്കൊക്കെ ആഡംബരം ഹേതുവായിത്തീരും. മിതത്വവും ലാളിത്യവും പാലിച്ചാലേ കുടുംബത്തിൽ സന്തോഷവും സംതൃപ്തിയുമുണ്ടാകൂ.

"നിങ്ങൾ ഏതെങ്കിലും സ്ഥലത്ത് ഒരു വീട്ടിൽ പ്രവേശിച്ചാൽ, അവിടം വിട്ടുപോകുന്നതുവരെ ആ വീട്ടിൽ താമസിക്കുവിൻ. എവിടെയെങ്കിലും ജനങ്ങൾ നിങ്ങളെ സ്വീകരിക്കാതിരിക്കുകയോ നിങ്ങളുടെ വാക്കുകൾ ശ്രവിക്കാതിരിക്കുകയോ ചെയ്താൽ അവിടെനിന്നു പുറപ്പെടുമ്പോൾ അവർക്കു സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടികൂടി തട്ടിക്കളയുവിൻ" (മർക്കോ. 6:10-11). മനുഷ്യസമ്പർക്കവും അനുതാപചൈതന്യവുമാണ് കുടുംബത്തെ കൂട്ടായ്മയാക്കുന്നത്. കുടുംബത്തിലുള്ളവരുമായും അയൽപക്കങ്ങളുമായും നല്ല ബന്ധം പുലർത്താൻ കുടുംബാംഗങ്ങൾക്കു കഴിയണം. വിദ്വേഷവും വെറുപ്പും കുടുംബത്തെ ശിഥിലമാക്കും. ദൈവവചനത്തെ നിരാകരിക്കാതെ അനുതാപപൂർവം വചനം സ്വീകരിച്ച് നിരന്തരം മാനസാന്തരപ്പെടുന്നവരാണ് കൂട്ടായ്മയുടെ പ്രേഷിതരാകുന്നത്.

### കൂട്ടായ്മയും പങ്കുവെക്കലും

ഒന്നാമത്തെ അപ്പംവർധിപ്പിക്കലിൽ അനേകം ആത്മീയപാഠങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെങ്കിലും കൂട്ടായ്മയുടെ പാഠമാണ് നാമവിടെ ശ്രദ്ധിക്കുന്നത് (മർക്കോ. 6:30-44). പ്രേഷിതപര്യടനത്തിനു ശേഷം ശിഷ്യർ തിരിച്ചെത്തി, ഗുരുവിനോട് തങ്ങളുടെ അനുഭവം പങ്കുവെച്ചു. യേശു ശിഷ്യരെയുംകൂട്ടി വിശ്രമിക്കുന്നതിന് വിജനസ്ഥലത്തേക്കു പോയി. എന്നാൽ ഇതു മനസിലാക്കിയ ജനാവലി യേശുവിനെയും ശിഷ്യരെയും പിന്തുടർന്ന് ആ സ്ഥലത്തെത്തിച്ചേർന്നു. "യേശുവിന് അവരോട് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെയായിരുന്നു" (മർക്കോ. 6:34). യേശു അവരെ പഠിപ്പിക്കുകയും സുഖപ്പെടുത്തുകയും ചെയ്തു. അനുകമ്പ അഥവാ കരുണ അപരന്റെ വേദനയിൽ പങ്കുചേരുന്നതാണ്; സ്വന്തം സുഖസൗകര്യങ്ങൾ മറന്ന് വേദനിക്കുന്ന മനുഷ്യരെ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കുന്നതാണ്. കുടുംബത്തിൽ കൂട്ടായ്മയുണ്ടാകണമെങ്കിൽ കാരുണ്യം പരിശീലിച്ചേ തീരൂ. ഭാര്യാഭർത്താക്കന്മാർ അന്യോന്യവും, മാതാപി


## വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| 2025 June | - 2,3,4 (Zion) | - Booking going on |
| | - 16,17,18 (Chry) | - Booking going on |
| | - 30,Jul 1,2 (Chry) | - Booking going on |
| 2025 July | - 14,15,16 (Chry) | - Booking going on |
| | - 28,29,30 (Chry) | - Booking going on |
| 2025 August | - 9,10,11 (Zion) | - Booking going on |
| | - 25,26,27 (Chry) | - Booking going on |

*അന്വേഷണങ്ങൾക്ക്*

ഫോൺ - **0481 2424476** സമയം - 11 am to 5 pm

## പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം

(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)

കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ

**ജൂൺ 8,9,10**

മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക


**ഫോൺ - 8086399023, 9495107045**

താക്കളും മക്കളും തമ്മിലും കരുണയുടെ ആർദ്രത പുലർത്തുന്ന കുടുംബം ഭൂമിയിലെ സ്വർഗമാണ്. ദൈവത്തിന്റെ സ്വഭാവമാണ് കരുണ. ദൈവവുമായുള്ള സജീവബന്ധത്തിലൂടെയേ കരുണയുടെ പ്രവർത്തനശൈലി പുലർത്താനാവൂ.

ശിഷ്യന്മാർ തങ്ങളുടെ ആകുലത ഗുരുവിനെ അറിയിച്ചു. 'ഇത് വിജനപ്രദേശമാണ്. നേരം വൈകിയിരിക്കുന്നു. ജനത്തെ ഇപ്പോൾ പറഞ്ഞുവിട്ടാലേ അവർക്ക് നാട്ടിൻപുറങ്ങളിൽ ചെന്ന് എന്തെങ്കിലും വാങ്ങി ഭക്ഷിക്കാനാവൂ' (മർക്കോ. 6:35-36). യേശുവിന്റെ മറുപടി: 'നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുക.' ശിഷ്യർ അമ്പരപ്പോടെ പ്രത്യുത്തരിച്ചു: 'ഇരുന്നൂറു ദനാറയ്ക്ക് ഞങ്ങൾ ഇവർക്കു ഭക്ഷണം വാങ്ങി കൊടുക്കണമെന്നാണോ നീ ഉദ്ദേശിക്കുന്നത്?' ശിഷ്യർക്ക് അത്രയും പണമൊന്നും സംഘടിപ്പിക്കാൻ സാധിക്കില്ല. അതുകൊണ്ട് അസാധ്യമായ കാര്യമാണ് യേശു പറയുന്നതെന്നാണ് അവർ സൂചിപ്പിച്ചത്.

യേശുവാകട്ടെ ഇല്ലായ്മയെ ഉള്ളായ്മയാക്കാൻ പോരുന്ന ഒരു പുതിയ കാഴ്ചപ്പാട് ശിഷ്യർക്കു നല്കുന്നു: 'നിങ്ങളുടെ പക്കലുള്ള അപ്പം എന്റെ പക്കൽ കൊണ്ടുവരിക.' ജനങ്ങളുടെ ഇടയിൽനിന്ന് അഞ്ച് അപ്പവും രണ്ടു മീനും അവർ സമാഹരിച്ചു. പങ്കുവെക്കാൻ തയാറായ നല്ല മനുഷ്യരാണ് ഇവ ശിഷ്യരെ ഏല്പിച്ചത്. യേശു അതെടുത്ത് വാഴ്ത്തി മുറിച്ച് ജനങ്ങൾക്കു വിളമ്പാൻ ശിഷ്യരെ ഏല്പിച്ചു. അപ്പോൾ തന്നെ അപ്പവും മീനും വർധിച്ചുകഴിഞ്ഞിരുന്നു. അവർ പന്തികളായി ഇരുന്നപ്പോൾ അവിടെയുണ്ടായിരുന്ന അനേകം പേർ തങ്ങളുടെ കൈയിലുണ്ടായിരുന്ന വിഭവങ്ങൾ പങ്കുവെച്ചു. യേശുവിന്റെ വാഴ്ത്തലിലൂടെയും ജനങ്ങളുടെ പങ്കുവെക്കലിലൂടെയും ഭക്ഷണസാധനം അദ്ഭുതകരമായി പെരുകി. എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ബാക്കിവന്ന അപ്പക്കഷണങ്ങളും മീനും പന്ത്രണ്ടു കുട്ട നിറയെ ശേഖരിച്ചു. അയ്യായിരത്തിലേറെ വരുന്ന ജനാവലി സംതൃപ്തരായി ആനന്ദനൃത്തമാടി.

സ്നേഹമുള്ളിടത്ത് പങ്കുവെക്കലുണ്ട്. പങ്കുവെക്കൽ പുലരുന്നിടത്ത് ഒന്നിനും കുറവുണ്ടാകുകയില്ല. ധനം, ഭക്ഷണവിഭവങ്ങൾ, ഭൗതികസൗകര്യങ്ങൾ, അറിവ്,



സമയം, കഴിവുകൾ മുതലായവയെല്ലാം പങ്കുവെക്കുമ്പോഴാണ് യഥാർഥ കൂട്ടായ്മ രൂപപ്പെടുന്നത്. കുടുംബത്തിനുള്ളിലും കുടുംബങ്ങൾ തമ്മിലും പങ്കുവെക്കലിന്റെ സംസ്കാരം വളർത്തിയെടുക്കാൻ ശ്രമിച്ചേ മതിയാവൂ. അഭ്യസ്തവിദ്യരുടെയിടയിൽ പോലും ആത്മഹത്യകൾ പെരുകുന്നതിന് ഒരു പ്രധാന കാരണം കൂട്ടായ്മ തകരുന്നതാണ്. പരസ്പരം ഹൃദയം തുറന്നു സംസാരിക്കാൻ, ആശ്വസിപ്പിക്കാൻ, ശ്രവിക്കാൻ, പിന്തുണയ്ക്കാൻ, സ്വാർഥതയില്ലാതെ ശുശ്രൂഷിക്കാൻ, കരുതാൻ, ശ്രദ്ധിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ദൈവകൃപയാണ് പങ്കുവെക്കൽ. കൂട്ടായ്മാചൈതന്യം വളർത്തിയെടുത്താലേ സങ്കടങ്ങളിൽനിന്നും സംഘർഷങ്ങളിൽനിന്നും കുടുംബത്തിനു മുക്തി ലഭിക്കൂ.

വൈക്കം മുഹമ്മദ് ബഷീറിന്റെ 'പാത്തുമ്മയുടെ ആട്' ഒരു തമാശക്കഥയാണെങ്കിലും, അതിൽ കൂട്ടായ്മയുടെ സന്ദേശം ഒളിഞ്ഞിരിപ്പുണ്ട്. ബഷീർ തന്റെ വീട്ടിൽ താമസിക്കുന്നവരെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്: "മനുഷ്യരുടേതായ നാലരക്കു

ടുംബങ്ങൾ എന്റെ വീട്ടിൽ താമസിക്കുന്നു. അഞ്ചു പുരുഷന്മാർ, അഞ്ചു സ്ത്രീകൾ, എട്ടു കുട്ടികൾ എന്നിങ്ങനെ പതിനെട്ടു മനുഷ്യർ. പിന്നെ മറ്റു ജീവികൾ: പൂച്ചകൾ, എലികൾ, കോഴികൾ..." മനുഷ്യരും ജീവികളും സന്തോഷത്തോടെ ഒന്നിച്ചു കഴിയുന്നതാണ് കൂട്ടായ്മ എന്നു കഥാകൃത്ത് സ്ഥാപിക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ അംഗങ്ങളില്ലാത്തതിനാൽ നിശബ്ദതയും നിശൂന്യതയുമുണ്ട്. അവിടെ കൂട്ടായ്മയുണ്ടെന്നു പറയാനാവില്ല. പാത്തുമ്മയുടെ ആട് പ്രസവിച്ചപ്പോൾ രണ്ടു മുറികളുള്ള ഓലപ്പുരയിൽ താമസിക്കുന്ന നാലരക്കുടുബത്തിലെ പതിനെട്ടു ജനങ്ങളും പാലുകുടി മഹോത്സവം കൊണ്ടാടിയത് ഹാസ്യമർമജ്ഞതയോടെ ബഷീർ അവതരിപ്പിക്കുന്നുണ്ട്.

> സ്നേഹമുള്ളിടത്ത് പങ്കുവെക്കലുണ്ട്. പങ്കുവെക്കൽ പുലരുന്നിടത്ത് ഒന്നിനും കുറവുണ്ടാകുകയില്ല.

**കൂട്ടായ്മയും തിന്മയുടെ മേലുള്ള വിജയവും**

യേശു ജനക്കൂട്ടത്തെ പിരിച്ചുവിട്ടു. ശിഷ്യരോട് വഞ്ചിയിൽ കയറി മറുകരയിലുള്ള ബേത്സയ്ദായിലേക്കു പോകാൻ ആവശ്യപ്പെട്ടു. യേശുവാകട്ടെ തനിയെ പ്രാർഥിക്കാൻ മലയിലേക്കു കയറിപ്പോയി. പ്രാർഥനയാണ് കുടുംബത്തെ കൂട്ടായ്മയുടെ ഭവനമാക്കുന്നത്. കുടുംബാംഗങ്ങൾ ഒരു മനസോടെ ഒന്നിച്ചിരുന്നു പ്രാർഥിക്കുമ്പോൾ കൂട്ടായ്മയുടെ ചൈതന്യം കുടുംബത്തിൽ പടരും.

ശിഷ്യർ പ്രതികൂലമായ കാറ്റിനോടു പടവെട്ടി കടൽക്ഷോഭത്തിൽ അകപ്പെട്ടിരിക്കുന്നുവെന്നു മനസിലാക്കിയ യേശു മലയിൽ നിന്നിറങ്ങി കടലിലൂടെ നടന്ന് ശിഷ്യർ സഞ്ചരിച്ചിരുന്ന വഞ്ചിയുടെ അടുത്തെത്തി

അടുക്കള

# സിങ്ക് വൃത്തിയാക്കാൻ

കാതറിൻ ഐപ്പ്

അടുക്കളയിലെ സിങ്കിന്റെ വൃത്തി പ്രധാനപ്പെട്ടതാണ്. ഇതു വൃത്തിയാക്കാൻ പലരും വിലകൂടിയ ഉല്പന്നങ്ങളാണ് ഉപയോഗിക്കുന്നത്. എന്നാൽ അധികം പണച്ചെലവില്ലാതെ സിങ്ക് വൃത്തിയാക്കാം. അതിനു വേണ്ടത് നാരങ്ങയും ബേക്കിംഗ് സോഡയുമാണ്. നാരങ്ങാനീരും ഒരു ടേബിൾ സ്പൂൺ ബേക്കിംഗ് സോഡയും കലർത്തി പേസ്റ്റ് രൂപത്തിൽ മിശ്രിതം തയാറാക്കി സിങ്കിൽ തേച്ചു പിടിപ്പിക്കുക. 10 മിനിറ്റ് കാത്തിരിക്കുക. അതിനു ശേഷം ചെറുചൂടുവെള്ളത്തിൽ കഴുകുക. പുത്തൻ സിങ്ക് റെഡി.

# ചക്ക സൂക്ഷിക്കാം

ചക്കയുടെ സീസണിൽ ചക്കയും കുരുവും സൂക്ഷിച്ചുവെച്ചാൽ പിന്നീട് അതുപയോഗിക്കാം. അതിന് അധികമുള്ള ചക്കയും കുരുവും സൂക്ഷിക്കേണ്ട വിധം ഇങ്ങനെയാണ്.

ചക്ക വേവിച്ചതിനു ശേഷം ചക്കയും കുരുവും മഞ്ഞൾപ്പൊടിയും ഉപ്പും ചേർത്ത് വായു കടക്കാത്ത ഭരണിയിൽ സൂക്ഷിച്ചുവെക്കുക. രണ്ടുമൂന്നുവർഷം വരെ ഇപ്രകാരം ചക്ക കേടുകൂടാതെ സൂക്ഷിക്കാം. പിന്നീട് കഴിക്കാൻ തയാറാക്കുമ്പോൾ, തലേന്നു വെള്ളത്തിലിട്ട് കുതിർത്തശേഷം അരപ്പ്, കടുക്, മറ്റു ചേരുവകകൾ എല്ലാം ചേർത്ത് സാധാരണപോലെ വേവിക്കാം. രുചി വ്യത്യാസം ഒട്ടും അനുഭവപ്പെടുകയേയില്ല.

മാതൃവിചാരം

ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ

# പരിശുദ്ധ അമ്മ നമ്മോടു പറയുന്നത്

ജീവിതത്തിൽ ഓശാന ഞായർ മാത്രമല്ല, ദുഃഖവെള്ളികളും ഉണ്ടാകുമെന്ന് തിരിച്ചറിഞ്ഞവളായിരുന്നു പരിശുദ്ധ അമ്മ. ഓശാനയുടെ ജയ്‌വിളിയും ദുഃഖവെള്ളിയുടെ കൊലവിളിയും ഒരുപോലെ കേട്ടവളാണ് അവൾ. ജീവിതത്തിൽ ഉയർച്ചയും താഴ്ചയുമുണ്ടാകും. അവ രണ്ടും മാറിമാറിവരുമെന്ന് അമ്മയ്ക്കറിയാമായിരുന്നു. അത്തരം സാഹചര്യങ്ങളിലൂടെ കടന്നുപോയപ്പോൾ പക്ഷേ അമ്മയുടെ മനസ് പതറിയില്ല. നമ്മിൽ ചിലർ അങ്ങനെയല്ല. 10 ക്വിന്റൽ കപ്പ പറിക്കാൻ കിട്ടുമ്പോഴും, പണ്ടു കിട്ടാതെ പോയ കപ്പത്തണ്ടിനെക്കുറിച്ചോർത്ത് കരയും. ജീവിതം ഒരു ആൽബം പോലെയാണ്. ഒന്ന് സങ്കടങ്ങളുടെയും മറ്റൊന്ന് സന്തോഷങ്ങളുടെയും. ഈ രണ്ട് ആൽബങ്ങളിലും നാം മാറിമാറി നോക്കണം. സന്തോഷങ്ങളുടെ ആൽബം എന്താണ്...? കുഞ്ഞിന്റെ മാമോദീസാ, ബെർത്ത് ഡേ, വീടുകൂദാശ, വിവാഹം, അവാർഡ്... ദുഃഖത്തിന്റെ ആൽബത്തിലോ? അപ്പനമ്മമാരുടെ മൃതദേഹസംസ്കാരം, വാഹനാപകടത്തിൽ കൈയും കാലും ഒടിഞ്ഞത്. ചിലരുണ്ട്, ദുഃഖത്തിന്റെ ആൽബം നോക്കി എപ്പോഴും കരഞ്ഞുകൊണ്ടിരിക്കും. സന്തോഷത്തിന്റെ ആൽബം നോക്കുകയില്ല. പക്ഷേ മാതാവ് നമ്മോടു പറയുന്നത്, ഈ രണ്ട് ആൽബങ്ങളും ഇടയ്ക്കിടെ മറിച്ചുനോക്കണമെന്നാണ്. നമ്മുടെ ജീവിതത്തിലും ഉയർച്ചകളും താഴ്ചകളും ഉണ്ടാകും. അപ്പോൾ തളരാതിരിക്കണമെങ്കിൽ പരിശുദ്ധ അമ്മയുടെ ഈ മാതൃകയാണ് നാം പുലർത്തേണ്ടത്.

കടന്നുപോകാൻ ഭാവിച്ചു. ശിഷ്യർ ഭയപ്പെട്ടപ്പോൾ യേശു തന്നെത്തന്നെ വെളിപ്പെടുത്തി: "ധൈര്യമായിരിക്കുവിൻ. ഭയപ്പെടേണ്ടാ, ഞാനാണ്" (മർക്കോ. 6:50). യേശു വഞ്ചിയിൽ കയറി; അപ്പോൾ കാറ്റ് ശമിച്ചു. യഹൂദരുടെ കാഴ്ചപ്പാടിൽ 'കടൽ' തിന്മയുടെ പ്രതീകമാണ്. യേശു കടലിന്റെ മീതെ നടന്നതിലൂടെ, താൻ തിന്മയുടെ ശക്തിയെ കീഴടക്കിയിരിക്കുന്നുവെന്നാണ് വെളിപ്പെടുത്തിയത്. തിന്മയെ ആത്യന്തികമായി പരാജയപ്പെടുത്തിയ യേശു കുടുംബത്തിൽ വസിക്കുന്നതിനാൽ എല്ലാ പ്രതിസന്ധികളെയും നേരിടാൻ കുടുംബാംഗങ്ങൾക്കു കഴിയും. 'ഭയപ്പെടേണ്ടാ, ഞാനാണ്' എന്ന സ്വരം കുടുംബാംഗങ്ങൾ നിരന്തരം ശ്രവിക്കണം. അങ്ങനെയെങ്കിൽ കൂട്ടായ്മയെ ഹനിക്കാൻ ഒരു ശക്തിക്കും സാധിക്കുകയില്ല.

'ശിഷ്യർ ആശ്ചര്യഭരിതരായി. കാരണം അപ്പത്തെക്കുറിച്ച് അവർ ഗ്രഹിച്ചിരുന്നില്ല' (മർക്കോ. 6:51). അപ്പത്തിന്റെ രഹസ്യം ശിഷ്യർ മനസിലാക്കിയില്ല എന്നാണ് സുവിശേഷകൻ സൂചിപ്പിക്കുന്നത്. എന്താണ് അപ്പത്തിന്റെ രഹസ്യം? അത് കൂട്ടായ്മയുടെ ജീവിതശൈലിയല്ലാതെ മറ്റൊന്നല്ല.

കൂട്ടായ്മയിൽ വളരുന്ന മക്കൾ സമൂഹത്തിൽ ശുശ്രൂഷയുടെ ദീപനാളങ്ങളായി പരിലസിക്കും. കൂട്ടായ്മയുടെ ഹൃദയം സ്നേഹമാണ്; പങ്കുവെക്കുന്ന സ്നേഹം. ഈ സ്നേഹത്തിൽ പരിശീലനം നേടുന്ന മക്കൾ ഭാവിയിൽ അനേകർക്കു നിസ്വാർഥമായി ശുശ്രൂഷ ചെയ്യുന്നതിൽ താത്പര്യം കാണിക്കും.

യേശുവും ശിഷ്യരും കടൽ കടന്ന് ഗനേസറത്ത് എന്ന ഗ്രാമത്തിലെത്തി. അവിടെയുള്ള ആളുകൾ രോഗികളെയും പീഡിതരെയും യേശുവിന്റെ പക്കൽ കൊണ്ടുവന്നു. യേശു എല്ലാവർക്കും സൗഖ്യം നല്കി. യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കാൻ രോഗികൾ തിടുക്കം കൂട്ടി. സ്പർശിച്ചവരെല്ലാം സൗഖ്യവും ശാന്തിയും പ്രാപിച്ചു. കൂട്ടായ്മയുടെ ചൈതന്യത്തിൽ വളരുന്നവർ മറ്റുള്ളവർക്കു സൗഖ്യം കൊടുക്കുന്ന സമാധാനത്തിന്റെ വക്താക്കളായിത്തീരും. (തുടരും)

EXIT · പുറം വാതിൽ

ജെ. മണക്കുന്നേൽ

# ഒരു നാടൻ വേടൻ

**രാവിലെ ഒരു ഇറക്കം! സ്കൂളിലെന്നും ഉറക്കം! വീടെത്തിയാൽ മൊബൈൽ നോക്കി ഇരുത്തം! അന്തിവരെ ക്ലിപ്പുകൾ കണ്ടു കിടത്തം! അന്തിയായാൽ കൂട്ടുകൂടി കറക്കം! ഇതാണവന്റെ ദിനചര്യ.**

വേടനാണല്ലോ ഇപ്പോൾ താരം! കരയാണോ കടലാണോ പെറ്റതെന്ന കൺഫ്യൂഷനിലാണ് ഇപ്പോൾ മലയാളമാലോകർ! പാട്ടിനു റാപ്പിന്റെ വേറിട്ടൊരു ഭാവം നല്കിയതാണ് വേടന്റെ നേട്ടം! വേടനെ അറിയാമോ അറിയില്ലയോ എന്ന ചോദ്യംകൊണ്ട് നവമാധ്യമങ്ങളൊക്കെ നിറഞ്ഞ നിലവിളികൾ ഉയർത്തുമ്പോഴാണ്, മറ്റൊരു വേടന്റെ അപ്പനമ്മമാർ കരഞ്ഞുകൂവി എത്തിയത്. ഒറിജിനൽ വേടന് 'റീച്ച്' കൂടുതലെങ്കിൽ ഈ വേടന് 'മൂച്ച്' കൂടുതലാണ്! അത്യാധുനിക സംവിധാനങ്ങളുടെ അകമ്പടിയോടെ കോപ്പിയടി നടത്തിയതിനാൽ മാത്രം പത്താംതരം എത്തിക്കുത്തി പാസായവനാണിവൻ. ഹയർ സെക്കൻഡറി ഒന്നാംതരത്തിൽ 'ഒന്നാംതരമായി' പൊട്ടിയിട്ട് രണ്ടാംതരത്തിൽ എത്തിനില്ക്കുകയാണിപ്പോൾ. രണ്ടു പെൺകുട്ടികൾക്കു ശേഷം അപ്പനും അമ്മയും ഉരുണ്ടും ഉരുളി കമിഴ്ത്തിയും ഉറികെട്ടിയും ഉറക്കമില്ലാതെ പ്രാർഥിച്ചും ഉച്ചക്കഞ്ഞി ത്യജിച്ചും ആറ്റുനോറ്റുണ്ടായൊരു ഉണ്ണിയാണീ 'മണ്ണുണ്ണി!' പെട്ടിഓട്ടോ ഓടിച്ച് നട്ടെല്ലൊടിഞ്ഞു വീട്ടുകാരെ പോറ്റുന്ന അപ്പനെന്തുപറഞ്ഞാലും പുത്രൻ പറയും, ഒരു 'തന്ത വൈബ്'! തുന്നൽപണി ചെയ്തു മക്കളുടെ ഭാവി തുന്നിക്കൂട്ടാൻ നന്നേ പാടുപെടുന്ന തള്ളയൊന്നു മിണ്ടിയാൽ മൊഴിയും, ഇത് 'തള്ള വൈബ്'! രാവിലെ ഒരു ഇറക്കം, സ്കൂളിലെന്നും ഉറക്കം! വീടെത്തിയാൽ മൊബൈൽ നോക്കി ഇരുത്തം! അന്തിവരെ ക്ലിപ്പുകൾ കണ്ടു 'കിടത്തം!' അന്തിയായാൽ കൂട്ടുകൂടി കറക്കം! അർധരാത്രിയിൽ മടക്കം! ആരെന്തു പറഞ്ഞാലും ആകെ ആ മുഖത്തു വിടരുന്ന ഭാവം പുച്ഛം!! ചൊല്ലിക്കൊടുത്തിട്ടും നുള്ളിപ്പറിച്ചിട്ടും തല്ലിക്കൊടുത്തിട്ടും നന്നാകാൻ എന്നെ കിട്ടില്ല എന്ന ശാഠ്യം!! വേടന്റെ റാപ്പാണിപ്പോൾ അവന്റെ ആപ്പത്രേ! വഴക്കുപറഞ്ഞാലുടനെ 'അഭിനവ വേടൻ' പാടും:

"തള്ളയെന്തിനാണെന്നെ പെറ്റത്?
തന്തയെന്തിനാ എന്നെ പോറ്റീത്?
വീട്ടിലുള്ള എല്ലാരും ചെറ്റകൾ.
നാട്ടുകാരേ ഇതെൻ കുറ്റമോ?

ഇപ്പോൾ സ്ഥിരം ഇതാണു പാടിനടക്കുന്നത്. ചോദിക്കുന്ന പണം കൊടുത്തില്ലെങ്കിൽ നാട്ടുകാരുടെ മുമ്പിൽ നാക്കിനെല്ലില്ലാത്ത ഭാഷ പ്രയോഗിച്ച് നാണംകെടുത്തുമത്രേ! എവിടെ പണമൊളിപ്പിച്ചാലും അടിച്ചെടുക്കുകയോ പിടിച്ചുപറിക്കുകയോ ചെയ്യുമത്രേ!

"ആരെങ്കിലും കണ്ണുവെച്ചതോ കൈവിഷം കൊടുത്തതോ കൂടോത്രം ചെയ്തതോ ആണോ അച്ചാ...? ചരടോ ചാരമോ തകിടോ ഏലസോ എന്തെങ്കിലുമൊന്നു തന്നു സഹായിക്കണമച്ചാ!! നിസഹായതയോടെ നിലവിളിക്കുന്ന ആ ഹൈന്ദവ സഹോദരങ്ങളുടെ മുമ്പിൽ ഞാൻ അല്പനേരം നിശബ്ദനായിരുന്നു. ലക്ഷണം കേട്ടിട്ട് ഇതൊരു 'വശപ്പിശകു' തന്നെ. ഒടുവിൽ ഞാൻ ചോദിച്ചു: 'കഞ്ചാവു വല്ലതുമാണോ?' അങ്ങനെയൊന്നുമില്ലെന്നു വിശ്വസിക്കാൻ ഇഷ്ടപ്പെട്ടിരുന്ന അവരോട്, അവനെ എങ്ങനെയെങ്കിലും പിടിച്ചുകെട്ടി നല്ല ഒരു കൗൺസിലറെ കാട്ടാൻ ഉപദേശിച്ചു. ലഹരിക്ക് അടിമയെങ്കിൽ ചികിത്സ വേണമെന്നും, പരിതപിച്ചും പഴിച്ചുമിരിക്കാതെ അവനെ തിരുത്തിയെടുക്കാൻ ഇനിയൊട്ടും മടിച്ചിരിക്കരുതെന്നും ആവശ്യപ്പെട്ടു.

ഒന്നെന്നു കരുതി പുന്നാരമേറിയതും, കുഞ്ഞുപ്രായത്തിലേ നന്നായി തിരുത്താഞ്ഞതും, വേണ്ടതിലധികം വാങ്ങിക്കൊടുത്തതും, വേണ്ടാത്ത വാശിക്കു കീശ കാലിയാക്കി കാശുകൊടുത്തതുമൊക്കെ വാത്സല്യമല്ലായിരുന്നെന്നും വഷളാക്കലായിരുന്നെന്നും അവർക്കു തിരിച്ചറിവു നല്കി. പ്രാർഥനയോടെ ആശ്വസിപ്പിച്ചു പറഞ്ഞുവിടവേ വേടന്റെ പാട്ടിന്റെ മറ്റൊരു 'വേർഷൻ' ഞാൻ മൂളി: "ഈ തന്തതള്ളമാർക്കെന്താ പറ്റ്യത്?..."

"മകനെ ശിക്ഷകൂടാതെ വളർത്തുന്നവൻ അവനെ വെറുക്കുന്നു. സ്നേഹമുള്ള പിതാവ് അവനു ശിക്ഷണം നല്കുന്നു" (സുഭാ. 13:24).

മക്കൾ ദൈവദാനങ്ങളാണ്. പണ്ടുള്ളവർ പറയുമായിരുന്നു, അഞ്ചുവയസുവരെ മകനെ രാജാവിനെപ്പോലെ പോറ്റണം. പിന്നെ 15 വയസുവരെ അടിമയെപ്പോലെ അടിച്ചു വളർത്തണം എങ്കിലേ 15 കഴിഞ്ഞവനെ മന്ത്രിയെ എന്നപോലെ തന്റെ ആലോചനക്കാരൻ ആക്കാനാകൂ... ശിശുവിനു നല്കുന്ന ശിക്ഷണം ശിക്ഷയല്ല, രക്ഷയാണെന്നത് മറക്കാതിരിക്കാം.

"മെരുക്കാത്ത കുതിര ദുഃശാഠ്യം കാണിക്കും; ശിക്ഷണം കിട്ടാത്ത പുത്രൻ തന്നിഷ്ടക്കാരനാകും" (പ്രഭാ. 30:8). ○

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu